കൊവിഡ് 19 മുതൽ കൊവിഡ് 19 വരെ: നമ്മളൊന്നിച്ചു വിജയിക്കും

പേജ് 4-15

വാല്യം 1, ലക്കം 22

# ന്യൂ ഇന്ത്യ സമാചാർ

മേയ് 16-31, 2021

സൗജന്യ വിതരണത്തിന്




## നവഭാരതത്തിന്റെ ഉദയം

### വേഗത്തിലുള്ള വികസനത്തിലൂടെ നവഭാരതത്തെ രൂപപ്പെടുത്തുന്നു

# മരുന്നിനും നിയന്ത്രണങ്ങൾക്കു മൊപ്പം നമുക്ക് നല്ല കരുതലും വേണം



സമൂഹത്തെ സേവിക്കുന്ന ആളുകളുടെ കഥ പറയുന്ന പ്രധാനമന്ത്രിയുടെ മൻ കി ബാത് എപ്പോഴും ജനങ്ങൾക്ക് പ്രചോദന മാണ്. കൊറോണയുടെ രണ്ടാം തരംഗത്തെ പിടിച്ചുകെട്ടുന്നതു സംബന്ധിച്ചു ഫാർമ പ്രൊഫഷണലുകൾ,വാക്സിൻ നിർമ്മാതാക്കൾ,ഓക്സിജൻ ഉൽപ്പാദനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ,ആരോഗ്യ വിദഗ്ദർ തുടങ്ങി നിരവധി മേഖലകളിൽ വൈദഗ്ദ്യമുള്ളവരുമായി പ്രധാനമന്ത്രി ദീർഘമായ ചർച്ചകൾ നടത്തി. പ്രസക്തഭാഗങ്ങൾ ഇവിടെ വായിക്കാം:

**Q** **പിഎം:** ഡോ:ശശാങ്ക്, നിങ്ങൾ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിൽ വ്യാപൃതനാണല്ലോ. രണ്ടാം തരംഗത്തെപ്പറ്റി നിങ്ങൾ ജനങ്ങളോട് സംസാരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്തൊക്കെ മുൻകരുതലുകളെടുക്കണം,വൈദ്യശാസ്ത്രപരമായി എന്തു വ്യത്യാസമാണുള്ളത ്?

**A** **ഡോക്ടർ ശശാങ്ക്:** ഒന്നാം തരംഗത്തിൽ നിന്നും വ്യത്യസ്തമായി വളരെ വേഗതയിലാണ് രണ്ടാം തരംഗത്തിൽ വൈറസിന്റെ സഞ്ചാരം.80-90 ശതമാനം ആളുകൾക്കും യാതൊരുവിധ രോഗലക്ഷണങ്ങളുമില്ല.ഇതിൽ പേടിക്കാനൊന്നുമില്ല.നമ്മളിതിനെയും മറികടക്കും.കൊവിഡിനു 14 മുതൽ 21 ദിവസംവരെയുള്ള സമയപട്ടികയാണുള്ളത്, ഡോക്ടറുടെ നിർദ്ദേശമനുസരിച്ചു പ്രവർത്തിക്കുക

**Q** **പിഎം:** ഡോക്ടർ നവീദ്, പരിഭ്രാന്തി എങ്ങനെ കൈകാര്യം ചെയ്യും എന്നതാണ് ചോദ്യം. നിങ്ങളുടെ അനുഭവപരിചയത്തിൽ നിന്നുള്ള ഉത്തരമെന്താണ്?

**A** **ഡോക്ടർ നവീദ്:** മാസ്ക് ധരിക്കുക,കൈകൾ സാനിറ്റൈസർ ഉപയോഗിച്ചു വൃത്തിയാക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ നമ്മൾ കർശനമായി പാലിക്കണം. സാമൂഹ്യ അകലം പാലിക്കുകയും സമൂഹകൂട്ടായ്മകൾ ഒഴിവാക്കുകയും ചെയ്തുകൊണ്ട് ദിനചര്യകൾ ചെയ്യണം.

**Q** **പിഎം:** നേഴ്സുമാർ എന്ന നിലയിൽ കൊറോണ രോഗികളുമായി അടുത്തിടപഴകുന്നവരാണ് നിങ്ങൾ.അത്തരത്തിലുള്ള നിങ്ങളുടെ അനുഭവങ്ങളെക്കുറിച്ചറിയാൻ ജനങ്ങൾക്ക് താൽപര്യമുണ്ട്.

**A** **ഭാവന:** 14 ദിവസത്തെ ജോലിക്കുശേഷം ഞങ്ങൾക്ക് വിശ്രമമനുവദിക്കും.2 മാസത്തിനുശേഷം ഞങ്ങളുടെ കൊവിഡ് ജോലി ആവർത്തിക്കും. കൊറോണയെന്ന പേര് കേൾക്കുമ്പോഴേ എല്ലാ രോഗികളും പരിഭ്രാന്തരാകും. അവരുടെ ഭയം ഇല്ലാതാക്കാനായി ഞങ്ങൾ ആരോഗ്യകരമായ അന്തരീക്ഷം അവർക്കു നൽകും.

**Q** **പിഎം:** ദൈവത്തെപ്പോലെയാണ് ആംബുലൻസ് ഡ്രൈവർമാരും പ്രവർത്തിക്കുന്നത്! ആംബുലൻസ് ഡ്രൈവറായ പ്രേം വർമ്മ ജി നിങ്ങളുടെ അനുഭവങ്ങൾ ഞങ്ങളോട് പറഞ്ഞാലും.

**A** **പ്രേം:** കയ്യുറയും മാസ്കും ഉൾപ്പെടെയുള്ള കിറ്റ് ധരിച്ചാണ് ഞങ്ങൾ രോഗികളുടെ അടുത്തുപോകുന്നതും അവരെ ആശുപത്രിയിലെത്തിക്കുന്നതും.ഞാൻ ഈ ജോലി ഉപേക്ഷിക്കണമെന്നാണ് എന്റെ അമ്മ പറയുന്നത്. ഞാനപ്പോൾ അമ്മയോട് ചോദിച്ചു, അമ്മേ, ഞാൻ ഇത് ചെയ്തില്ലെങ്കിൽ പിന്നെ ആരാണ് ഈ രോഗികളെ ആശുപത്രിയിലെത്തിക്കുകയെന്ന്?

**Q** **പിഎം:** ഗുരുഗ്രാം നിവാസിയായ പ്രീതി ചതുർവേദി ഈയിടെ കൊറോണയെ തോൽപ്പിച്ച വ്യക്തിയാണ്. നിങ്ങൾ കടന്നുപോയ സാഹചര്യങ്ങളെപ്പറ്റി പറയൂ?

**A** **പ്രീതി:** പോസിറ്റീവാണെന്ന് പരിശോധനയിൽ തിരിച്ചറിഞ്ഞ ഉടൻ തന്നെ ഞാൻ സ്വയം ക്വാറന്റൈനിൽ പോവുകയും ഡോക്ടറുടെ നിർദ്ദേശം തേടുകയും ചെയ്തു. ഡോക്ടർ തന്ന മരുന്നുകൾക്കൊപ്പം ഞാൻ യോഗയും ചെയ്തു. കാധവെള്ളവും കഷായവും കുടിച്ചു.ധാരാളം വെള്ളം കുടിച്ചു, ഉപ്പുവെള്ളം കൊണ്ട് തൊണ്ട വൃത്തിയാക്കി,ചൂടുവെള്ളം ധാരാളമായി കുടിച്ചു.യോഗ ചെയ്യുന്നത് ഞാൻ നിർത്തിയതേയില്ല.

*** വാക്സിനെടുക്കണമെന്ന് ഞാൻ ഒരിക്കൽകൂടി നിങ്ങളോടെല്ലാവരോടും ആവശ്യപ്പെടുകയാണ്. നല്ല കരുതലോടെയിരിക്കുക. 'മരുന്നും വേണം, നിയന്ത്രണങ്ങളും വേണം'!**

മൻ കി ബാത്തിനായി ക്യു ആർ കോഡ് സ്കാൻ ചെയ്യുക

# ന്യൂ ഇന്ത്യ സമാചാർ

വാല്യം 1, ലക്കം 22 മെയ് 16-31, 2021


## ഉള്ളടക്കം


| | | |
|---|---|---|
| 1 | മുഖപ്രസംഗം | പേജ്. 02 |
| 2 | എഴുത്തുപെട്ടി | പേജ്. 03 |
| 3 | കൊവിഡ് 19 മുതൽ കൊവിഡ് 19 വരെ | പേജ്. 04-15 |
| 4 | നവഭാരതം | പേജ്. 16-19 |
| 5 | സാങ്കേതികവിദ്യയിലൂടെയുള്ള മാറ്റം | പേജ്. 20-29 |
| 6 | ഭാരതത്തിന്റെ ബഹിരാകാശ ദൗത്യത്തിന് ഊർജ്ജമേകി | പേജ്. 30 |
| 7 | 34 വർഷത്തിനുശേഷം പുതിയ ദേശീയ വിദ്യാഭ്യാസനയം | പേജ്. 31 |
| 8 | ഡിജിറ്റൽ ടെക്നോളജി | പേജ്. 32-33 |
| 9 | പരിഷ്ക്കരണം എല്ലാവർക്കും. | പേജ്. 34-35 |
| 10 | വളരുന്ന സമ്പദ്വ്യവസ്ഥ | പേജ്. 36-38 |
| 11 | ക്യാബിനറ്റ് തീരുമാനം | പേജ്. 39 |
| 12 | പ്രതിരോധ കരസ്ഥമാക്കൽ നയം | പേജ്. 40-41 |
| 13 | വിദേശനയം: 'അയൽക്കാർ ആദ്യം' | പേജ്. 42-43 |
| 14 | നവഭാരതത്തിന്റെ ഉണർവ്വ് | പേജ്. 44-46 |
| 15 | ഒരു രാജ്യം,ഒരു സേവനം | പേജ്. 47 |
| 16 | വാഴ്ത്തപ്പെടാത്ത നായകർ | പേജ്. 48-49 |
| 17 | ആസാദി ക അമൃത് മഹോത്സവ് | പേജ്. 50-51 |
| 18 | വ്യക്തിത്വം | പേജ്. 52 |



**എഡിറ്റർ**
ജയ്ദീപ് ഭട്നാഗർ
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ,
പിഐബി, ന്യൂഡൽഹി

**കൺസൾട്ടിങ് എഡിറ്റർമാർ**
വിനോദ് കുമാർ
സന്തോഷ് കുമാർ

**ഡിസൈനർ**
രവീന്ദ്ര കുമാർ ശർമ

**അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്**
സത്യേന്ദ്ര പ്രകാശ്
പ്രിൻസിപ്പൽ ഡയറക്ടർ ജനറൽ
ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ്
കമ്യൂണിക്കേഷനുവേണ്ടി

**Printed at**
Infinity Advertising services Pvt.Ltd.
FBD-One Corporate Park, 10th floor,
New Delhi-Faridabad border, NH-1,
Faridabad-121003

**പ്രസിദ്ധീകരിക്കുന്നത്**
ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ്
കമ്യൂണിക്കേഷൻ, രണ്ടാം നില,
സൂച്നാ ഭവൻ,
ന്യൂഡൽഹി 110003

ന്യൂ ഇന്ത്യ സമാചാർ

ആർഎൻഐ നമ്പർ: DELMAL/2020/78826

response-nis@pib.gov.in

# മുഖപ്രസംഗം

സാദരം നമസ്കാരം,

കൊറോണ നമ്മുടെ ക്ഷമയും സഹനശേഷിയും പരീക്ഷിക്കുകയാണ്.ആഗോളവ്യാധിയുടെ ഒന്നാം ഘട്ടത്തെ ഒറ്റക്കെട്ടായി നേരിട്ട രാജ്യം ലോകത്തിനുമുന്നിൽ മികച്ച ഉദാഹരണം കാട്ടിക്കൊടുത്തു. പക്ഷേ രണ്ടാം ഘട്ടത്തിൽ, കൊവിഡ് പ്രോട്ടോക്കോൾ പാലിക്കുന്നതിലുണ്ടായ ചെറിയ വീഴ്ച്ച പൊതുജീവിതത്തെ സാരമായി ബാധിച്ചു.അതിന്റെ ആഘാതം ഓക്സിജനിലും മരുന്നുകളിലുമുണ്ടായി.സാങ്കേതിക വിദ്യയും വിഭവങ്ങളും വളരെ മികച്ച രീതിയിൽ ഉപയോഗിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ നമ്മുടെ രാജ്യത്തിന്റെ ഭരണനേതൃത്വം സാഹചര്യത്തെ നേരിട്ടു.

പ്രതിസന്ധി ഘട്ടങ്ങളിൽ രാജ്യം എപ്പോഴും ആശ്രയിക്കുന്ന സേനയെ രംഗത്തിറക്കി. ഓക്സിജൻ, മരുന്നുകൾ എന്നിവയുടെ വേഗത്തിലുള്ള വിതരണം, ആശുപത്രിയിൽ കട്ടിലുകൾ ഒരുക്കൽ തുടങ്ങിയ കാര്യങ്ങളിൽ സേനയുടെ ഇടപെടലുകളുണ്ടായി. ലോകത്തെ മറ്റു രാജ്യങ്ങളും ഭാരതത്തിനൊപ്പം നിന്നു. മുഴുവൻ ക്രമീകരണങ്ങളുടെയും നേതൃത്വം ഒരിക്കൽക്കൂടി പ്രധാനമന്ത്രി ഏറ്റെടുത്തു. ആരോഗ്യമേഖലയിൽ ആവശ്യമായ മുഴുവൻ സൗകര്യങ്ങളും വേഗത്തിലൊരുക്കുന്നതിനായി 28 ദിവസത്തിനുള്ളിൽ പതിനേഴിലധികം സുപ്രധാന കൂടിക്കാഴ്ച്ചകൾ പ്രധാനമന്ത്രി നടത്തുകയുണ്ടായി.അതേസമയം,ലോകത്തെ ഏറ്റവും വിശ്വസനീയമായ തദ്ദേശ നിർമ്മിത വാക്സിൻ യുവാക്കൾക്ക് നൽകാനായുള്ള സജ്ജീകരണങ്ങൾ ഒരുക്കി.കൊറോണയെ നേരിടാനുള്ള മുഴുവൻ സജ്ജീകരണങ്ങളും പ്രവർത്തന സജ്ജമായതിനൊപ്പം രോഗമുക്തി നിരക്കിലുണ്ടായ തുടർച്ചയായ വർദ്ധനവ് വലിയ ആശ്വാസവും സംതൃപ്തിയും നൽകുന്നു. ആരോഗ്യമേഖലയെ സുപ്രധാനമായി കണ്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങളാണ് ഇതിനുകാരണമായത്.

മുഴുവൻ സജ്ജീകരണങ്ങളും വേഗത്തിലൊരുക്കി സാഹചര്യത്തെ മികച്ച രീതിയിൽ നേരിട്ടൊരു ഭരണ നേതൃത്വം രാജ്യത്തുണ്ട്. അതുകൊണ്ടുതന്നെ പരിഭ്രാന്തിയുടെയോ ഭയത്തിന്റെയോ യാതൊരാവശ്യവുമില്ല.സർക്കാർ നടത്തിയ പ്രവർത്തനങ്ങളും നവഭാരതത്തിന്റെ യാത്രയും ഈ ലക്കത്തിൽ പ്രത്യേക ഭാഗമായി ചേർത്തിട്ടുണ്ട്.സാങ്കേതികവിദ്യ ഉപയോഗിച്ചു വെല്ലുവിളികളെ നേരിട്ടതെങ്ങിനെ എന്നറിയുമ്പോൾ നിങ്ങൾക്ക് ഭരണനേതൃത്വത്തിൽ കൂടുതൽ വിശ്വാസ്യതയും ആത്മവിശ്വാസവും ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊറോണയിൽ നിന്നും നാം പൂർണ്ണമായും മുക്തരാവുന്നതുവരെ, മാസ്ക് ധരിക്കുക,സാമൂഹിക അകലം പാലിക്കുക,വാക്സിൻ കുത്തിവയ്പ്പെടുക്കുക തുടങ്ങിയ പ്രതിരോധ നടപടികൾ നാമെടുക്കണം.

ഞങ്ങളെ പ്രതികരണങ്ങൾ അറിയിക്കുന്നത് തുടരുക

**വിലാസം** : **ബ്യൂറോ ഓഫ് ഔട്ട്റീച്ച് ആൻഡ് കമ്യൂണിക്കേഷൻ, രണ്ടാം നില,**
**സൂചന ഭവൻ, ന്യൂഡൽഹി, 110003**
**ഇമെയിൽ** : response-nis@pib.gov.in



**(ജയ്ദീപ് ഭട്നാഗർ)**




# എഴുത്തുപെട്ടി

രാജ്യത്തിന്റെ ഉജ്വലമായ ഭാവിക്കുള്ള മികച്ചൊരു ചുവടുവയ്പാണിത്.നാഷണൽ ടെസ്റ്റ് ഏജൻസി വളരെ അത്യാവശ്യമുള്ളൊരു കാര്യമാണ്.ദേശീയ വിദ്യാഭ്യാസ നയത്തിൽ വരുത്തിയ മാറ്റങ്ങൾ വളരെ നിർണ്ണായകമാണ്.രാജ്യത്തെ ജനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കാനും അതുവഴി രാജ്യത്തിന്റെ ഭാവി ശോഭനമാക്കാനും ഇത് സഹായിക്കും.മൂല്യനിർണ്ണയരീതികൾ ശരിയായരീതിയിലാണെങ്കിൽ മാത്രമേ പുതിയ വിദ്യാഭ്യാസ പരിപാടികൾ ഫലവത്താവുകയുള്ളു.വിദഗ്ദരായാലും രാജ്യത്തെ പൗരൻമാരായാലും ഇതുസംബന്ധിച്ചു വളരെ പോസിറ്റീവായ സമീപനം സ്വീകരിക്കണം.

**ഡോ.അനിൽ വർക്കാർ**
**warkar.anil@gmail.com**

ജനങ്ങൾക്ക് പ്രചോദനം നൽകുന്ന മനോഹരമായ വാർത്തകൾ നൽകുന്നതിനു ന്യൂ ഇന്ത്യ സമാചാറിനു അഭിനന്ദനങ്ങൾ.ഇതിനായി നടത്തുന്ന ഗവേഷണങ്ങൾ തികച്ചും അഭിനന്ദനാർഹമാണ്.സർക്കാറിന്റെ കാഴ്ച്ചപാടുകൾ ഏറ്റവും ചുരുക്കി ലളിതമായി പറഞ്ഞിരിക്കുന്നു.ശരിയായ വിവരങ്ങൾ ശേഖരിച്ചു രാജ്യത്തെ പൗരൻമാർക്കു നൽകുന്നതിന് നിങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി.

**മാൻസ്വി ഗാർഗ്**
**bhartigarg879@gmail.com**

വിശ്വസനീയമായ വാർത്തകൾ നൽകുന്നതിൽ അതിയായ സന്തോഷം.ന്യൂ ഇന്ത്യ സമാചാറിന് കൂടുതൽ നല്ല പരസ്യം നൽകണം. അതുവഴി വ്യാജവാർത്തകൾ പ്രക്ഷേപണം ചെയ്യുന്നവർക്ക് നല്ലമറുപടി നൽകണം.

**മമ്താ അഗർവാൾ**
**mamta.aggarwal4@gmail.com**

ന്യൂ ഇന്ത്യ സമാചാറിന്റെ പതിപ്പുകൾ ലഭിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. ഓഫ്ലൈൻ വായനയ്ക്കായും കോളേജ് ലൈബ്രറികളിൽ ഉപയോഗത്തിനുമായി ഡൗൺലോഡ് ചെയ്യാവുന്ന രൂപത്തിൽ പതിപ്പ് ലഭ്യമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

**മിസ്സ്: സംലാംഗ്വാംഗ്ലി**
**stxaviercollegejalukie@gmail.com**

വളരെ ഉപയോഗപ്രദമായൊരു മാസികയാണ് ന്യൂ ഇന്ത്യ സമാചാർ.ഡൗൺലോഡിംഗ് സംവിധാനം ഒരുക്കിതന്നാൽ പ്രിന്റെടുത്ത് മറ്റു കുടുംബാംഗങ്ങൾക്കും(യുപിഎസ്സി/എംപിഎസ്സി വിദ്യാർത്ഥികൾ) നൽകാമായിരുന്നു.

**അനന്ത പോറെ**
**ananta.pore@yashada.org**


## ഡിജിറ്റൽ കലണ്ടർ




**പദ്ധതികൾ, വിശേഷസംഭവങ്ങൾ,സർക്കാർ പ്രസിദ്ധീകരണങ്ങൾ എന്നിവ സംബന്ധിച്ച ഏറ്റവും പുതിയ വിവരങ്ങൾ കേന്ദ്രസർക്കാറിന്റെ ഡിജിറ്റൽ കലർ , ഡയറി എന്നിവയിൽ ലഭ്യമാണ്. ഔദ്യോഗിക അവധി ദിവസങ്ങൾ മറ്റു പ്രധാന ദിവസങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാണ്**

**ഗൂഗിൾ പ്ലെ സ്റ്റോറിൽ നിന്നും ആപ്പിൾ സ്റ്റോറിൽ നിന്നും ഇത് ഡൗൺലോഡ് ചെയ്യാം.**

**പ്ലെ സ്റ്റോർ ലിങ്ക്**
https://play.google.com/store/apps/details?id=in.gov.calendar

**ഐ ഒ എസ് ലിങ്ക്**
https://apps.apple.com/in/app/goi-calendar/id1546365594

**https://goicalendar.gov.in/**

# ഒത്തൊരുമിച്ച്
## നമുക്ക് വിജയിക്കാം.....

**കുടുംബത്തിന്റെയും സമൂഹത്തിന്റെയും എന്തിന് രാജ്യത്തിന്റെ തന്നെയും വിജയത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്ന് ആരോഗ്യ സംരക്ഷണമാണ്. കൊവിഡ് മഹാവ്യാധിയുടെ ഏറ്റവും രൂക്ഷമായ കാലത്തിലൂടെ ഭാരതം കടന്നുപോകുന്ന നിലവിലെ സമയത്ത് ഏറ്റവും സുപ്രധാനമാണ് ഈ വാക്കുകൾ. ഈ പ്രതിസന്ധിയെ നമുക്ക് ഒരുമിച്ച് പോരാടി തോൽപ്പിക്കാം.....**

### രണ്ടാംതരംഗത്തെ നേരിടാനുള്ള തയ്യാറെടുപ്പ്

രാജ്യത്തെ കൊവിഡ് കേസുകൾ ഏപ്രിലിലാണ് വീണ്ടും ഉയർന്നു തുടങ്ങിയത്. ഈ പ്രതിസന്ധിക്കാലത്ത് പ്രധാനമന്ത്രി നരേന്ദ്രമോദി ഒക്സിജൻ വിതരണക്കാർ, മരുന്ന് നിർമ്മാതാക്കൾ, വാക്സിൻ നിർമ്മാതാക്കൾ, മുഖ്യമന്ത്രിമാർ, ആരോഗ്യ വിദഗ്ധർ എന്നിവരടക്കമുള്ള വിവിധ ഗ്രൂപ്പുകളോട് ഇരുപതിലധികം തവണയാണ് ഏപ്രിലിൽ മാത്രം യോഗം വിളിച്ചു നിർദ്ദേശങ്ങൾ നൽകിയത്. ഏപ്രിലിലെ അവസാന പത്തു ദിവസം മാത്രം പത്തിലേറെ യോഗങ്ങൾ നടത്തി. റഷ്യ, ജപ്പാൻ, യുഎസ് തുടങ്ങിയ രാഷ്ട്രത്തലവന്മാരോട് പ്രധാനമന്ത്രി സംസാരിച്ചു. രണ്ടാംതരംഗത്തെ നേരിടാൻ കേന്ദ്രസർക്കാർ നടപ്പാക്കിയ തയ്യാറെടുപ്പുകൾ പരിശോധിക്കാം....



### മരുന്നുകൾ, ഓക്സിജൻ, വാക്സിനുകൾ എന്നിവയുടെ വിതരണം

- **ടെസ്റ്റ്, ട്രേസിംഗ്, ട്രീറ്റ്മെന്റ്:** ഏപ്രിൽ 4ന് നടന്ന കൊവിഡ് അവലോകന യോഗത്തിൽ ആരോഗ്യ സംവിധാനങ്ങളുടെ ശരിയായ ക്രമീകരണവും ടെസ്റ്റ്, ട്രേസിംഗ്, ട്രീറ്റ്മെന്റ് എന്നീ മന്ത്രങ്ങളിൽ അടിസ്ഥാനപ്പെടുത്തിയുള്ള കൊവിഡ് പ്രോട്ടോക്കോൾ പാലനവുമാണ് ശക്തമാക്കേണ്ടതെന്ന് പ്രധാനമന്ത്രി നിർദ്ദേശിച്ചു. ഭാവിയിലേക്കുള്ള ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവ കേന്ദ്രീകരിച്ച് പ്രവർത്തിക്കണമെന്നും പ്രധാനമന്ത്രി നിർദ്ദേശിച്ചു.
- **ആർടിപിസിആർ പരിശോധനകൾ ഉയർത്താൻ നിർദ്ദേശം:** എല്ലാ സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാരുമായി നടത്തിയ യോഗത്തിൽ ആർടിപിസിആർ പരിശോധനകൾ ഉയർത്തണമെന്ന നിർദ്ദേശമാണ് പ്രധാനമന്ത്രി മുന്നോട്ട് വെച്ചത്. ആകെ നടക്കുന്ന പരിശോധനകളുടെ 70 ശതമാനവും ആർടിപിസിആർ വേണം. ഏപ്രിൽ 11 മുൽ 14 വരെ ടീക്ക ഉത്സവം എന്ന പേരിൽ വാക്സിനേഷൻ പ്രക്രിയ നടത്താനും തീരുമാനിച്ചു.




# ഓാക്സിജൻ ഉൽപ്പാദനം

## വർദ്ധിപ്പിക്കാനുള്ള ക്രമീകരണങ്ങൾ ശക്തമാക്കി

രാജ്യത്തെ ഓക്സിജന്റെ ആവശ്യകത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓക്സിജൻ ഉൽപ്പാദനം വർദ്ധിപ്പിക്കാനാവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഓക്സിജന്റെ സമയാനുസൃതമായ വിതരണം ഉറപ്പാക്കുന്നതിനായി ടാങ്കർ ഡ്രൈവർമാരുടെ ജോലി സമയം ക്രമീകരിച്ചിട്ടുണ്ട്. മുടക്കമില്ലാതെ ടാങ്കറുകൾ വിവിധ സംസ്ഥാനങ്ങളിലേക്ക് ഇതുവഴി എത്തിക്കാനാവും. എല്ലാ സംസ്ഥാനങ്ങൾക്കുമുള്ള ഓക്സിജൻ ക്വാട്ട ഉയർത്തുകയും ദ്രവ മെഡിക്കൽ ഓക്സിജന്റെ വിതരണം ഉറപ്പാക്കുകയും ചെയ്തു. വർദ്ധിച്ച ആവശ്യകത പരിഹരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ നിന്ന് വരെ കേന്ദ്രസർക്കാർ ഓക്സിജനുകൾ ഇറക്കുമതി ചെയ്തു. നൈട്രജൻ ടാങ്കറുകളെ ഓക്സിജൻ ടാങ്കറുകളാക്കി മാറ്റാൻ സ്റ്റീൽ കമ്പനികൾക്ക് നിർദ്ദേശം നൽകി.

### വ്യവസായ ലോകം മുതൽ മറ്റു രാജ്യങ്ങൾ വരെ ഭാരതത്തിലേക്ക് പിന്തുണകളുടെ പ്രവാഹം

**551**

പിഎസ്എ (പ്രഷർ സ്വിങ് അഡോപ്ഷൻ) ഓക്സിജൻ ഉൽപ്പാദന പ്ലാന്റുകൾ പിഎം കെയർ ഫണ്ട് വഴി സ്ഥാപിച്ചു.

**33**

എണ്ണം ഇതിനകം തന്നെ പ്രവർത്തനം തുടങ്ങി. ബാക്കി പ്ലാന്റുകളും മേയ് മാസത്തോടെ ആരംഭിക്കും.

**5700**

മെട്രിക് ടൺ/പ്രതിദിന ദ്രവീകൃത മെഡിക്കൽ ഓക്സിജൻ ഉൽപ്പാദനം 2020 ആഗസ്ത് വരെ ഉറപ്പാക്കി.

- **7 ഏപ്രിൽ 2020:** 24 മണിക്കൂറിൽ ലൈസൻസ് നൽകി മെഡിക്കൽ ഓക്സിൻ ഉൽപ്പാദിപ്പിക്കുന്നതിന്
- **ഏപ്രിൽ – മെയ് 2020:** 1,02,400 സിലിണ്ടറുകൾ സംസ്ഥാനങ്ങൾക്ക് നൽകി
- **20 സെപ്തംബർ 2020:** ലിക്വിഡ് മെഡിക്കൽ ഓക്സിജൻ വില നിശ്ചയിച്ചു
- **5 ജനുവരി 2020:** 201 കോടി അനുവദിച്ചു 162 പിഎസ്എ പ്ലാന്റുകൾ സ്ഥാപിക്കാനായി
- **16 ഏപ്രിൽ 2021:** ആഗോള ടെണ്ടർ ക്ഷണിച്ചു 50,000 മെട്രിക് ടൺ എംടി ഓക്സിജൻ വിതരണത്തിന്
- **18 ഏപ്രിൽ 2021:** വ്യാവസായിക ഉപയോഗത്തിനുള്ള ഓക്സിജൻ നിരോധനം ------ ഓക്സിജൻ എക്സ്പ്രസ് പ്രഖ്യാപിച്ചു.
- **21 ഏപ്രിൽ 2021:** 1,27,000 ഓക്സിജൻ സിലിണ്ടറുകൾക്ക് ഓർഡർ നൽകി
- **25 ഏപ്രിൽ 2021:** എല്ലാ ജില്ലകളിലും ഓക്സിജൻ പ്ലാന്റുകൾ ആരംഭിക്കുന്നു.

**1,02,400**

ഓക്സിജൻ സിലിണ്ടറുകൾ സംസ്ഥാനങ്ങൾക്ക് കഴിഞ്ഞ വർഷം നൽകി. ഓക്സിജൻ വിതരണം തടസ്സമില്ലാതെ നടക്കുന്നതിനായി 1,27,000 സിലിണ്ടറുകൾ കൂടി അധികമായി നൽകി.

**9250**

മെട്രിക് ടൺ/ പ്രതിദിന ഓക്സിജൻ ഉൽപ്പാദനം ഏപ്രിൽ 21 മുതൽ നടക്കുന്നു.

**1,00,000**

പോർട്ടബിൾ ഓക്സിജൻ കോൺസൻട്രേറ്റർ വാങ്ങാൻ പിഎം കെയർ ഫണ്ടിൽ നിന്ന് അനുമതി

**500**

പിഎസ്എ ഓക്സിജൻ പ്ലാന്റുകൾ അടുത്ത മൂന്നുമാസം കൊണ്ട് പിഎം കെയർ ഫണ്ട് ഉപയോഗിച്ച് ഡിആർഡിഒ ആരംഭിക്കും.

# ആത്മവിശ്വാസമുയർത്തി സൈന്യം

എല്ലാ ഭാരത പൗരന്മാർക്കും പ്രതീക്ഷയുടേയും ആത്മവിശ്വാസത്തിന്റെയും പര്യായമാണ് നമ്മുടെ സൈന്യം. അതിവേഗത്തിലുള്ള ഓക്സിജൻ വിതരണത്തിനായി നമ്മുടെ വ്യോമസേനാ വിമാനങ്ങൾ ഒഴിഞ്ഞ ഓക്സിജൻ ടാങ്കറുകളുമായി ഓക്സിജൻ ഉൽപ്പാദന പ്ലാന്റുകളിലേക്ക് പറന്നു.



നേവിയും ഓക്സിജൻ നീക്കത്തിന് ഉപയോഗിക്കപ്പെട്ടു. നിരവധി നഗരങ്ങളിൽ കൊവിഡ് കെയർ സെന്ററുകളുടെ നടത്തിപ്പ് ചുമതല സൈന്യത്തിന് കൈമാറി. കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ സൈനിക മെഡിക്കൽ വിഭാഗത്തിൽ നിന്ന് വിരമിച്ചവരെ തിരികെ വിളിച്ചു.

## റെംഡസിവിർ കയറ്റുമതി നിരോധിച്ചു

- റെംഡസിവിർ ഇൻജക്ഷന്റെ ലഭ്യത ഉയർത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദനം വർദ്ധിപ്പിച്ചു. റെംഡസിവിർ കയറ്റുമതി നിരോധിച്ചിട്ടുണ്ട്. വില സ്ഥിരപ്പെടുത്തിയതോടെ കരിഞ്ചന്തയെ തടയാനുമായി.
- ജനുവരി–ഫെബ്രുവരി മാസങ്ങളിൽ 27–29 ലക്ഷം ഡോസുകൾ പ്രതിമാസം രാജ്യത്ത് ഉൽപ്പാദിപ്പിച്ചിരുന്നു. എന്നാൽ ഇത് മേയ് മാസം ആയപ്പോഴേക്കും 74.10 ലക്ഷത്തിലേക്ക് ഉയർന്നു. കൊവിഡ് കേസുകൾ ഉയർന്ന മഹാരാഷ്ട്ര, കേരള, മധ്യപ്രദേശ്, ഡൽഹി അടക്കമുള്ള പന്ത്രണ്ട് സംസ്ഥാനങ്ങളിലേക്ക് ആവശ്യത്തിനുള്ള മരുന്നുകൾ എത്തിക്കാനായി.

## റെയിൽവേയും രംഗത്ത്

- സംസ്ഥാനങ്ങളിലേക്കുള്ള ഓക്സിജൻ വിതരണത്തിന്റെ വേഗത ഉയർത്താൻ ഓക്സിജൻ എക്സ്പ്രസുകൾ ആരംഭിച്ചു.
- 4,000 റെയിൽവേ കോച്ചുകളിലായി ഓക്സിജൻ ലഭ്യതയുള്ള 64,000 ബെഡുകൾ സജ്ജീകരിച്ചു. സംസ്ഥാനങ്ങളുടെ ആവശ്യപ്രകാരം ഈ കോച്ചുകൾ എത്തിച്ചുനൽകി.
- ഏപ്രിൽ 26ന് ആദ്യ ഓക്സിജൻ എക്സ്പ്രസ് മുംബൈയിലെത്തി. മഹാരാഷ്ട്രയും യുപിയും അടക്കം പന്ത്രണ്ട് സംസ്ഥാനങ്ങളിൽ ഓക്സിജൻ വിതരണം ആരംഭിച്ചു



- **ജനപങ്കാളിത്തം:** വെന്റിലേറ്ററുകൾ, പരിശോധനാ ഉപകരണങ്ങൾ എന്നിവ അടക്കമുള്ളയുടെ ലഭ്യത ഉറപ്പാക്കി കൊവിഡ് പ്രോട്ടോക്കോൾ കൃത്യമായി നടപ്പാക്കാൻ സംസ്ഥാന ഗവർണ്ണർമാരുടെ യോഗത്തിൽ പ്രധാനമന്ത്രി നിർദ്ദേശിച്ചു. ജനപങ്കാളിത്തം ഉയർത്തി കൊവിഡിനെതിരായ പോരാട്ടം ശക്തിപ്പെടുത്താനും മോദി പറഞ്ഞു. ഏപ്രിൽ 20ന് ജനങ്ങളോട് സംസാരിക്കവേ, രണ്ടാംതരംഗം നേരിടാൻ രാജ്യം സ്വീകരിച്ച തയ്യാറെടുപ്പുകൾ അദ്ദേഹം വിശദീകരിച്ചു. രണ്ടാമത്തെ യുദ്ധത്തെ നേരിടാൻ ജനങ്ങളും കഠിനമായി പ്രയത്നിക്കണമെന്ന് മോദി പറഞ്ഞു.

**02**

**ലോകത്തിൽ പിപിഇ കിറ്റ് ഉൽപ്പാദനത്തിൽ രണ്ടാം സ്ഥാനത്താണ് ഭാരതം. കൊവിഡ് വ്യാപനത്തിന്റെ തുടക്ക കാലത്ത് രാജ്യത്തെ പിപിഇ കിറ്റ് ഉൽപ്പാദനം തീരെ കുറവായിരുന്നു.**

- **ചെറുനഗരങ്ങളിൽ ശ്രദ്ധ:** ചെറിയ, ഇടത്തരം നഗരങ്ങളിൽ രോഗികളുടെ എണ്ണം വർദ്ധിക്കുന്ന പശ്ചാത്തലത്തിൽ സവിശേഷ ശ്രദ്ധ അവിടങ്ങളിൽ നൽകുന്നു. രോഗികൾക്ക് ഓൺലൈൻ കൺസൾട്ടേഷൻ നൽകാൻ സംവിധാനങ്ങളൊരുക്കി. ഐസിഎംആറും ആരോഗ്യമന്ത്രാലയവും പുറത്തിറക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പിന്തുടരാനും വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നവരെ കൃത്യമായി നിരീക്ഷിക്കാനും സംസ്ഥാനങ്ങൾക്ക് നിർദ്ദേശം നൽകി.

**12000**

**2019 – 20 കാലത്ത് കൊവിഡിന്റെ തുടക്കത്തിൽ ഇത്ര വെന്റിലേറ്ററുകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ന് വെന്റിലേറ്ററുകളുടെ എണ്ണം 78,000 ആണ്. വെന്റിലേറ്റർ ഉൽപ്പാദനത്തിൽ ഇന്ത്യ ഏറ്റവും വലിയ നിർമ്മാതാക്കളായി മാറി.**

## വാക്സിനാണ് ഏക പോംവഴി



യുഎസ് ആരോഗ്യ വിദഗ്ധനായ ഡോ. ആന്റണി ഫോസിയുടെ അഭിപ്രായ പ്രകാരം ഭാരതം നിർമ്മിച്ച കൊവാക്സിൻ കൊവിഡിന്റെ വിവിധ വകഭേദങ്ങളെ ഇല്ലാതാക്കാൻ ശേഷിയുള്ളതാണ് എന്നാണ്. നിലവിലെ പ്രതിസന്ധി ഇല്ലാതാക്കാനുള്ള ഏറ്റവും ഫലപ്രദമായ വഴി വാക്സിനേഷൻ ശക്തിപ്പെടുത്തുക എന്നതാണെന്നും ഫോസി പറയുന്നു.

ഏപ്രിൽ 20ന് പുറത്തുവന്ന പ്രതിരോധശേഷി കണക്കുകൾ പ്രകാരം രാജ്യത്ത് വാക്സിന് ആദ്യ ഡോസെടുത്ത 93,56,436 പേരിൽ വെറും 4,208 പേർക്ക് മാത്രമാണ് കൊവിഡ് പിടിപെട്ടത്. 0.04 ശതമാനം പേർക്ക് മാത്രമാണ് രോഗവ്യാപനം സംഭവിച്ചത്.

കോവിഷീൽഡ് ആദ്യ ഡോസ് എടുത്ത 10,03,02,745 പേരിൽ 17,145 പേർക്ക് മാത്രമാണ് കൊവിഡ് ബാധിച്ചത്. 0.02 ശതമാനം മാത്രം. രണ്ടാം ഡോസ് എടുത്ത 1,57,33754 പേരിൽ 5014 പേർക്കാണ് കൊവിഡ് ബാധയുണ്ടായത്. 0.03 ശതമാനം മാത്രമാണിത്.

## കോവാക്സിൻ



**17,37,178**

പേർ ആദ്യ ഡോസ് എടുത്തു. ഇതിൽ 695 പേർക്കാണ് രോഗബാധയുണ്ടായത്.

## ഐസൊലേഷൻ, ഐസിയു കിടക്കകൾ നാൽപ്പത് ഇരട്ടിയാക്കി ഉയർത്തി ആശുപത്രികൾ




(*ഏപ്രിൽ 21 വരെയുള്ള കണക്ക്)

**1.11 %**

ഭാരതത്തിന്റെ കൊവിഡ് മരണ നിരക്ക്. രണ്ടാംതരംഗത്തിൽ രോഗവ്യാപനം ഉയരുമ്പോഴും ലോകത്തിലെ ഏറ്റവും കുറഞ്ഞ നിരക്കാണിത്.



## രോഗികളുടെ എണ്ണവും രോഗമുക്തരുടെ എണ്ണവും വർദ്ധിച്ചു




**2400**

ലാബുകൾ 15 ലക്ഷത്തിലധികം പരിശോധനകൾ ദിനം പ്രതി നടത്തുന്നു. 2020 ജനുവരി 30ന് രാജ്യത്ത് ഒരൊറ്റ ലാബ് മാത്രമായിരുന്നു ഉണ്ടായിരുന്നത്.

# ലോകത്തിലെ ഏറ്റവും വലിയ പ്രതിരോധ കുത്തിവെയ്പ്പ് ഏറ്റവും കുറഞ്ഞ വിലയിൽ വാക്സിൻ



- കൊവിഡിൽ നിന്ന് സംരക്ഷണം തേടി ലോകത്തിലെ ഏറ്റവും വലിയ വാക്സിൻ കുത്തിവെയ്പ്പാണ് ഭാരതത്തിൽ ഇപ്പോൾ നടക്കുന്നത്. 85 ദിവസം കൊണ്ട് 10 കോടി പേർക്ക് രാജ്യത്ത് വാക്സിൻ നൽകി. ഏറ്റവും ചുരുങ്ങിയ സമയം കൊണ്ട് പരമാവധി ജനങ്ങൾക്ക് വാക്സിൻ നൽകി ഭാരതം റെക്കോഡ് സൃഷ്ടിച്ചു.
- 2021 ഏപ്രിൽ 21ലെ കണക്കനുസരിച്ച് 95 ദിവസം കൊണ്ട് 13 കോടി ആളുകൾക്ക് വാക്സിനേഷൻ നൽകി ഭാരതം വാക്സിനേഷൻ പ്രക്രിയയിൽ മുന്നിട്ടു നിൽക്കുകയാണ്. യുഎസ്എ 13 കോടി എന്ന നേട്ടം 101 ദിവസം കൊണ്ടും ചൈന 109 ദിവസം കൊണ്ടുമാണ് കൈവരിച്ചത്. ഏപ്രിൽ 25 ആയപ്പോഴേക്കും 14 കോടി പേർക്ക് ഭാരതം വാക്സിൻ നൽകി.
- 2021 ജനുവരി 16നാണ് ഭാരതത്തിൽ ആരോഗ്യ പ്രവർത്തകർക്കുള്ള വാക്സിനേഷൻ പ്രക്രിയ ആരംഭിച്ചത്. കൊവിഡ് മുൻനിര പോരാളികൾക്കുള്ള വാക്സിനേഷൻ ഫെബ്രുവരി 2ന് ആരംഭിച്ചു. മാർച്ച് 1 മുതൽ 60 വയസ്സിന് മുകളിൽ പ്രായമായവരുടേയും ഏപ്രിൽ 1 മുതൽ 45-59 പ്രായപരിധിക്കാരുടേയും വാക്സിനേഷൻ ആരംഭിച്ചു.

**മെയ് 1 മുതൽ 18 വയസ്സിന് മുകളിൽ പ്രായമായ എല്ലാവർക്കുമുള്ള മൂന്നാംഘട്ട വാക്സിനേഷൻ പ്രക്രിയ ആരംഭിച്ചു.**

**45 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള വാക്സിനേഷൻ ഏപ്രിൽ 1ന് ആരംഭിച്ചു.**

**45 വയസ്സിന് മുകളിൽ പ്രായമായവർക്ക് അവരുടെ ജോലി സ്ഥലത്ത് വാക്സിൻ നൽകുന്ന പ്രക്രിയ ഏപ്രിൽ പന്ത്രണ്ടിന് തുടങ്ങി.**

- വാക്സിനേഷൻ പ്രക്രിയയുടെ വേഗത വർദ്ധിപ്പിക്കുന്നതിനായി കോവാക്സിൻ, കോവിഷീൽഡ് എന്നിവയ്ക്ക് പുറമേ റഷ്യയുടെ സ്പുട്നിക് വി വാക്സിനും അനുമതി നൽകി.
- 2021 ജൂലൈ മാസത്തോടെ 30 കോടി പേരെ വാക്സിനേഷന് വിധേയമാക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യം. ഭാരതം, ചൈന, യുഎസ്എ എന്നീ മൂന്നു രാജ്യങ്ങൾ മാത്രമാണ് 30 കോടിയിൽ അധികം ജനസംഖ്യയുള്ളത്.

**16.16**

**കോടി വാക്സിനുകൾ സൗജന്യമായി സംസ്ഥാന സർക്കാരുകൾക്ക് കേന്ദ്രം നൽകി**

**15.22**

**കോടി വാക്സിൻ ഡോസുകൾ ഏപ്രിൽ 30 വരെ രാജ്യത്ത് നൽകി.**

## ആദ്യം നാം സഹായഹസ്തം നീട്ടി, ഇപ്പോൾ ലോകം തിരിച്ചു നൽകുന്നു

- കൊവിഡ് മഹാവ്യാധിയുടെ ആദ്യഘട്ടത്തിൽ യുഎസ്, ജർമ്മനി, റഷ്യ, ജപ്പാൻ, കാനഡ തുടങ്ങിയ നിരവധി രാജ്യങ്ങൾക്ക് ഹൈഡ്രോക്ലോറോകിൻ നൽകി ഭാരതം സഹായിച്ചു. ലോകത്തിലെ 93 രാജ്യങ്ങൾക്ക് വാക്സിൻ മൈത്രിയിലൂടെ കോവാക്സിനും കോവിഷീൽഡും ഭാരതം എത്തിച്ചു.
- ലോകാരോഗ്യ സംഘടന ഭാരതത്തിൽ നിന്ന് ലോക രാജ്യങ്ങൾ പ്രേരണ ഉൾക്കൊള്ളണമെന്ന് പ്രതികരിച്ചു. യുഎസ്എ വരെ നന്ദി അറിയിച്ചു. മൃതസഞ്ജീവനിയുമായി പോകുന്ന ഹനുമാന്റെ ചിത്രം ട്വീറ്റ് ചെയ്താണ് ബ്രസീൽ വാക്സിൻ മൈത്രിയ്ക്ക് പ്രധാനമന്ത്രി മോദിയോട് നന്ദി പ്രകടിപ്പിച്ചത്.
- കൊവിഡിന്റെ രണ്ടാം തരംഗത്തിൽ ഭാരതം പ്രതിസന്ധിയിലായപ്പോൾ ലോകമെങ്ങുമുള്ള രാജ്യങ്ങൾ സഹായിക്കാൻ സന്നദ്ധരായി. ഭൂട്ടാൻ മുതൽ യുഎസ്എ വരെയും സൗദി മുതൽ ജപ്പാനും ബ്രസീലും വരെയും ഭാരതത്തെ സഹായിക്കാനെത്തി. നാൽപ്പതിലേറെ ലോക രാജ്യങ്ങളാണ് ഭാരതത്തിനൊപ്പം നിന്നത്.

  യുഎസ്എ ഓക്സിജൻ സിലിണ്ടറുകൾ, റഗുലേറ്ററുകൾ, എൻ 95 മാസ്ക്കുകൾ എന്നിവയും മരുന്നുകൾക്കും വാക്സിനുകൾക്കും വേണ്ട അസംസ്കൃത വസ്തുക്കളും എത്തിച്ചു.
- ബ്രിട്ടൺ 9 കൺസൈൻമെന്റ് ദുരിതാശ്വാസ സാമഗ്രികളും മെഡിക്കൽ ഉപകരണങ്ങളും എത്തിച്ചു. ജർമ്മനി മൊബൈൽ ഓക്സിജൻ പ്ലാന്റുകളും മാസ്ക്കുകളും മറ്റു മെഡിക്കൽ സഹായവും നൽകി.
- സൗദിയും കുവൈറ്റും ഭാരതത്തിലേക്ക് ഓക്സിജൻ നൽകി. ആസ്ത്രേലിയ അവശ്യ മെഡിക്കൽ ഉപകരണങ്ങളായ വെന്റിലേറ്ററുകൾ, കയ്യുറകൾ, മാസ്ക്കുകൾ, മരുന്നുകൾ എന്നിവ നൽകി. സിംഗപ്പൂരും തായ്‌ലന്റും ഓക്സിജൻ ടാങ്കറുകൾ നൽകി.



# മുമ്പേ വിജയിച്ച്.....

## കൊവിഡിന്റെ ആദ്യഘട്ടത്തിൽ അതി വേഗ തീരുമാനങ്ങൾ സ്വീകരിച്ചു

കൊവിഡിന്റെ ഒന്നാം തരംഗം മുതൽ രണ്ടാം തരംഗം വരെയുള്ള കാലത്ത് കേന്ദ്രസർക്കാർ രാജ്യത്തെ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കഠിനാധ്വാനം ചെയ്തു. കേന്ദ്രആരോഗ്യമന്ത്രാലയത്തിനൊപ്പം ഐസിഎംആർ, എയിംസ്, മറ്റു മെഡിക്കൽ വിദഗ്ധർ എന്നിവരെല്ലാം മുഴുവൻ സമയവും ആരോഗ്യ സംവിധാനത്തെ മെച്ചപ്പെടുത്താനായി പ്രയത്നിച്ചു. ആശുപത്രികൾക്കും പൗരന്മാർക്കും എല്ലാം സമയാസമയം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരുന്നു. ഓക്സിജൻ, മരുന്നുകൾ, വാക്സിൻ വിതരണം എന്നിവയെല്ലാം സംബന്ധിച്ച് മിനുറ്റുകൾ വെച്ച് കൃത്യമായ വിവരം പ്രധാനമന്ത്രി മോദിക്ക് ലഭിച്ചുകൊണ്ടേയിരുന്നു. കൊവിഡിനെതിരെ ഭാരതം നടത്തിയ പോരാട്ടത്തെ ലോകാരോഗ്യ സംഘടനയും മറ്റു അന്താരാഷ്ട്ര ഏജൻസികളും പ്രശംസിച്ചു. എന്നാൽ ഇപ്പോൾ സംഭവിച്ചിരിക്കുന്ന രണ്ടാം തരംഗത്തെ ധീരമായും തയ്യാറെടുപ്പുകളോടെയും വാക്സിനേഷൻ വഴിയും നേരിടേണ്ടതുണ്ട്. കൊവിഡിന്റെ ആദ്യ തരംഗം മുതൽ രണ്ടാം തരംഗം വരെയുള്ള നമ്മുടെ തയ്യാറെടുപ്പുകൾ ഒന്നു പരിശോധിക്കാം.

- സർക്കാർ തലത്തിലും സ്ഥാപനങ്ങളുടെ തലത്തിലും ഭാരതമാണ് കൊവിഡിനെതിരെ ഏറ്റവും വേഗത്തിൽ പ്രതികരിച്ച ആദ്യ രാജ്യം. 2020 ജനുവരി 7നാണ് ചൈന വൂഹാൻ കൊവിഡ് വൈറസിനെപ്പറ്റി ലോകത്തോട് ആദ്യം പറയുന്നത്. തൊട്ടടുത്ത ദിവസമായ ജനുവരി 8ന് തന്നെ ഭാരതം ദൗത്യസംഘത്തിന്റെ ആദ്യ യോഗം വിളിച്ചു ചേർത്തു.
- യാത്രക്കാരെ പരിശോധനയ്ക്ക് വിധേയമാക്കുന്ന നടപടികൾ ജനുവരി 17ന് ഭാരതം ആരംഭിച്ചു. ഇത്തരം നടപടി ആരംഭിക്കുന്ന ആദ്യ രാജ്യം ഭാരതമായിരുന്നു.
- 2020 ജനുവരി 30നാണ് ഭാരതത്തിൽ ആദ്യ കൊവിഡ് കേസ് റിപ്പോർട്ട് ചെയ്യുന്നത്. യുദ്ധസമാനമായ നടപടികൾ സ്വീകരിക്കുകയും കണ്ടൈൻമെന്റ്, പരിശോധനാ സംവിധാനങ്ങൾ ആരംഭിക്കുകയും ചെയ്തു.
- 2020 മാർച്ച് ആദ്യ ആഴ്ചയാണ് ആൾക്കൂട്ടങ്ങളിൽ നിന്ന് അകലം പാലിക്കണമെന്നാണ് വിദഗ്ധർ പറയുന്നതെന്ന ആദ്യ നിർദ്ദേശം പ്രധാനമന്ത്രി മോദി ജനങ്ങൾക്ക് മുമ്പിൽ വെച്ചത്. ഇതേ തുടർന്ന് അദ്ദേഹം ഹോളി ചടങ്ങുകൾ വേണ്ടെന്ന് വെച്ചു. കൊവിഡ് മഹാവ്യാധി വ്യാപിച്ചു തുടങ്ങുന്ന അക്കാലത്ത് ലോകം മുഴുവനും ശ്രദ്ധിച്ച മാതൃകാ നടപടിയായിരുന്നു മോദി സ്വീകരിച്ചത്. അപ്പോൾ രാജ്യത്ത് അമ്പത് കൊവിഡ് കേസുകൾ പോലുമില്ലായിരുന്നു എന്നോർക്കണം.

## ലോകാരോഗ്യ സംഘടന സ്വീകരിച്ചത് ഭാരത മാതൃക

ആർടിപിസിആർ പരിശോധന അടങ്ങിയ വ്യാപകമായ ആന്റിജൻ പരിശോധന ആദ്യം ആരംഭിച്ച രാജ്യങ്ങളിൽ ഭാരതമുണ്ട്. ആദ്യം ഇതിന്റെ പേരിൽ ഭാരതം വിമർശന വിധേയമായെങ്കിലും പിന്നീട് ലോകാരോഗ്യ സംഘടന അടക്കം ഭാരത മാതൃക സ്വീകരിച്ചു.

- എല്ലാവരും മാസ്ക് ധരിക്കണമെന്ന നിർദ്ദേശം ഏപ്രിലിൽ ഭാരതം പുറപ്പെടുവിച്ച് നടപ്പാക്കി, ലോകാരോഗ്യ സംഘടന മാസ്ക് നിർബന്ധമാക്കിയുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് ജൂണിൽ മാത്രമാണ്.
- മാർച്ച് 24ന് രാജ്യത്തെ അഭിസംബോധന ചെയ്ത പ്രധാനമന്ത്രി മോദി രാജ്യവ്യാപക ലോക്ക്ഡൗൺ പ്രഖ്യാപിച്ചു. ഏറ്റവും സുപ്രധാനം ജീവൻ രക്ഷിക്കുക എന്നതാണെന്നും എല്ലാവരും ശ്രദ്ധയോടെ അതാതിടങ്ങളിൽ തന്നെ തുടരണമെന്നും മോദി നിർദ്ദേശിച്ചു. ലോകത്തിൽ ലോക്ഡൗൺ പോലുള്ള നടപടികൾ പ്രഖ്യാപിക്കുന്ന ആദ്യ രാജ്യമായിരുന്നു ഭാരതം.
- ദീപങ്ങൾ തെളിച്ചും ആരോഗ്യ പ്രവർത്തകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചും അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ അദ്ദേഹം ആഹ്വാനം ചെ്തു. കൊവിഡിനെ നേരിടാനായി ആരോഗ്യ സംവിധാനങ്ങളെ ശക്തിപ്പെടുത്താൻ ലോക്ഡൗൺ കാലം സർക്കാരിനെ സഹായിച്ചു.
- ലോക്ഡൗൺ നിയന്ത്രണങ്ങൾ പതിയെ പതിയെ കുറച്ചുകൊണ്ടുള്ള പ്രഖ്യാപനം നടത്തവേ അദ്ദേഹം പറഞ്ഞു, ജീവനും ഉണ്ട്, ലോകവും ഉണ്ട്.
- 2020 നവംബർ 28ലെ ഔദ്യോഗിക കണക്ക് പ്രകാരം പത്തുലക്ഷം പേരിൽ 6,731 പേർക്ക് മാത്രമാണ് രാജ്യത്ത് കൊവിഡ് ബാധിച്ചത്. മറ്റു രാജ്യങ്ങളേക്കാൾ വളരെ കുറവായിരുന്നു ഇത്. പത്തുലക്ഷത്തിൽ 40,000 ആയിരുന്നു ആ സമയം അമേരിക്കയിലെ രോഗവ്യാപനം. യുകെയിൽ പത്തുലക്ഷം പേരിൽ 23,361 പേർക്കും ബ്രസീലിൽ 29,129 പേർക്കും ഇറ്റലിയിൽ 25,456 പേർക്കും അന്ന് രോഗബാധയുണ്ടായി.
- നവംബർ 28ലെ കണക്ക് പ്രകാരം പത്തുലക്ഷം പേരിൽ 98 മരണം മാത്രമായിരുന്നു ഭാരതത്തിൽ ഉണ്ടായത്. എന്നാൽ യുഎസ്എയിൽ 813, ബ്രസീലിൽ 805, ഫ്രാൻസിൽ 780, സ്പെയിനിൽ 955, യുകെയിൽ 846, ഇറ്റലിയിൽ 888 എന്നിങ്ങനെയായിരുന്നു മരണസംഖ്യ. മറ്റു രാജ്യങ്ങളിൽ ഭാരതത്തേക്കാൾ എട്ടും ഒൻപതും ഇരട്ടി മരണങ്ങളാണ് നടന്നത്.

## ഭാരതം ലോകത്തിന്റെ ഫാർമസി



- കൊവിഡ് കാലത്ത് ഹൈഡ്രോക്ലോറോകിൻ അടക്കമുള്ള മരുന്നുകളും മറ്റും വൻതോതിലാണ് വിദേശരാജ്യങ്ങളിലേക്ക് കൈമാറിയത്. പിപിഇ കിറ്റുകളും മാസ്ക്കുകളും കയറ്റുമതി ചെയ്തു. യുഎസ്എ, ബ്രസീൽ തുടങ്ങിയ രാജ്യങ്ങൾ ആശങ്കാജനകമായ സാഹചര്യങ്ങളിലൂടെ കടന്നുപോയ അവസരത്തിൽ ഭാരതം ഇവരെയെല്ലാം സഹായിച്ചു.
- അഹമ്മദാബാദിലെ സൈഡസ് ബയോടെക് പാർക്ക്, ഹൈദ്രാബാദിലെ ഭാരത് ബയോടെക്, പൂനയിലെ സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നിവിടങ്ങളിലെല്ലാം പ്രധാനമന്ത്രി നേരിട്ടെത്തി വാക്സിൻ വികസിപ്പിക്കുന്ന പ്രക്രിയയുടെ വേഗത പരിശോധിച്ചു.
- ഭാരതം തദ്ദേശീയമായി വികസിപ്പിച്ചെടുത്ത കോവാക്സിൻ, കോവിഷീൽഡ് എന്നിവ ലോകത്തിലെ തന്നെ ഏറ്റവും വില കുറഞ്ഞ വാക്സിനുകളാണ്. റെക്കോഡ് വേഗത്തിലാണ് രാജ്യമെങ്ങും വാക്സിൻ ശീതീകരണ സംവിധാനങ്ങളും വാക്സിൻ വിതരണ ശൃംഖലയും രൂപീകരിച്ചത്.

## കൊവിഡിന്റെ ആദ്യ തംരംഗം നമ്മൾ വിജയിച്ചത് ഇങ്ങനെ




**32,400**

വെന്റിലേറ്ററുകൾ രാജ്യത്തെ സർക്കാർ ആശുപത്രികൾക്കായി കൈമാറി

കൊവിഡ് ദുരന്ത കാലത്ത് സംസ്ഥാന സർക്കാരുകൾക്കായി 3.70 എൻ95 മാസ്ക്കുകളും 1.60 കോടി പിപിഇ കിറ്റുകളും കേന്ദ്ര സർക്കാർ കൈമാറി.

# കൊറോണയ്ക്കെതിരെ പ്രതിരോധമൊരുക്കുന്നതിൽ ആയുർവേദവും സുപ്രധാനം

ഭാരതത്തിന്റെ പുരാതന വൈദ്യചികിത്സ സംവിധാനമായ ആയുർവേദത്തിന് കൊറോണക്കെതിരെ സംരക്ഷണമൊരുക്കുന്നതിൽ സുപ്രധാനമായ പങ്കുണ്ട്. മഹാവ്യാധിയുടെ രണ്ടാംതരംഗം വന്ന സാഹചര്യത്തിൽ, പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗനിർദ്ദേശങ്ങൾ ആയുഷ് മന്ത്രാലയം ഇറക്കിയിട്ടുണ്ട്.

## പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നതിനുള്ള ആയുർവേദ മാർഗങ്ങൾ



- രാവിലെ ഒരു ടീ സ്പൂൺ അല്ലെങ്കിൽ 10 ഗ്രാം ച്യവനപ്രാശം കഴിക്കുക.പ്രമേഹരോഗികൾ മധുരം അടങ്ങിയിട്ടില്ലാത്ത ച്യവനപ്രാശം കഴിക്കണം
- ഔഷധ ചായ അല്ലെങ്കിൽ കാധ വെള്ളം കുടിക്കുക.(തുളസി,കറുവപ്പട്ട,കുരുമുളക്,ചുക്ക്,ഉണക്കമുന്തിരി എന്നിവ ചേർത്തു തിളപ്പിച്ചത്).ദിവസത്തിൽ ഒരു തവണയോ രണ്ടു തവണയോ കുടിക്കാം.ആവശ്യമെങ്കിൽ പനംചക്കരയോ ചെറുനാരങ്ങാ നീരോ ചേർത്തു കുടിക്കാം.
- ഗോൾഡൻ മിൽക്ക്- 150 മില്ലിലിറ്റർ പാലിൽ അരടീസ്പൂൺ മഞ്ഞൾ പൊടി ചേർത്താൽ ഗോൾഡൻ മിൽക്ക് തയ്യാറാക്കാം.ദിവസത്തിൽ ഒന്നോ രണ്ടോ തവണ കുടിക്കാം

## പ്രതിരോധശക്തി വർദ്ധിപ്പിക്കാനുള്ള മാർഗങ്ങൾ



- ചൂടുവെള്ളം മാത്രം കുടിക്കുക
- ദിവസവും അരമണിക്കൂർ യോഗാസനവും പ്രാണായാമവും മെഡിറ്റേഷനും പരിശീലിക്കുക
- മഞ്ഞൾ,ജീരകം,മല്ലി,വെളുത്തുള്ളി എന്നിവ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക

## തീവ്രമല്ലാത്ത കൊവിഡിനെ എങ്ങനെ നേരിടാം



**ചെറിയ പനി,തലവേദന,അസ്വാസ്ഥ്യം,ക്ഷീണം**

- സുദർശൻ ഗൻ വതി (500 മില്ലിഗ്രാം) 2 നേരം ചൂടുവെള്ളത്തിനൊപ്പം കഴിക്കുക.15 ദിവസത്തേയ്ക്ക്
- നഗരധി കഷായം (20മില്ലിലിറ്റർ)2 നേരം.15 ദിവസത്തേയ്ക്ക്

**ചുമ** : സിതോപലടി ചൂർണ്ണം തേൻ ചേർത്തു (3 ഗ്രാം) ദിവസം 3 നേരം. 15 ദിവസത്തേയ്ക്ക്

**തൊണ്ടവേദന** : 12 വ്യോഷാദി വടി ചവയ്ക്കുക.യഷ്ടിമധു ചൂർണ്ണം (13 ഗ്രാം) തേനിനൊപ്പം ചേർത്തുകഴിക്കുക. 15 ദിവസം

**മൂക്കടപ്പ്,രുചിയില്ലായ്മ** : 1-2 വ്യോഷാദി വടി ഗുളികകൾ കഴിക്കുക

*രോഗിയുടെ അവസ്ഥയ്ക്കനുസരിച്ചു അളവിലും സമയപരിധിയിലും ആയുർവേദ ഡോക്ടർമാർ മാറ്റം വരുത്തും

## പൊതുവായ മാർഗനിർദ്ദേശങ്ങൾ



- ചൂടുവെള്ളത്തിൽ അൽപ്പം മഞ്ഞൾപ്പൊടിയും ഉപ്പും ചേർത്തു ഗാർഗിൾ ചെയ്യുക. ത്രിഫല അല്ലെങ്കിൽ യഷ്ടിമധു ഇട്ട് തിളപ്പിച്ച വെള്ളമുപയോഗിച്ചും ഗാർഗിൾ ചെയ്യാം.
- മൂക്കിനകത്തു ആയുർവേദ എണ്ണ അല്ലെങ്കിൽ വെളിച്ചെണ്ണയോ എള്ളെണ്ണയോ പശു നെയ്യോ പുരട്ടുക. ദിവസം രണ്ടു തവണ.
- അയമോദകം അല്ലെങ്കിൽ പുതിന അല്ലെങ്കിൽ യൂക്കാലിപ്റ്റസ് എണ്ണ അല്ലെങ്കിൽ കർപ്പൂരം ഇട്ട വെള്ളത്തിൽ ആവി പിടിക്കുക. ദിവസത്തിൽ 1 വട്ടം.
- 7-8 മണിക്കൂർ ഉറങ്ങുക. പകലുറക്കം ഒഴിവാക്കുക.
- തുളസിയിട്ടു തിളപ്പിച്ച വെള്ളം ഇടക്കിടെ കുടിക്കുക.

## വരണ്ട ചുമ അല്ലെങ്കിൽ തൊണ്ട വേദന വന്നാൽ.



- പുതിന അല്ലെങ്കിൽ അയമോദകം ഇട്ട വെള്ളത്തിൽ ആവി പിടിക്കുക.ദിവസത്തിൽ ഒരു വട്ടം.
- ചുമയോ തൊണ്ടയിൽ ബുദ്ധിമുട്ടോ ഉണ്ടെങ്കിൽ ഗ്രാമ്പു പൊടി പനംചക്കരയോ അല്ലെങ്കിൽ തേനോ ചേർത്തു ദിവസം 2-3 തവണ കഴിക്കുക.
- ഇവയെല്ലാം പൊതുവെ തൊണ്ട വേദനയ്ക്കും വരണ്ടചുമയ്ക്കുമെതിരെ ഫലപ്രദമാണ്. പക്ഷേ ഇവ നീണ്ടുനിൽക്കുകയാണെങ്കിൽ ഡോക്ടറെ കണ്ടു ഉപദേശം തേടുന്നതാണ് ഉചിതം.

## ലളിതമായ ആയുർവേദ മാർഗങ്ങൾ



- **മൂക്കിൽ പുരട്ടൽ** : എള്ളെണ്ണ അല്ലെങ്കിൽ വെളിച്ചെണ്ണ അല്ലെങ്കിൽ നെയ്യ് രണ്ടു മൂക്കിനുള്ളിലും രാവിലെയും വൈകുന്നേരവും പുരട്ടുക.
- **ഓയിൽ പുള്ളിംഗ് തെറാപ്പി** : 1 ടേബിൾ സ്പൂൺ എള്ളെണ്ണ അല്ലെങ്കിൽ വെളിച്ചെണ്ണ വായയിൽ ഒഴിക്കുക.കുടിക്കരുത്.2-3 മിനുട്ട് വായയിൽ ചുഴറ്റി തുപ്പിക്കളയുക.ശേഷം വായ ചൂടുവെള്ളമുപയോഗിച്ചു കഴുകുക. ദിവസത്തിൽ ഒന്നോ രണ്ടോ വട്ടം ഇങ്ങനെ ചെയ്യാം.

# മുൻകരുതലാണ് ഏക പ്രതിരോധം..........

## സാമൂഹിക അകലം പാലിക്കുക. പ്രതിരോധ കുത്തിവയ്പ്പെടുക്കുക



കൊറോണ മഹാവ്യാധിക്കിടെ മഹാരാഷ്ട്രയിലെ ലാത്തൂർ ജില്ലയിലെ കട്ഗാഓൻ താണ്ട ഗ്രാമത്തിൽ നിന്നും സന്തോഷ കരമായൊരു വാർത്ത വന്നിരിക്കുന്നു. 105 വയസ്സായ ധേനു ചവാനും അദ്ദേഹത്തിന്റെ ഭാര്യ 95 കാരിയായ മൊതാബിയും കൊവിഡിനെ പരാജയപ്പെടുത്തി തിരിച്ചുവന്നിരിക്കുന്നു.9 ദിവസം ആശുപത്രി ഐസിയു വിൽ കിടന്നതിനു ശേഷമാണ് അവർ കൊറോണയെ തോൽപ്പിച്ചു വീട്ടിലേക്കു മടങ്ങിയത്.

രണ്ട് വട്ടം കൊറോണയെ തോൽപ്പിച്ച മദ്ധ്യപ്രദേശിലെ മൊറേന സ്വദേശി സുമിത് ദുബെ ഇപ്പോൾ സമൂഹമാധ്യമങ്ങളിലൂടെ ജനങ്ങൾക്കു രോഗം സംബന്ധിച്ച അവബോധം നൽകുകയാണ്.ഒന്നാം തരംഗത്തിലും രണ്ടാം തരംഗത്തിലും സുമിതിന് അസുഖം പിടിപെട്ടു.രണ്ടു തവണയും വീട്ടിലിരുന്നാണ് സുമിത് അസുഖത്തെ നേരിട്ടത്. ആത്മവിശ്വാസവും ഒപ്പം ഡോക്ടറുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുകയും ചെയ്താൽ കൊറോണയെ തോൽപ്പിക്കാമെന്നു സ്വന്തം അനുഭവം സാക്ഷ്യപ്പെടുത്തി സുമിത് പറയുന്നു.

കൊറോണ ഒരു പകർച്ചവ്യാധിയാണെങ്കിലും വീട്ടിൽ ഐസൊലേഷനിലിരുന്നു 85 ശതമാനം ആളുകൾക്കും രോഗം ഭേദമാകുമെന്ന് ലോകാരോഗ്യ സംഘടന അഭിപ്രായപ്പെടുന്നു.ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട 15 രോഗികളിൽ 10 ശതമാനത്തിനുമാത്രമാണ് ഓക്സിജൻ ആവശ്യമുള്ളത്. ഈ മഹാവ്യാധിക്കാലത്ത് ശരിയായ വിവരങ്ങൾ ലഭ്യമാകേണ്ടതും അത്യാവശ്യമാണ്. ജനങ്ങളെ ബോധവൽക്കരിക്കാനായി കേന്ദ്ര ആരോഗ്യ മന്ത്രാലയവും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചും കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശങ്ങൾ ഇറക്കാറുണ്ട്. കൊറോണ രോഗത്തെക്കുറിച്ചും, ലക്ഷണം, മരുന്ന്, ചികിത്സ എന്നിവയെപ്പറ്റിയും കൂടുതലായി അറിയാം.



**രോഗലക്ഷണങ്ങളില്ലാത്ത അല്ലെങ്കിൽ വളരെ കുറച്ചു ലക്ഷണങ്ങൾ മാത്രമുള്ള കൊറോണ**

ഇവ പരിശോധയിൽ കണ്ടെത്താം. ഇത്തരം രോഗികൾക്കു ഓക്സിജൻ സാച്ചുറേഷൻ സാധാരണഗതിയിലായിരിക്കും.അതായത് 94 ശതമാനം



**രോഗികൾക്കായുള്ള സുപ്രധാന നിർദ്ദേശങ്ങൾ**

രോഗികൾ മറ്റുള്ളവരിൽ നിന്നെല്ലാം മാറി ഒരു മുറിയിൽ ഐസൊലേഷനിൽ കഴിയണം. പ്രത്യേകിച്ചും അവർ മുതിർന്ന പൗരൻമാരോ, കിഡ്നി,ഹൃദയ രോഗമുള്ളവരോ ഉയർന്ന രക്തസമ്മർദ്ദമുള്ളവരോ ആണെങ്കിൽ



നന്നായി വെന്റിലേഷനുള്ള മുറിയിൽ വേണം രോഗി താമസിയ്ക്കാൻ. ധാരാളമായി ശുദ്ധവായു മുറിക്കകത്തു വരണം.



3 ലെയറുള്ള മാസ്ക് എപ്പോഴും ഉപയോഗിക്കണം.8 മണിക്കൂർ ഉപയോഗത്തിനു ശേഷം മാസ്ക് കളയുക.കൊറോണ രോഗികളെ പരിചരിക്കുന്നവർ എൻ95 മാസ്കുകൾ ഉപയോഗിക്കണം.

ഒരു ശതമാനം സോഡിയം ഹൈപ്പോക്ലോറൈറ്റിട്ട് അണുനശീകരണം നടത്തിയ ശേഷം വേണം മാസ്ക് കളയേണ്ടത്.



രോഗി നന്നായി വെള്ളം കുടിക്കുകയും വിശ്രമിക്കുകയും വേണം



40 സെക്കന്റ് നേരം കൈ സോപ്പുപയോഗിച്ചു കഴുകുക.ആൽക്കഹോൾ അടിസ്ഥാനമായ ഹാൻഡ് സാനിറ്റൈസറുകൾ മാത്രം ഉപയോഗിക്കുക.




ശരീരത്തിന്റെ താപനിലയും ആരോഗ്യ സ്ഥിതിയും രോഗി സ്വയം മുൻകയ്യെടുത്തു പരിശോധിക്കണം.പൾസ്ഓക്സി മീറ്ററുപയോഗിച്ചു രോഗികൾക്കു അവരുടെ ഓക്സിജൻ തോത് അറിയാം.



## വീട്ടിൽ ഒറ്റയ്ക്കിരിക്കേണ്ട(ഹോം ഐസൊലേഷൻ) രോഗികൾ

- രോഗലക്ഷണങ്ങളില്ലാത്തവരും ചെറിയ ലക്ഷണങ്ങളുള്ളവരും
- രോഗിയുടെ വീട്ടിൽ അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കണം
- രോഗിയുടെ പരിചരണത്തിനായി ഒരാൾ ഉണ്ടായിരിക്കണം.പരിചരിക്കുന്ന വ്യക്തി ആശുപത്രിയുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കണം.

60 വയസ്സിനു മുകളിലുള്ളതോ അല്ലെങ്കിൽ രക്തസമ്മർദ്ദം,പ്രമേഹം,ഹൃദയ സംബന്ധമായ അസുഖങ്ങൾ,ദീർഘകാല ശ്വാസകോശ,കരൾ,കിഡ്നി രോഗികൾ എന്നിവരും ഡോക്ടറുടെ ഉപദേശം ചോദിച്ച ശേഷമേ വീട്ടിൽ ഒറ്റയ്ക്കിരിക്കാൻ പാടുള്ളു.

എയ്ഡ്സ് രോഗികൾ,കാൻസർ രോഗികൾ,ആശുപത്രിവാസം ആവശ്യമുള്ള അവയവ മാറ്റം നടത്തിയിട്ടുള്ള രോഗികൾ എന്നിവർക്കു ഹോം ഐസൊലേഷൻ പാടില്ല

കൊറോണ രോഗികളെ പരിചരിക്കുന്നവരും രോഗികളുമായി അടുത്തബന്ധം പുലർത്തിയവരും ഡോക്ടറുടെ ഉപദേശം തേടിയശേഷമേ ഹൈഡ്രോക്സിക്ലോറോക്വിൻ കഴിക്കാവൂ.

**ഹോം ക്വാറന്റൈൻ സംബന്ധിച്ചു കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണം**

**https://www.mohfw.gov.in/pdf/Guidelinesforhomequarantine.pdf**



### പരിചരിക്കുന്നവർ സ്വീകരിക്കേണ്ട മുൻകരുതലുകൾ

3 അടുക്കുകളുള്ള മാസ്ക് എപ്പോഴും ധരിക്കണം.രോഗിയെ പരിചരിക്കുമ്പോൾ എൻ95 മാസ്ക് ധരിക്കണം.രോഗിയെ പരിചരിച്ച ശേഷം ഉടനെതന്നെ കൈകൾ സോപ്പിട്ട് നന്നായി കഴുകണം.ബയോ-മെഡിക്കൽ മാലിന്യം സിപിസിബി യുടെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുവേണം നീക്കംചെയ്യാൻ



### ഹോം ഐസൊലേഷൻ എപ്പോൾ അവസാനിപ്പിക്കാം

രോഗലക്ഷണങ്ങൾ തുടങ്ങി കുറഞ്ഞതു 10 ദിവസത്തിനു ശേഷം ഹോം ഐസൊലേഷൻ അവസാനിപ്പിക്കാം.3 ദിവസം തുടർച്ചയായി പനിയുണ്ടാവാനും പാടില്ല.



### റെംഡസിവിർ

ഏതുമരുന്നുപയോഗിക്കുന്നതും ആശുപത്രിയിൽ ഡോക്ടറുടെ മേൽനോട്ടത്തിൽ വേണം.വീട്ടിലിരിക്കുന്ന കൊറോണ രോഗികൾക്കു സ്വന്തംതീരുമാനത്തിൽ റെംഡസിവിർ നൽകരുത്.

### രോഗലക്ഷണങ്ങളില്ലാത്തവർക്കും ചെറിയ ലക്ഷണങ്ങളുള്ളവർക്കുമുള്ള ചികിത്സ

രോഗികൾ ഡോക്ടറുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കണം.ബുദ്ധിമുട്ടുകൾ നേരിട്ടാൽ ഉടൻ ഡോക്ടറെ അറിയിക്കുക.ഡോക്ടറുടെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ മറ്റു രോഗങ്ങൾക്കുള്ള മരുന്നുകൾ തുടരാം.

പനി,മൂക്കൊലിപ്പ്,ചുമ എന്നിവ കൊറോണയുടെ ലക്ഷണങ്ങളാവാം.രോഗി ചൂടുവെള്ളം കൊണ്ടു സ്ഥിരമായി ഗാർഗിൾ ചെയ്യുകയും ദിവസത്തിൽ രണ്ടോ മൂന്നോ തവണ ആവി പിടിക്കുകയും വേണം

പാരസെറ്റമോൾ 650 ദിവസത്തിൽ 4 തവണ കഴിച്ചിട്ടും പനി കുറയുന്നില്ല എങ്കിൽ ഡോക്ടറുടെ ഉപദേശം തേടണം. ഓക്സിജൻ ലെവൽ താഴുകയോ ശ്വാസംമുട്ട് അനുഭവപ്പെടുകയോ ചെയ്താൽ ഉടൻ തന്നെ ആശുപത്രിയിൽ അഡ്മിറ്റായി ഡോക്ടറുടെ ഉപദേശം തേടണം.

### ചികിത്സ തേടേണ്ടത് എപ്പോൾ

- ശ്വാസംമുട്ട് അനുഭവപ്പെട്ടാൽ
- ഓക്സിജൻ ലെവൽ കുറയുക
- തുടർച്ചയായ നെഞ്ചുവേദന
- മാനസികപ്രശ്നം നേരിട്ടാൽ
- ഗുരുതരമായ രോഗലക്ഷണങ്ങൾ വന്നാൽ

### ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പങ്ക്

- ഐസൊലേഷനിലിരിക്കുന്ന രോഗിയെ നിരന്തരം നിരീക്ഷിക്കുക
- രോഗിയുടെ ആരോഗ്യം ദിവസവും ശ്രദ്ധിക്കുക,വിലയിരുത്തുക
- രോഗിയുടെ വിവരങ്ങൾ കൊവിഡ് 19 പോർട്ടലിലും ബന്ധപ്പെട്ട ആപ്പുകളിലും അപ്ഡേറ്റ് ചെയ്യുക
- ഹോം ഐസൊലേഷൻ പ്രോട്ടോക്കോൾ തെറ്റിക്കുകയോ,അടിയന്തര വൈദ്യ സഹായം വേണ്ടിവരുകയോ ചെയ്താൽ രോഗിയെ ആശുപത്രിയിലേക്കു മാറ്റുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുക.

# ആരോഗ്യം എല്ലാവർക്കും

**2014 ൽ പുതിയ സർക്കാർ രാജ്യത്തിന്റെ സാരഥ്യം ഏറ്റെടുത്തതു മുതൽ, അതുവരെ പ്രാധാന്യം നൽകാതിരുന്ന ഒരു മേഖലയിൽ സമൂലമായ മാറ്റങ്ങൾ വന്നുതുടങ്ങി. പുതിയ ആശുപത്രികളും,മെഡിക്കൽ കോളേജുകളും,മറ്റു സംവിധാനങ്ങളും നിർമ്മിച്ചു ആരോഗ്യ മേഖലയിലെ അടിസ്ഥാനസൗകര്യങ്ങളെ സർക്കാർ ഉടച്ചുവാർത്തു. പാവപ്പെട്ടവർക്കും ചികിത്സ സൗകര്യങ്ങൾ ലഭ്യമാക്കാനും ഗ്രാമങ്ങളിലെയും ടൗണുകളിലെയും വലിയനഗരങ്ങളിലെയും ആരോഗ്യ മേഖലയെ ശക്തിപ്പെടുത്താനുമായി നിരവധി പദ്ധതികൾ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പാക്കി**

രാജ്യത്തെ മഹാഭൂരിപക്ഷം ജനങ്ങളിലേക്കും ആരോഗ്യ അടിസ്ഥാനസൗകര്യങ്ങളെത്തുന്നതു പരമ്പരാഗതമായി വളരെ കുറവാണ്.ആരോഗ്യ പ്രവർത്തകരും അടിസ്ഥാനസൗകര്യങ്ങളും കുറവായ ഉൾനാടൻ ഗ്രാമങ്ങളാണ് കൂടുതൽ ബാധിതം.ഈ അപാകത പരഹരിയ്ക്കാനായി വാർഷിക ബജറ്റിൽ ഏറ്റവും വലിയ നീക്കിയിരുപ്പാണ് ആരോഗ്യമേഖലയ്ക്കു നൽകിയതു. 137 ശതമാനം വർദ്ധന.ആദ്യമായാണ് ഒരു സർക്കാർ ആരോഗ്യ മേഖലയ്ക്കായി ഇത്രയും തുക നീക്കിവെയ്ക്കുന്നത്.

**പ്രതീക്ഷകൾ പൂർത്തീകരിക്കപ്പെടുമ്പോൾ**

കഴിഞ്ഞ വർഷം ജനുവരി 30 നാണ് രാജ്യത്ത് ആദ്യത്തെ കൊറോണ കേസ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.അന്ന് പൂനെയിലെ ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ മാത്രമായിരുന്നു കൊറോണ പരിശോധന സംവിധാനം ഉണ്ടായിരുന്നത്.ഇന്ന് രാജ്യത്തെ 2486 ലാബുകളിൽ പരിശോധന സംവിധാനമായി.മഹാവ്യാധിയെ തുടക്കത്തിലേ നേരിടുന്നതിനൊപ്പം അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു ചികിത്സ സൗകര്യം നൽകുക എന്ന ഇരട്ട ലക്ഷ്യത്തിലാണ് സർക്കാർ നടപടികൾ.ഇതിനായി 2021-22 വാർഷിക ബജറ്റിൽ പ്രധാനമന്ത്രി ആത്മനിർഭർ സ്വസ്ഥ് ഭാരത് യോജനയ്ക്കു കീഴിൽ പ്രത്യേക വ്യവസ്ഥയുണ്ടാക്കി.

## അടിമുതൽ മുടിവരെ മാറ്റം



**137%**

ആരോഗ്യമേഖലയ്ക്കായുള്ള നീക്കിയിരുപ്പിൽ വരുത്തിയ വർദ്ധന സർക്കാർ മേഖലയ്ക്കു നൽകുന്ന പ്രാധാന്യം വ്യക്തമാക്കുന്നു

**80%**

ഒന്നാം ഘട്ട വാക്സിനേഷന്റെ എൺപത് ശതമാനം തുകയും നൽകിയത് പിഎം കെയർ ഫണ്ടിൽ നിന്നാണ്.വെന്റിലേറ്ററുകൾക്കും ഓക്സിജൻ പ്ലാന്റുകൾക്കുമായി പ്രത്യേക സഹായം

### ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കാനായി 4 മേഖലകൾക്ക് പ്രത്യേക ഊന്നൽ




| 01 | 02 | 03 | 04 |
|---|---|---|---|
| രോഗങ്ങൾ തടയാനായി ശുചിത്വത്തിനു പ്രോത്സാഹനം | പാവപ്പെട്ടവർക്ക് ഫലപ്രദവും താങ്ങാൻകഴിയുന്നതുമായ ചികിത്സ സൗകര്യം ഉറപ്പുവരുത്തുന്നു | ആരോഗ്യ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലും ആരോഗ്യപ്രവർത്തകരുടെ നിലവാരം വർദ്ധിപ്പിക്കുന്നതിലും ഊന്നൽ | തടസ്സങ്ങൾ നീക്കാനായി മിഷൻ മോഡിലുള്ള പ്രവർത്തനം |



## പാവപ്പെട്ടവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

**6.3** കോടി ജനങ്ങളാണ് ഭാരിച്ച ചികിത്സ ചിലവ് കാരണം ഓരോവർഷവും ദാരിദ്ര്യരേഖയ്ക്കു താഴേക്കു പോവുന്നത്.

**10.74** കോടി വീടുകളിലുള്ള 50 കോടിയോളം ജനങ്ങളെ 50 ലക്ഷത്തിന്റെ സൗജന്യ ചികിത്സ നൽകുന്ന പിഎംജെഎവൈ-ആയുഷ്മാൻ ഭാരത് യോജനയ്ക്കു കീഴിൽ കൊണ്ടുവന്നു

7676 ജൻഔഷധി കേന്ദ്രങ്ങൾ വഴി 90 ശതമാനം മരുന്നുകളും കുറഞ്ഞ വിലയിൽ ലഭ്യമാക്കി.ഇവിടെ സാനിറ്ററി പാഡുകൾ 1 രൂപയ്ക്കു ലഭിക്കും

ബെയർ-മെറ്റൽ സ്റ്റെന്റുകൾ 7260 രൂപയ്ക്കു ലഭ്യമാക്കി.ഡ്രഗ്-എല്യൂട്ടിംഗ് സ്റ്റെന്റുകൾ(ഡിഇഎസ്) ഉൾപ്പെടെ മെറ്റാലിക് ബയോഡീഗ്രേഡെബിൾ സ്റ്റെന്റുകൾ 29,600 രൂപയ്ക്ക് വാങ്ങാൻ കഴിയും.സ്റ്റെന്റ് വിലയിലുണ്ടാക്കിയതു 85 ശതമാനത്തിന്റെ കുറവ്

- പോഷകാഹാരക്കുറവ് ഇല്ലാതാക്കാനായുള്ള പ്രത്യേക പദ്ധതിയുടെ ഭാഗമായി 22 സംസ്ഥാനങ്ങളിൽ 50 തിലധികം പ്രൊജക്റ്റുകൾ ആരംഭിച്ചു.
- പ്രധാനമന്ത്രി മാതൃത്വ വന്ദന പദ്ധതി പ്രകാരം ഗർഭിണികൾക്ക് 6000 രൂപ. പ്രതിവർഷം 51 ലക്ഷത്തിലധികം സ്ത്രീകൾക്ക് പദ്ധതിയുടെ ഗുണം ലഭിക്കുന്നു.
- പിഎംജെഎവൈ-ആയുഷ്മാൻ ഭാരത് യോജനയ്ക്കു കീഴിൽ പാവങ്ങളുടെ ചികിത്സയ്ക്കായി 700കോടി രൂപയിലധികം ചിലവാക്കി.



**ടിബി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യാൻ സർക്കാർ ലക്ഷ്യമിടുന്നു**

**2025**

2030 ഓടെ ലോകത്തുനിന്നും ടിബി പൂർണ്ണമായും ഇല്ലാതാക്കണമെന്നാണ് ഐക്യരാഷ്ട്രസഭ ലക്ഷ്യമിടുന്നത് അതേസമയം 2025 ഓടെ രാജ്യത്തു നിന്നും ടിബി നിർമ്മാർജ്ജനം ചെയ്യാനാണ് കേന്ദ്രസർക്കാർ ലക്ഷ്യം. രാജ്യത്തെ ടിബി മുക്തമാക്കാനുള്ള തന്ത്രപ്രധാന പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദി ഉൽഘാടനം ചെയ്തുകഴിഞ്ഞു.ആദ്യ 3 വർഷത്തേക്ക് 12000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.

## സ്വച്ഛ് ഭാരത് അഭിയാൻ കൂടുതൽ സ്ഥലങ്ങളിലേക്ക്

स्वच्छ भारत
एक कदम स्वच्छता की ओर

രാജ്യത്തെ മിക്കവാറും ഗ്രാമങ്ങൾ പൊതു സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനങ്ങളിൽ നിന്നും മുക്തമായിക്കഴിഞ്ഞു.2021 ഏപ്രിൽ 20 വരെയുള്ള കണക്ക് പ്രകാരം 11 കോടിയിലധികം ശൗചാലയങ്ങൾ നിർമ്മിച്ചു കഴിഞ്ഞു.

**22** എയിംസ് ആശുപത്രികൾ രാജ്യത്ത് പുതുതായി ആരംഭിച്ചു.മെഡിക്കൽ വിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് നടപടി. പ്രത്യേക പദവി എടുത്തുകളഞ്ഞതിനു ശേഷം 2 എയിംസും 9 മെഡിക്കൽ കോളേജുകളുമാണ് ജമ്മുകശ്മീരിൽ ആരംഭിച്ചത്.

- കൊറോണ വ്യാധിയ്ക്കിടെ 50000 ആരോഗ്യകേന്ദ്രങ്ങൾ രാജ്യത്ത് പുതുതായി തുറന്നു.
- ടെലിമെഡിസിൻ സേവനത്തിന്റെ ഗുണം 10 ലക്ഷത്തിലധികം ആളുകൾക്കു ലഭിച്ചു.
- 2014 ൽ 52000 ബിരുദ സീറ്റുകളും 30000 ബിരുദാനന്തരബിരുദ സീറ്റുകളുമാണ് രാജ്യത്തുണ്ടായിരുന്നത്.അത് യഥാക്രമം 85000, 46000 ആയി ഉയർത്തി.
- 1947 മുതൽ 2014 വരെ രാജ്യത്ത് തുറന്നത് 381 മെഡിക്കൽ കോളേജുകളാണ്. 2014 മുതൽ 2020 വരെയുള്ള കാലയളവിൽ 184 മെഡിക്കൽ കോളേജുകൾ കേന്ദ്രസർക്കാർ ആരംഭിച്ചു.




## എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ് ഉറപ്പാക്കുന്നു

മിഷൻ ഇന്ദ്രധനുഷിനു കീഴിൽ കുട്ടികൾക്കായി 12 രോഗങ്ങൾക്കെതിരായ പ്രതിരോധ കുത്തിവയ്പ്പ് നടത്തുന്നു.
ന്യൂമോകോക്കൽ വാക്സിനേഷനായി മിഷൻ ആരംഭിക്കാൻ ബജറ്റിൽ പ്രഖ്യാപനം.ന്യൂമോകോക്കൽ വാക്സിനേഷൻ വഴി രാജ്യത്തെ 50,000ത്തിലധികം കുട്ടികളുടെ ജീവൻ രക്ഷിക്കാൻ കഴിയും

**3.70**

കോടി കുട്ടികളും 92 ലക്ഷത്തോളം ഗർഭിണികളും മിഷൻ ഇന്ദ്രധനുഷിനു കീഴിൽ വാക്സിൻ കുത്തിവയ്പ്പെടുത്തു. ■



7 വർഷങ്ങൾ
നവഭാരതം
നിർമ്മിക്കുന്നു

# നവഭാരതം

## പരിവർത്തനത്തിന്റെ പാതയിൽ

**ദശാബ്ദങ്ങളോളം വിധിയെ ആശ്രയിച്ചിരുന്ന രാജ്യം,എല്ലാവരെയും ഉൾക്കൊണ്ടുള്ള വികസനത്തിലൂടെയും സാങ്കേതിക വിദ്യയുടെ മികച്ച ഉപയോഗം വഴിയും ഇപ്പോൾ പുരോഗതിയുടെ പാതയിലാണ്......**

**രാജ്യത്തെ ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിന് താഴെയുള്ളവരാണ്.ഭാരതത്തെ വികസനത്തിന്റെ പുതിയ ഉയങ്ങളിലെത്തിക്കാൻ അവർക്ക് പ്രകൃതിദത്തമായ അഭിലാഷവും താൽപര്യവുമുണ്ട്.'പുതിയ ഭാരതം,മഹത് ഭാരതം' എന്ന കാഴ്ച്ചപ്പാടിലൂടെ സുരക്ഷിതവും,സമൃദ്ധവും, പുരോഗമിച്ചതുമായ രാജ്യം യുവാക്കൾക്ക് നൽകാനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ലക്ഷ്യമിടുന്നത്.കൊറോണ മഹാവ്യാധിക്കിടയിലും 'നവഭാരത' നിർമ്മാണത്തിൽ മുന്നോട്ട് കുതിക്കുകയാണ് രാജ്യം.....**



“രാജ്യത്തിനുവേണ്ടിയാണ് നമ്മുടെ പ്രത്യയശാസ്ത്രം.രാജ്യം ആദ്യം എന്നുപറയുന്ന അതേ പ്രത്യയശാസ്ത്രവുമായണ് നാം വളർന്നുവന്നത്.ദേശീയനയത്തിന്റെ ഭാഷയിലാണ് നാം രാഷ്ട്രീയ പാഠങ്ങൾ പഠിച്ചത്.നമ്മുടെ രാഷ്ട്രീയത്തിൽ ദേശീയനയമാണ് പരമപ്രധാനം.രാഷ്ട്രീയം അല്ലെങ്കിൽ ദേശീയനയം, ഇതിൽ ഒന്നിനെ നാം സ്വീകരിക്കണം.ദേശീയനയത്തെ സ്വീകരിച്ച് രാഷ്ട്രീയത്തെ രണ്ടാമത് വയ്ക്കാനാണ് മൂല്യങ്ങൾ നമ്മെ പഠിപ്പിച്ചിട്ടുള്ളത്.നമ്മുടെ പ്രത്യയശാസ്ത്രം ‘എല്ലാവർക്കുമൊപ്പം,എല്ലാവരുടയും വികസനം,എല്ലാവരുടെയും വിശ്വാസം’ എന്നാണ് പറയുന്നത്.ജീവിതത്തെ മുന്നോട്ട് നയിക്കുന്ന ഈ മന്ത്രം നമുക്ക് അഭിമാനകരമാണ്.”

**പ്രധാനമന്ത്രി നരേന്ദ്ര മോദി**

രാഷ്ട്രീയ മഹാശക്തികളാണ് ഇരുപതാം നൂറ്റാണ്ടിനെ രൂപപ്പെടുത്തിയതെങ്കിൽ സാങ്കേതികവിദ്യയാണ് ഇരുപത്തിഒന്നാം നൂറ്റാണ്ടിനെ നയിക്കുന്നത്.സാങ്കേതികവിദ്യ വികസനത്തിനായി പ്രധാനമന്ത്രി നരേന്ദ്രമോദി തയ്യാറാക്കിയ മാർഗരേഖ രാജ്യത്ത് സദ്ഭരണത്തിന് പ്രചോദനം നൽകി.ഭാരതത്തിനുണ്ടായ ത്വരിത വികസനം ആഗോള സമൂഹത്തെ അദ്ഭുതപ്പെടുത്തുക മാത്രമല്ല വിവിധ അന്താരാഷ്ട്ര വേദികളിൽ ഭാരതത്തിന്റെ ഔന്നത്യം ഉയർത്തുകയും ചെയ്തു.സാങ്കേതികവിദ്യ മികച്ച രീതിയിൽ ഉപയോഗിക്കാൻ കഴിഞ്ഞതുകൊണ്ടാണ് കൊറോണ മഹാവ്യാധിയുടെ ഇക്കാലത്തും ഭാരതത്തിന് മുന്നോട്ട് കുതിക്കാൻ കഴിയുന്നത്.ലോക്ഡൗൺ വന്നപ്പോഴും പാവപ്പെട്ടവർക്ക് അവരുടെ അവകാശങ്ങൾ എളുപ്പത്തിൽ നേടാൻ കഴിഞ്ഞു.ജനസംഖ്യയിൽ രണ്ടാം സ്ഥാനത്തുള്ള രാജ്യമായ ഭാരതം മികച്ച ആരോഗ്യ അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിച്ച് കൊറോണയെ നേരിടുകയും ഒന്നാം തരംഗത്തിൽ റെക്കോഡ് സൃഷ്ടിക്കുകയും ചെയ്തു.ഇപ്പോൾ രണ്ടാം തരംഗത്തിൽ, ‘ജാൻ ഹെതൊ ജഹാൻ ഹെ’ എന്ന മന്ത്രം വീണ്ടും മുന്നോട്ടുവച്ച കേന്ദ്രസർക്കാർ ജീവൻ രക്ഷിക്കുന്നതിനാണ് പ്രഥമ പരിഗണനയെന്ന് സംശയലേശമന്യെ വ്യക്തമാക്കിയിരിക്കുന്നു.

സർക്കാർ പദ്ധതികളുടെ ഗുണഫലങ്ങൾ സമൂഹത്തിൽ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്ക് വരെ നേരിട്ട് ലഭ്യമാകുന്നു. ശാസ്ത്രവും സാങ്കേതികവിദ്യയും ഭാരതത്തിന്റെ വികസനത്തിൽ വലിയ പ്രധാന്യമുള്ള പങ്ക് വഹിക്കുന്നു.ഭരണപരിഷ്കാരങ്ങൾ,റെയിൽവെ പരിഷ്ക്കരണങ്ങൾ,ഒരു രാജ്യം ഒരു നികുതി(ജിഎസ്ടി),അഴിമതി ഇല്ലാതാക്കൽ,നികുതി സുതാര്യത,ഡിജിറ്റൽ ഇന്ത്യ,സ്ത്രീകൾക്കും കർഷകർക്കുമായുള്ള പദ്ധതികൾ,സ്കിൽ ഇന്ത്യ,സ്റ്റാർട്ടപ്പ് ഇന്ത്യ,വിദ്യാഭ്യാസ മേഖലയിലെ മാറ്റങ്ങൾ,പ്രതിരോധരംഗത്തെ പരിഷ്ക്കരണം,വർഷങ്ങളായി മുടങ്ങിക്കിടക്കുന്ന പദ്ധതികളുടെ പൂർത്തീകരണം എന്നിവയെല്ലാം ഇപ്പോൾ സാധ്യമായി.

**നയങ്ങൾ രൂപീകരിക്കുന്നതിലെ നിശ്ചയദാർഢ്യം,വികസനത്തിനായി വേഗത്തിലുള്ള നടപടികൾ,ഗ്രാമവാസികളോടും പാവപ്പെട്ടവരോടും സഹാനുഭൂതി,സാങ്കേതികവിദ്യയുടെ പ്രോത്സാഹനത്തിലൂടെ പുരോഗതി,ജിവിതനിലവാരം ഉയർത്തൽ എന്നിവയാണ് ഭാരതത്തിന്റെ പുതിയ വിജയ മാതൃകയുടെ ബാരോമീറ്റർ**

കഴിഞ്ഞ കുറച്ചുവർഷങ്ങളായി പൂർത്തീകരിക്കപ്പെട്ട പദ്ധതികൾ വികസനത്തിന്റെ പുതിയ അളവുകോൽ സൃഷ്ടിച്ചിരിക്കുന്നു.മൈനസ് 30 താപനിലയുള്ള ലഡാക്കിൽ പൈപ്പ് വെള്ളം വരുമെന്നു ആരെങ്കിലും കരുതിക്കാണുമോ?ബ്രഹ്മപുത്ര നദിക്ക് കുറുകെയുള്ള ബോഗിബീൽ പാലം റെക്കോഡ് വേഗത്തിൽ പൂർത്തിയാകുമെന്നു കരുതിയിട്ടുണ്ടാകുമോ?26 വർഷമായി മുടങ്ങിക്കിടന്ന അടൽ ടണലിന്റെ നിർമ്മാണം 6 വർഷത്തിൽ പൂർത്തിയാകുമെന്ന് ചിന്തിച്ചിട്ടുണ്ടാകുമോ?11 കോടി ശൗചാലയങ്ങൾ പണിത് രാജ്യത്തെ പൊതുസ്ഥലങ്ങളിലെ മലമൂത്രവിസർജ്ജനത്തിൽ നിന്നും മുക്തമാക്കുമെന്ന്?ജൻ ധൻ യോജന വഴി 40 കോടി പാവപ്പെട്ടവർക്ക് ബാങ്ക് അക്കൗണ്ടുകൾ നൽകുമെന്ന്? ആയുഷ്മാൻ ഭാരതിനു കീഴിൽ 50 കോടി ജനങ്ങൾക്ക് 5 ലക്ഷം രൂപയുടെ സൗജന്യ ചികിത്സ നൽകുമെന്ന്? കിസാൻ സമ്മാൻ നിധിയിലൂടെ കർഷകരുടെ കടങ്ങൾ വീടുമെന്ന്? സ്കൂൾ കുട്ടികൾക്ക് കണ്ടുപിടിത്തങ്ങൾ നടത്താനും ആഗോളതലത്തിൽ മൽസരിക്കാനും കഴിയുമെന്ന്?സ്റ്റാർട്ടപ്പ് ഇന്ത്യ വഴി യുവാക്കൾ തൊഴിൽ ദായകരാകുമെന്ന്? ബോഡോ,ബ്രു-റീങ് കരാറുകളിലൂടെ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ സമാധാനം വരുമെന്ന്? ഇങ്ങനെയൊക്കെ ആരെങ്കിലും ചിന്തിച്ചിരുന്നോ?



**ഭാരതത്തിന്റെ ജനസംഖ്യശാസ്ത്രവും നവഭാരത നിർമ്മിതിയ്ക്ക് അനുകൂലമാണ്. രാജ്യത്തെ ആകെ ജനസംഖ്യയുടെ പകുതി 27 വയസ്സിൽ താഴെയുള്ളവരാണ്. ഈ യുവത്വത്തിന് നവഭാരത നിർമ്മാണത്തിൽ വലിയ പങ്ക് വഹിക്കാൻ കഴിയും.**

രാജ്യത്തിന്റെ വ്യോമഭൂപടത്തിൽ സിക്കിം ഇടംനേടുമെന്ന്, അനുഛേദം 370 റദ്ദാക്കുമെന്ന്, മുത്തലാഖ് നിരോധിക്കുമെന്ന്, സമാധാനത്തിന്റെയും സാഹോദര്യത്തിന്റെയും അന്തരീക്ഷത്തിൽ രാമക്ഷേത്ര നിർമ്മാണം തുടങ്ങുമെന്ന്, കൊറോണ വ്യാധിക്കിടയിലും ആത്മനിർഭർ ഭാരതിലൂടെ ഒരു നേതൃത്വത്തിന് രാജ്യത്തെ ബഹുഭൂരിപക്ഷം ജനങ്ങളിലേക്കെത്താൻ കഴിയുമെന്ന് എന്നൊക്കെ ചിന്തിച്ചിരുന്നോ? മിന്നലാക്രമണത്തിലൂടെയും ബലാക്കോട്ട് വ്യോമാക്രമണത്തിലൂടെയും മൃദുസമീപനത്തിലുണ്ടായ മാറ്റം ഭാരതം ലോകത്തിനുമുന്നിൽ വ്യക്തമാക്കി. ഭാരതത്തിന്റെ ദീർഘകാല താൽപര്യം പരിഗണിച്ച് സർക്കാർ എടുത്ത നടപടികൾക്ക് ഇത്തരത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്.

**ഭാരതത്തിന് പുതിയ പ്രഭാതം**

രാജ്യത്തിന്റെ സാമ്പത്തിക മേഖലയുടെ വികസനത്തിനായി സദ്ഭരണത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സബ്ക് സാഥ് സബ്കാ വികാസ്( എല്ലാവരെയും ചേർത്ത് എല്ലാവരുടേയും വികസനം) എന്ന ആശയത്തെ വികസന പ്രക്രിയയെ മുന്നോട്ട് നയിക്കുന്ന പ്രധാന ഘടകമാക്കി മാറ്റി.

45 വയസ്സിന് മുകളിൽ പ്രായമായവരുടെ പ്രതിരോധ വാക്സിൻ കുത്തിവെയ്പ്പ് ഏപ്രിൽ 12 മുതൽ തൊഴിലിടങ്ങളിലും ആരംഭിച്ചു.

**നിങ്ങളുടെ സ്വപ്നത്തിലെ നവഭാരതം എങ്ങനെ എന്ന് ശ്രവിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക.**

https://m.youtube.com/watch?v=G768OYT5QSY

ദാരിദ്ര്യം, മാലിന്യം, അഴിമതി, ഭീകരവാദം, ജാതീയത, വർഗ്ഗീയത എന്നിവയിൽ നിന്നെല്ലാം മുക്തമായ ഭാരതം എന്ന സ്വപ്നം രാജ്യം അതിന്റെ 75-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ യാഥാർത്ഥ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. നവഭാരത സങ്കൽപ്പത്തെപ്പറ്റി പ്രധാനമന്ത്രി നരേന്ദ്രമോദി പറയുന്നത്, 35 വയസ്സിൽ താഴെയുള്ള രാജ്യത്തെ 65 ശതമാനം വരുന്ന ജനങ്ങളുടെയും സ്വപ്നങ്ങളെ സാക്ഷാത്ക്കരിക്കുന്ന ഒരു രാഷ്ട്രമായി ഭാരതത്തെ മാറ്റണം എന്നാണ്. വനിതകൾ ശാക്തീകരിക്കപ്പെട്ട ഒരു രാജ്യം. സർക്കാരിൽ നിന്ന് പ്രയോജനങ്ങൾ ആവശ്യപ്പെടുന്നതിന് പകരം രാജ്യത്തിനായി എന്തെങ്കിലും നൽകാൻ പാവപ്പെട്ടവർക്ക് പോലും സാധിക്കുന്ന ഒരു രാജ്യമായി മാറണം. എന്തെങ്കിലും നേട്ടത്തിന് വേണ്ടി മാത്രം ഒന്നിനെ അംഗീകരിക്കുക എന്ന സങ്കുചിത ചിന്തയെ രാജ്യത്തെ പാവപ്പെട്ടവർ അംഗീകരിക്കില്ല. അവനവന്റെ വിയർപ്പും അധ്വാനവും കൊണ്ട് ഉത്സാഹത്തോടെ മുന്നോട്ട് പോവാൻ ആഗ്രഹിക്കുന്ന പാവപ്പെട്ടവർക്ക് ആകെ ആവശ്യമായത് അവസരങ്ങളാണ്. ഇതാണ് പുതിയ ഭാരതത്തിന്റെ അടിത്തറ.

**നവഭാരതത്തെക്കുറിച്ച് യുവാക്കൾ ചിന്തിക്കുന്നത് എന്ത്**




**ആധുനിക സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ സാങ്കേതിക വിദ്യയുടെ പങ്ക് നിസ്തർക്കമാണ്. നമ്മുടെ വ്യക്തിപരവും ഉദ്യോഗപരവുമായ ജീവിതത്തെ മാത്രമല്ല സാങ്കേതികവിദ്യ സ്വാധീനിക്കുന്നത്, ലോകത്തിന്റെ സാമ്പത്തികാവസ്ഥയെ തന്നെ അത് രൂപപ്പെടുത്തുന്നു.**

**സാങ്കേതികവിദ്യ നമ്മുടെ ദേശീയ നയത്തിന്റെ അടിസ്ഥാനം**

യോജിക്കുന്ന പരിഹാരം കണ്ടെത്തി പ്രശ്നങ്ങൾ ഇല്ലാതാക്കണമെന്ന ചിന്താധാരയുടെ വക്താവാണ് പ്രധാനമന്ത്രി നരേന്ദ്രമോദി.

സദ്ഭരണത്തിന് വേണ്ടിയുള്ള മോദിയുടെ പരിശ്രമങ്ങളെല്ലാം സാങ്കേതികവിദ്യയുടെ വർദ്ധിച്ച ഉപയോഗം കൊണ്ടാണ് സാധ്യമാക്കിയത്. നോട്ട്നിരോധനത്തോടെ രാജ്യത്തെ ഡിജിറ്റൽ പണമിടപാടുകൾ വൻതോതിലാണ് ഉയർന്നത്.

ഭാവിയെ മുൻകൂട്ടിക്കണ്ടുകൊണ്ട് സാങ്കേതികവിദ്യാ നയം രൂപീകരിക്കുന്ന രാജ്യങ്ങളിൽ പ്രധാനം ഭാരതമാണ്.

സാങ്കേതികവിദ്യ വലിയ തോതിൽ മുഖം മാറ്റിയ വിവിധ മേഖലകളിൽ ഒന്ന് കാർഷിക മേഖലയാണ്. ആർജ്ജിത ബുദ്ധി(ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും കർഷകരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ദിവ്യാംഗരുടെ ജീവിതം അനായാസകരമാക്കുന്നതിനുമെല്ലാം സഹായിക്കും.



**കൊവിഡ് മഹാവ്യാധിയുടെ ആഘാതം രാജ്യത്ത് ആഞ്ഞടിച്ചപ്പോൾ തന്നെ പ്രധാനമന്ത്രിയുടേയും പാർലമെന്റംഗങ്ങളുടേയും ശമ്പളം വെട്ടിക്കുറച്ച തീരുമാനവുമുണ്ടായി.**

തൊഴിൽ തേടി നടക്കുന്നവരിൽ നിന്ന് തൊഴിൽ ദായകരിലേക്ക് ആളുകൾ വളരണമെന്ന ആഗ്രഹമാണ് പ്രധാനമന്ത്രി എല്ലായ്പ്പോഴും പ്രകടിപ്പിക്കുന്നത്. ജിഎസ്ടി നടപ്പാക്കിയത് വലിയ മാറ്റമെത്തിച്ചു. ഫ്രീലാൻസ് ചെയ്യുന്നവരും സേവന ദാതാക്കളും എല്ലാം ജിഎസ്ടിക്ക് കീഴിലായി. അടൽ ഇന്നവേഷൻ മിഷനിലൂടെയും അടൽ തിങ്കറിംഗ് ലാബുകളിലൂടെയും പത്തുലക്ഷത്തോളം കുട്ടികളെ പുതുതായി ഗവേഷണ മേഖലയിലേക്ക് എത്തിക്കാൻ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നു. ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വരവോടെ പണം നേരിട്ട് നൽകുന്നതിന് പകരം ശമ്പളം ബാങ്ക് അക്കൗണ്ടുകളിലൂടെയും മറ്റു ഡിജിറ്റൽ പേമെന്റ് മാർഗ്ഗങ്ങളിലൂടെയുമായി മാറി. സർക്കാരിന്റെ നിരവധി ഡിജിറ്റൽ സാങ്കേതിക വിദ്യാ പ്രോത്സാഹന പദ്ധതികൾ വഴി തൊഴിലാളികളുടെ സേവനങ്ങളും അവരുടെ മറ്റു തൊഴിൽ സാഹചര്യങ്ങളും മെച്ചപ്പെട്ടു തൊഴിൽ പരിഷ്ക്കരണങ്ങൾ നടപ്പാക്കുന്നതോടെ രാജ്യം അതിവേഗ വികസനത്തിന്റെ പാതയിലെത്തും.

**ആഗോള നേതൃത്വത്തിന് യോജിച്ച സമയം**

രാജ്യത്തെ ആവർത്തന ഊർജ്ജത്തിന്റെ സംഭരണശേഷി ഉയർത്തുന്നതിനായി ഭാരതം ലക്ഷ്യം വെച്ചുള്ള പ്രവർത്തനങ്ങൾ നടത്തി. പാരിസ് പരിസ്ഥിതി ഉടമ്പടി നടപ്പാക്കുന്നതിനായി മികച്ച നേതൃപങ്കും ഭാരതം വഹിച്ചു. ആഗോള കണ്ടുപിടുത്ത സൂചികയിൽ സ്ഥാനം നിരന്തരം മെച്ചപ്പെടുത്തുന്ന രാജ്യമായ ഭാരതം നിലവിൽ 48-ാം സ്ഥാനത്താണ്. കഴിഞ്ഞ കുറച്ചുവർഷങ്ങളായി വാർഷിക ആളോഹരി വരുമാനത്തിലും രാജ്യത്ത് വർദ്ധനവുണ്ട്. 78,000ത്തിൽ നിന്ന് 1.25 ലക്ഷമായി പ്രതിശീർഷ വാർഷിക വരുമാനം ഉയർന്നു. താഴേക്കുള്ള കാർഷിക മേഖലയുടെ വളർച്ച അവസാനിച്ചു. നികുതി ദായകരുടെ എണ്ണം ഇരട്ടിയിലധികമായി. ദേശീയപാതകളുടെ നിർമ്മാണ വേഗത പ്രതിദിനം പന്ത്രണ്ട് കി.മി യിൽ നിന്ന് പ്രതിദിനം 37 കി.മിയിലേക്ക് എത്തി. ഗ്രാമീണ റോഡുകളുടെ നിർമ്മാണ പുരോഗതി പ്രതിദിനം 70 കി.മിയിൽ നിന്ന് 130 കി.മി ആയി ഉയർന്നു.

റെയിൽപാതകളുടെ വൈദ്യുതീകരണം 3,000 കി.മിയിൽ നിന്ന് 13,000 കി.മിയായി വർദ്ധിച്ചു. ഒപ്ടിക്കൽ ഫൈബറുകളുടെ ശൃംഖല വർദ്ധിച്ചതും വൈദ്യുതോൽപ്പാദന ശേഷി ഉയർന്നതും വിദേശ നിക്ഷേപ തോത് ഉയർന്നതും നിരവധി വളർച്ചാ സൂചകങ്ങളിൽ രാജ്യത്തിന്റെ സ്ഥാനം കൂടിയതും ശ്രദ്ധേയമായി. ബിസിനസ് ചെയ്യാൻ എളുപ്പമുള്ള രാജ്യങ്ങളുടെ പട്ടികയിൽ 2014ലെ 142-ാം സ്ഥാനത്ത് നിന്ന് ഇപ്പോഴത്തെ 63-ാം സ്ഥാനത്തേക്ക് ഭാരതമെത്തി. വൈദ്യുതി ലഭ്യതയുടെ കാര്യത്തിൽ 2014ൽ 99-ാമത് സ്ഥാനമായിരുന്നു രാജ്യത്തിനെങ്കിൽ 2018ൽ അത് 26-ാം സ്ഥാനമാണ്. ആഗോള മത്സരക്ഷമതാ സൂചികയിൽ 71-ാം സ്ഥാനത്ത് നിന്ന് 58-ാം സ്ഥാനത്തേക്ക് എത്തിയ ഭാരതം, ആഗോള സാമ്പത്തിക ഫോറത്തിന്റെ വിനോദസഞ്ചാര സൂചികയിൽ 65-ാം സ്ഥാനത്ത് നിന്ന് 34-ാം സ്ഥാനത്തേക്ക് ഉയർന്നു. ശക്തവും ഉത്തരവാദിത്വവുമുള്ള നേതൃത്വം സമയാസമയങ്ങളിൽ സ്വീകരിക്കുന്ന തീരുമാനങ്ങൾ പുരോഗതി വേഗത്തിലാക്കും. പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി കൊവിഡ് കാലത്ത് സർക്കാർ എത്ര ഊർജ്ജിതമായാണ് സാധ്യമായ എല്ലാ നടപടികളും എടുത്ത് പ്രവർത്തിച്ചത്. പൂർവ്വസ്ഥിതിയിലേക്കെത്താനുള്ള ഭാരതത്തിന്റെ കഴിവിന്മേലുള്ള പരീക്ഷണമാണ് കൊവിഡ് കാലം. വിവിധ ഘട്ടങ്ങളിൽ തെളിഞ്ഞിട്ടുള്ള കാര്യമാണ്, ഒരു ലക്ഷ്യത്തിലേക്ക് ഭാരതം മുന്നോട്ട് പോയാൽ മുഴുവൻ മനസ്സോടെയും ലക്ഷ്യത്തിലേക്ക് എത്താൻ രാജ്യം ശ്രമിക്കും. നമ്മുടെ സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ പ്രധാന ഘടകവും ഇതുതന്നെയായിരുന്നു. അക്കാലത്ത് രചിക്കപ്പെട്ട പ്രശസ്ത കവി സോഹൻലാൽ ദ്വിവേദിയുടെ വരികൾ, മുഴുവൻ സ്വാതന്ത്ര്യസമര പ്രക്ഷോഭത്തെയും മഹാത്മാ ഗാന്ധിയെയും എല്ലാം വിശേഷിപ്പിച്ചത്, ഐക്യമാണ് ശക്തി എന്ന വാക്കുകൾ കൊണ്ടായിരുന്നു.



**നവഭാരതം ലക്ഷ്യമിട്ടുള്ള യജ്ഞം ആരംഭിച്ചത് സ്വച്ഛ ഭാരത യജ്ഞത്തോടെയാണ്. പിന്നീടത് ഡിജിറ്റൽ ഇന്ത്യ, മേയ്ക്ക് ഇൻ ഇന്ത്യ എന്നിവയിലൂടെയും ഒടുവിലത് സ്വയംപര്യാപ്ത ഭാരതം , പ്രാദേശിക വസ്തുക്കളുടെ പ്രോത്സാഹനത്തിലും എത്തിനിൽക്കുന്നു.**

**चल पड़े जिधर दो डग, मग में**
**चल पड़े कोटि पग उसी ओर**
**गड़ गई जिधर भी एक दृष्टि**
**गड़ गए कोटि दृग उसी ओर** ■

7 വർഷങ്ങൾ
നവഭാരതം
നിർമ്മിക്കുന്നു

**പരിവർത്തനം സാങ്കേതികവിദ്യയിലൂടെ**



# ഭാരതത്തിന്റെ എഞ്ചിനീയറിംഗ് ശേഷിയുടെ അത്ഭുതം

**എല്ലാ ഭാരതീയരും വികസനത്തിനായി കാത്തിരിക്കുന്നു. പുതിയ ഭാരതത്തിന്റെയും യുവജനങ്ങളുടേയും വികാരം പുതിയ കേന്ദ്രസർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ട്. 137 കോടി പൗരന്മാരുടെ അഭിലാഷങ്ങളാണ് രാജ്യത്തെ വേഗത്തിൽ മുന്നോട്ട് നയിക്കുന്നത്. വികസനം ലക്ഷ്യമിട്ട് മോദി സർക്കാർ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ നടപ്പാക്കിയ പ്രധാന പദ്ധതികളെല്ലാം നിരവധി ദശാബ്ദങ്ങളായി മുടങ്ങിക്കിടന്നവ ആയിരുന്നു. ഈ പ്രവർത്തനം ഒരിക്കലും അവസാനിക്കില്ല, രാജ്യം ഒരിക്കലും പിന്നോട്ടുമില്ല.....**

ഈ റോഡ് നിർമ്മിച്ചില്ലായിരുന്നുവെങ്കിൽ എന്റെ മുത്തശ്ശിയുടെ വീട്ടിലേക്ക് ഞാനെങ്ങനെ പോകുമായിരുന്നു, കശ്മീർ താഴ്വരയിലെ റെസി നഗരത്തിലെ താമസക്കാരിയായ കുഞ്ഞു തൻവി ചോദിക്കുന്നു. റെയിൽവേയോട് നന്ദിയുണ്ട്, അവർ കാരണമാണ് ഇപ്പോൾ ഇവിടെ ഇരുമ്പ് മാർക്കറ്റ് ഒരെണ്ണം കൂടി വന്നത്. നമ്മുടെ കുട്ടികൾക്ക് ഇവിടെ ജോലി ലഭിക്കുന്നു. ദോധാമ്പിലെ അബ്ദുൾ കരീം ലോഹർ പറഞ്ഞു. ഉധംപൂർ-ബാരാമുള്ള റെയിൽ പാത വരുന്നതോടെ ദൂരം കുറയുകയും നിരവധി കടകളും ഹോട്ടലുകളും പുതുതായി ഉയരുകയും ചെയ്യുമെന്ന് റാമ്പാൻ ജില്ലയിലെ ഖിയാസ് അഹമ്മദ് ഖതാമത് പറയുന്നു. ഏറെ യാത്രാപ്രശ്നങ്ങളുള്ള ഇവിടെ ഓരോ മണിക്കൂറിലും ഇപ്പോൾ ട്രെയിൻ ലഭിക്കുന്ന സ്ഥിതി ഉണ്ടായെന്ന് ട്രക്ക് ഡ്രൈവർ കുൽദീപ് പ്രതികരിച്ചു. ജമ്മു കശ്മീരെന്ന കേന്ദ്രഭരണപ്രദേശത്തെ സാധാരണക്കാരായ ജനങ്ങൾക്ക് പുതിയ റെയിൽപദ്ധതി ഏറെ സന്തോഷം നൽകുന്നതാണ്. പാവപ്പെട്ടവർക്ക് മാത്രമല്ല, രോഗികൾക്കും സ്കൂൾ കുട്ടികൾക്കും പ്രയോജനകരമായ റെയിൽവേ പാത വന്നതോടെ മേഖലയിലെ യുവാക്കൾക്ക് നിരവധി തൊഴിലവസരങ്ങളും വന്നുചേർന്നു.

ഉധംപൂർ-ബാരാമുള്ള റെയിൽ ലിങ്ക് പദ്ധതി ജമ്മു കശ്മീരിന്റെ വികസനത്തോടുള്ള കേന്ദ്രസർക്കാരിന്റെ പ്രതിബദ്ധതയുടെ തെളിവ് കൂടിയാണ്.



# യാത്രാ സമയം കുറയുന്നത്...............

**പാലത്തിന്റെ നീളം**

**1,315 | മീറ്റർ**

**പദ്ധതി ചെലവ്**

**27,949 | കോടി**

## 359-മീറ്റർ ഉയരം

359 ലോകത്തിലെ ഏറ്റവും ഉയരം കടിയ റെയിൽവേ പാലമാണ് ചെനാബ് നദിക്ക് കുറുകേ നിർമ്മിച്ച ആർച്ച്പാലം. പാരീസിലെ ഈഫൽ ഗോപുരത്തേക്കാൾ 35 മീറ്റർ ഉയരം കൂടിയതാണ് ഈ പാലം.

## 28,660 മെട്രിക് ടൺ സ്റ്റീൽ ഉപയോഗിച്ചു

1,315 മീറ്റർ ദൈർഘ്യമുള്ള പാലത്തിന്റെ കാലാവധി 120 വർഷമാണ്. ഭാരതത്തിൽ ആദ്യമാണ് ഇത്ര കാലാവധി. ഡിആർഡിഒയുമായി സഹകരിച്ച് സ്ഫോടനത്താൽ പോലും തകർക്കാനാവാത്ത വിധമാണ് പാലത്തിന്റെ നിർമ്മാണം.

ചെനാബ് നദിക്കുകുറുകെ ആർച്ച് പാലം നിർമ്മിക്കുക എന്നതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി.അത് പൂർത്തിയായി.കശ്മീർ താഴ്വരയെ രാജ്യത്തിന്റെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്ന പാലത്തിലൂടെ അടുത്ത വർഷം ആഗസ്തിൽ ഏകദേശം 100 കിലോമീറ്റർ വേഗത്തിൽ ട്രെയിൻ ഓടും.പദ്ധതിപൂർത്തിയാകുന്നതോടെ കശ്മീരിനും കന്യാകുമാരിക്കുമിടയിൽ നേരിട്ടുള്ള റെയിൽബന്ധമാകും.27,949 കോടിയാണ് പദ്ധതി ചെലവ്.272 കിലോമീറ്റർ റെയിൽപാത ഹിമാലയത്തിലൂടെയും ആഴത്തിലുള്ള താഴ്വരകളിലുടെയുമാണ് കടന്നുപോവുന്നത്. അതുകൊണ്ടു തന്നെ നിർമ്മാണം വളരെയധികം വെല്ലുവിളികൾ നിറഞ്ഞതാണ്.പാതയുടെ പൂർത്തീകരണത്തിനായി 927 പാലങ്ങൾ,38 തുരങ്കങ്ങൾ എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.ഇതോടൊപ്പം 205 കിലോമീറ്റർ നീളമുള്ള അപ്രോച്ച് റോഡിന്റെയും പണി നടക്കുന്നു.മേഖലയിലുള്ള 1.5 ലക്ഷം ആളുകൾക്ക് ഇതുവഴി റോഡ്ബന്ധം ലഭിക്കും.

'സൗകര്യങ്ങളും ജീവിതനിലവാരവും വർദ്ധിപ്പിക്കുന്നതിനൊപ്പം സാമുഹികവും സാമ്പത്തികവുമായ വികസനവും റെയിൽപാതകൾ കൊണ്ടുവരുന്നു.ആർച്ച് പാലത്തിനൊപ്പം റോഡ് ശൃംഖലയുടെയും നിർമ്മാണം നടക്കുന്നുണ്ട്.ഇത് പ്രദേശവാസികളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരും', കേന്ദ്ര റെയിൽവെ മന്ത്രി പിയൂഷ് ഗോയലിന്റെ വാക്കുകൾ.

### ആർച്ച് പാലത്തിന് ഈഫൽ ടവറിനേക്കാളും ഉയരം

കത്ര-ബനിഹാൾ സെക്ഷനിൽ 1.3 കിലോമീറ്റർ പാലത്തിന് 359 മീറ്ററാണ് ഉയരം.ഇത് ഫ്രാൻസിലെ ഈഫൽ ടവറിനെക്കാളും കൂടുതലാണ്.നിർമ്മാണത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണിത്.അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പാലത്തിന്റെ പണി പൂർത്തിയാക്കിയത്.പാലത്തിന്റെ ആകെ നീളം 1.315 കിലോമീറ്റർ,ആകെ സ്പാനുകൾ 17.പ്രധാന ആർച്ച് സ്പാനിന്റെ നീളം 467 മീറ്ററാണ്,ഭാരം 10,619 മെട്രിക് ടണ്ണും.മണിക്കൂറിൽ 266 കിലോമീറ്റർ വരെ വേഗത്തിൽ അടിക്കുന്ന കാറ്റിനെ പ്രതിരോധിക്കാൻ പാലത്തിന് കഴിയും.പാലം സ്ഥിതിചെയ്യുന്നത് സീസ്മിക് സോൺ നാലിലാണ്.സീസ്മിക് സോൺ അഞ്ചിലാണ് ഏറ്റവും ശക്തമായ ഭൂകമ്പങ്ങൾ ഉണ്ടാവുക. സീസ്മിക് സോൺ അഞ്ചിലുണ്ടാകുന്ന ഭൂകമ്പത്തെ പ്രതിരോധിക്കാനുള്ള ശേഷി പാലത്തിനുണ്ട്.പാലം നിർമ്മാണത്തിനായി 28,660 മെട്രിക്ടൺ സ്റ്റീൽ ഫാബ്രിക്കേറ്റ് ചെയ്തു,120 വർഷമാണ് പാലത്തിന്റെ കാലാവധി.ഫേസ്ഡ് അറെ അൾട്രസോണിക് സംവിധാനമുപയോഗിച്ചാണ് വെൽഡിംഗുകളുടെ പരിശോധന നടത്തിയത്.രാജ്യത്താദ്യമായാണ് ഈ യന്ത്രം ഉപയോഗിക്കുന്നത്. പാലത്തിന്റെ ആകെ വലുപ്പം ഒരു ഫുട്ബോൾ ഗ്രൗണ്ടിന്റെ മൂന്നിലൊന്ന് വരും. 915 മീറ്റർ നീളമുള്ള കേബിളാണ് നദിക്ക് കുറുകേ വലിച്ചുകെട്ടിയിരിക്കുന്നത്. ഇതു ലോകത്തിലെ ഏറ്റവും വലുതാണ്. 10 ലക്ഷം ക്യുബിക് മീറ്റർ എർത്ത് വർക്കും 66,000 ക്യുബക് മീറ്റർ കോൺക്രീറ്റും പാലത്തിനായി ഉപയോഗിച്ചു.

"ഇരുവിഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള ഇത്തരം പദ്ധതികൾ സംസ്ഥാനത്തിന്റെ വികസന ഭാവിയെ കാണിക്കുന്നതാണ്. ചെനാബ് നദിക്ക് കുറുകേ നിർമ്മിക്കുന്ന റെയിൽ പാലത്തിന്റെ ചിത്രം ഞാൻ കണ്ടു. ആ ചിത്രം കാണുമ്പോൾ ആരുടെ തലയാണ് അഭിമാനം കൊണ്ട് ഉയർന്നു നിൽക്കാത്തത്. രണ്ടു മൂന്നു വർഷത്തിനുള്ളിൽ കശ്മീർ താഴ്വരയാകെ പരസ്പരം ബന്ധിപ്പിക്കുന്ന പദ്ധതികളുമായി റെയിൽവേ മുന്നോട്ട് പോവുകയാണ്", പ്രധാനമന്ത്രി മോദി പറഞ്ഞു.

ഉധംപൂർ-ബാരാമുള്ള റെയിൽ ലിങ്ക് ഏകഭാരതം ശ്രേഷ്ഠഭാരതം എന്ന സങ്കൽപ്പത്തെ യാഥാർത്ഥ്യമാക്കുന്നു. പ്രസിദ്ധമായ ആർച്ച് പാലം കശ്മീരിനെ രാജ്യത്തെ മറ്റു ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നു. രണ്ട് രാജ്യങ്ങളുമായി അന്താരാഷ്ട്ര അതിർത്തി പങ്കിടുന്ന കശ്മീരിലേക്ക് നമ്മുടെ സൈനിക വിഭാഗങ്ങളുടെ അതിവേഗത്തിലുള്ള നീക്കം യാഥാർത്ഥ്യമാക്കാനും ഈ പാലം സഹായിക്കുന്നു. ജമ്മു കശ്മീരിലെ ഉൾപ്രദേശങ്ങളിൽ നിന്നുള്ള എല്ലാ സീസണിലെയും ജനങ്ങളുടെ യാത്രയ്ക്ക് പാലം സഹായകരമാകുന്നു. വിനോദസഞ്ചാര മേഖലയ്ക്കും തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും പുതിയ ആർച്ച് പാലം വഴിയൊരുക്കും. ■



7 വർഷങ്ങൾ നവഭാരതം നിർമ്മിക്കുന്നു

**സാങ്കേതിക വിദ്യയിലൂന്നിയുള്ള പരിവർത്തനം**

**ഒരു അപൂർവ്വമായ സാങ്കേതികതാ നിർവഹണം**

# പൈപ്പ് വെള്ളം

*ജലജീവൻ മിഷൻ വഴി ഏറെ ദുർഘടമായ കാലാവസ്ഥയും ഭൂപ്രകൃതിയുമുള്ള ലഡാക്കിൽ തണുത്തുറഞ്ഞു പോകുന്ന താപനിലയിലും കുടിവെള്ളം ലഭ്യമാക്കുന്നതിന് സാധിക്കുന്നു.*

# ലഡാക്കിലും എത്തിച്ചു

## മൈനസ് 30 ഡിഗ്രിയിലും

**2019 ആഗസ്ത് 15ന് ചെങ്കോട്ട പ്രസംഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ചെയ്ത ശപഥമാണ് രാജ്യത്തെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കും എന്നത്.**

ഏറ്റവും ആധുനിക രാജ്യങ്ങൾക്ക് പോലും അപ്രാപ്യമായ കാര്യമാണ് മൈനസ് 30 ഡിഗ്രിയിലും നാൽപ്പതു ഡിഗ്രിയിലും ഉള്ള പ്രദേശങ്ങളിൽ കുടിവെള്ളം ലഭ്യമാക്കുക എന്നത്. ഇത്ര താഴ്ന്ന താപനിലയിൽ ജലം തണുത്തുറയുകയും ജലവിതരണം നിലയ്ക്കുകയും ചെയ്യും. അതികഠിനമായ ശീതകാലത്ത് റഷ്യയിലെ സൈബീരിയയിലും യുഎസ്എയിലെ ടെക്സാസ്, ചിക്കാഗോ എന്നിവിടങ്ങളിലും പൈപ്പ് വെള്ള വിതരണം നിലയ്ക്കും. എന്നാൽ ഇത്തരം വെല്ലുവിളികളെ സമർത്ഥമായി നേരിട്ടുകൊണ്ടാണ് മൈനസ് 30 ഡിഗ്രിയിലും ലഡാക്കിലെങ്ങും പൈപ്പ് വെള്ളം എത്തിക്കുന്ന സാങ്കേതിക സംവിധാനം നിലവിൽ വന്നത്. കേന്ദ്രസർക്കാരിന്റെ ജലജീവൻ മിഷന് കീഴിലാണ് ഈ അഭിമാനാർഹമായ നേട്ടം രാജ്യത്തിന് കൈവരിക്കാനായത്.

- അതികഠിനമായ ശീതകാലത്ത് തടാകങ്ങളുടെ ഉപരിതലം തണുത്തുറഞ്ഞിരിക്കും. എന്നാൽ അടിത്തട്ടിലെ ജലം ദ്രവരൂപത്തിൽ തന്നെയായിരിക്കും. ഇടകലരൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ദ്രവരൂപത്തിലുള്ള വെള്ളം ശേഖരിച്ച് വീടുകളിൽ വിതരണം ചെയ്യുന്നു.
- നദികളിലെ ജലം ഉപയോഗയോഗ്യമാക്കിയ ശേഷം മലമുകളിലുള്ള ടാങ്കുകളിൽ ശേഖരിക്കുന്നു. തുടർന്ന് ഭൂമിക്കടിയിൽ കുഴിച്ചിട്ടിരിക്കുന്ന പൈപ്പുകളിലൂടെ വീടുകളിലെത്തിക്കുന്നു. സൗരോർജ്ജം ഉപയോഗിച്ച് ജലത്തെ എപ്പോഴും ചൂടാക്കി നിർത്തുന്നു.
- മുൻനിശ്ചയിച്ചിരിക്കുന്ന സമയത്താണ് വീടുകളിൽ വെള്ളവിതരണം. സ്റ്റോക്, നങ്ക്, ഫയാങ്ക് തുടങ്ങിയ ഗ്രാമങ്ങളിലും സമാന മാതൃകയിലാണ് ജലവിതരണം.
- മൂന്നു മുതൽ നാല് അടി വരെ ഭൂമിക്ക് അടിയിലൂടെയാണ് പൈപ്പ് ലൈനുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇതുവഴി കുടിവെള്ളപൈപ്പുകൾ തണുത്തുറഞ്ഞുപോകുന്നതും പൊട്ടിപ്പോകുന്നതും ഒഴിവാക്കാൻ സാധിച്ചു. ആവരണമുള്ള പൈപ്പുകൾ സ്ഥാപിച്ചതോടെ വെള്ളം തണുത്തുറഞ്ഞുപോകുന്നത് തടയാനുമായി.

## ജലജീവൻ മിഷന്റെ പ്രത്യേകതകൾ

**2024** ആകുമ്പോഴേക്കും രാജ്യത്തെ **19.20** കോടി വീടുകളിൽ കുടിവെള്ള വിതരണം എത്തിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

സ്വാതന്ത്ര്യലബ്ധി മുതൽ **2019** വരെ രാജ്യത്തെ **3.23** കോടി വീടുകളിൽ മാത്രമാണ് പൈപ്പ് വെള്ളം എത്തിക്കാൻ സാധിച്ചത്.

ജല ജീവൻ ദൗത്യത്തിന് കീഴിൽ ഇതുവരെ **4** കോടിയിലേറെ വീടുകളിൽ കുടിവെള്ളമെത്തിക്കഴിഞ്ഞു.

എല്ലാവർക്കും പൈപ്പ് വെള്ളമെത്തിക്കുന്ന ആദ്യ സംസ്ഥാനമെന്ന നേട്ടം ഗോവ കരസ്ഥമാക്കി. രണ്ടാം സ്ഥാനത്ത് എത്താനുള്ള പരിശ്രമത്തിലാണ് തെലങ്കാന.



## ദേശീയപാതകളുടെ നിർമ്മാണം വേഗത്തിലാക്കി

# മരം പറിച്ചുനടൽ

വികസന പദ്ധതികളുടെ വേഗത കുറയ്ക്കുന്ന പ്രധാന ഘടകമാണ് പാരിസ്ഥിതിക അനുമതി. ദേശീയപാതകൾ, എക്സ്പ്രസ് വേകൾ, ഹരിത എക്സ്പ്രസ് വേകൾ എന്നിവ ദീർഘകാലത്തേക്ക് നീളാൻ ഇതു കാരണമാകുന്നു. ഒരു പദ്ധതി അംഗീകരിക്കപ്പെട്ടാൽ അതിന് വേണ്ടി മുറിക്കുന്ന മരത്തിന്റെ തുല്യം മരം വെച്ചുപിടിപ്പിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ കേന്ദ്രസർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള നടപടികൾ ഈ സംവിധാനത്തെയാകെ പരിഷ്ക്കരിച്ചു. മരം പറിച്ചുനടീൽ പദ്ധതി എല്ലാ പദ്ധതികളുടേയും ഭാഗമായി മാറിക്കഴിഞ്ഞു. രാജ്യത്തെ ആദ്യ നഗര എക്സ്പ്രസ് വേയായ ദ്വാരക എക്സ്പ്രസ് വേയ്ക്കായി മരം പറിച്ചുനടൽ പദ്ധതി നടപ്പാക്കി വിജയകരമായി പൂർത്തീകരിച്ചു. 29 കി.മി ദൈർഘ്യമുള്ള എക്സ്പ്രസ് വേയ്ക്കായി 12,000 മരങ്ങളാണ് ഇത്തരത്തിൽ പറിച്ചുനട്ടത്.

- ഭാരതമാലാ പദ്ധതിയുടെ ഭാഗമായി 22 ഹരിത ഇടനാഴികളാണ് 2025ഓടെ 3.10 ലക്ഷം കോടി രൂപ ചിലവിൽ നിർമ്മിക്കുന്നത്. ഇതിൽ പെടുന്ന ഡൽഹി-മുംബൈ എക്സ്പ്രസ് വേ പൂർത്തിയാവുന്നതോടെ 1,320 കി.മി ദൂരം യാത്ര ചെയ്യാനുള്ള സമയം 24 മണിക്കൂറിൽ നിന്ന് 13 മണിക്കൂറായി ചുരുങ്ങും. ഇത്തരത്തിലുള്ള സാഹചര്യങ്ങളിലാണ് മരം പറിച്ചുനടൽ സാങ്കേതികവിദ്യകൾ വികസന പദ്ധതികളിൽ നടപ്പാക്കേണ്ടതിന്റെ ആവശ്യകത.
- വികസനം സാധ്യമാക്കുന്നതിനൊപ്പം പരിസ്ഥിതിയെയും ആവാസവ്യവസ്ഥയെയും സംരക്ഷിക്കാനും ഈ പുതിയ സാങ്കേതിക വിദ്യകൾ കൊണ്ട് സാധിക്കും. മരം വെട്ടിമുറിക്കുന്ന അവസ്ഥ ഇല്ലാതാക്കുക എന്നതു തന്നെ മനുഷ്യരാശിക്ക് ചെയ്തു നൽകാൻ സാധിക്കുന്ന ഏറ്റവും വലിയ സംഭാവനയാണ്. രാജ്യത്തിന്റെ വികസനവും ഇതുവഴി സാധ്യമാകും.
- ഒരുമരം പറിച്ചുനടാനുള്ള ചിലവ് 25,000 രൂപയാണ്. ദ്വാരക എക്സ്പ്രസ് വേയിൽ 12,000 മരങ്ങൾ ഇത്തരത്തിൽ മാറ്റിവെച്ചു. 84 ശതമാനമാണ് വിജയ ശതമാനം.
- ആദ്യം മരത്തിൽ കീടനാശിനി തളിക്കുന്നു. പിന്നീട് വേരുകൾ നശിക്കാത്ത തരത്തിൽ മരത്തിന് ചുറ്റും കുഴിക്കുന്നതിനായി ഇടം ഒരുക്കുന്നു.
- വേരുകളിൽ വളം നൽകുകയും ചെളിയിൽ ഒരു അതിർത്തി ഉണ്ടാക്കുകയും ചെയ്യുന്നു. തുടർന്ന് 20-25 ദിവസം അങ്ങനെ നിർത്തും. അതിന് ശേഷം മരത്തിന്റെ മണ്ണടക്കമുള്ള ചുവട് മുറിച്ച് പറിച്ചുമാറ്റുന്നു.
- ഇത്തരത്തിൽ മാറ്റുന്ന മരം 15 ദിവസം അങ്ങനെ വെയ്ക്കുന്നു. അതിജീവിക്കുന്നതിന് വേണ്ടിയാണിത്. അതിജീവിച്ച മരങ്ങൾ എവിടെ വേണമെങ്കിലും നമുക്ക് യന്ത്രസഹായത്തോടെ സ്ഥാപിക്കാം.
- ജിയോ ടാഗിംഗ്, വെബ് അടിസ്ഥാനമായ ജിഐഎസ് അടങ്ങിയ നിരീക്ഷണം, സ്ഥലം, വികസനം, മരത്തിന്റെ ഇനവിവരങ്ങൾ, മറ്റു പണികൾ എന്നിവയെല്ലാം ഹരിത പഥ് ആപ്പ് വഴി നടപ്പാക്കുന്നു.■

**37**
കിലോമീറ്റർ ദേശീയപാതകൾ ഇന്ന് പ്രതിദിനം നിർമ്മിക്കുന്നു. 2014ൽ ഇതുവെറും 12 കിലോമീറ്റർ ആയിരുന്നു.

**1,37, 625**
കിലോമീറ്റർ ദേശീയപാതയാണ് ഏഴുവർഷം കൊണ്ട് നിർമ്മിച്ചത്. നേരത്തെ ഇത് 91,287 കി.മി ആയിരുന്നു.

**ഫാസ് ടാഗ് നടപ്പാക്കി**
ദേശീയപാതകളിലെ ടോൾ പ്ലാസകളിലെ വലിയ വരികൾക്ക് അവസാനം.

**പുതിയ മോട്ടോർ വാഹന നിയമം**
2030ഓടെ രാജ്യത്തെ റോഡുകളിൽ അപകടമരണ നിരക്ക് പൂജ്യമാക്കി മാറ്റാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനം.



7 വർഷങ്ങൾ
നവഭാരതം
നിർമ്മിക്കുന്നു

## സാങ്കേതിക വിദ്യയിലൂന്നിയുള്ള പരിവർത്തനം

അഞ്ചുപതിറ്റാണ്ടിന്റെ
കാത്തിരിപ്പിനൊടുവിൽ

# കൊല്ലം ബൈപ്പാസ്

യാഥാർത്ഥ്യമായി



“നാം ഫ്ളൈ ഓവറുകളും റോഡുകളും നിർമ്മിക്കുമ്പോൾ നഗരങ്ങളെ ഗ്രാമങ്ങളുമായി ബന്ധിപ്പിക്കുക മാത്രമല്ല ചെയ്യുന്നത്, ആഗ്രഹങ്ങളെ നേട്ടങ്ങളുമായി ബന്ധിപ്പിക്കുക കൂടിയാണ് പ്രത്യാശയെ അവസരങ്ങളുമായും പ്രതീക്ഷകളെ സന്തോഷവുമായും ബന്ധിക്കുന്നു.”

### ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾക്ക് പുതുജീവൻ

ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന പദ്ധതികൾ ദീർഘകാലമായി മുടങ്ങിക്കിടന്ന സാഹചര്യത്തിന് അന്ത്യം കുറിച്ച നാളുകളാണ് ഇത്. ബാർമറിലെ റിഫൈനറി ഇതിനൊരു ഉദാഹരണമാണ്. 56 വർഷമായി വൈകിയ സർദാർ പട്ടേൽ സരോവർ ഡാം, 65 വർഷം വൈകിയ ബൻസാഗർ പദ്ധതി, 16 വർഷം പഴക്കമുള്ള അസമിലെ ബോഗിബീൽ പാലം പദ്ധതി എന്നിവയും പട്ടികയിലുണ്ട്. തടസ്സപ്പെടുത്തുക, വൈകിപ്പിക്കുക, വഴിതെറ്റിപ്പിക്കുക തുടങ്ങിയ രീതികൾക്ക് രാജ്യത്ത് അന്ത്യമായിരിക്കുന്നു എന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇതെപ്പറ്റി പറഞ്ഞിട്ടുള്ളത്.

2019 ജനുവരി 15ന് കൊല്ലം ബൈപ്പാസ് ഉദ്ഘാടന വേളയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞ വാക്കുകളാണിത്. രാജ്യത്തെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നടത്തിപ്പിന് പുതുജീവനും ഊർജ്ജവും നൽകിയ വാക്കുകളായിരുന്നു പ്രധാനമന്ത്രിയുടേത്. മുടങ്ങിക്കിടന്ന മറ്റു നിരവധി പദ്ധതികൾക്ക് കൊല്ലം ബൈപ്പാസ് ഒരു പ്രതീകമായി മാറി. മുൻ സർക്കാരുകളുടെ ഉദാസീനത മൂലമാണ് നിരവധി ദശാബ്ദങ്ങളായി വലിയ പദ്ധതികൾ പോലും മുടങ്ങിക്കിടന്നത്. 13.5 കി.മി ദൂരമുള്ള കൊല്ലം ബൈപ്പാസ് ആലപ്പുഴയും തിരുവനന്തപുരവും തമ്മിലുള്ള ദൂരം കുറയ്ക്കുന്നു. 2019 ലാണ് പദ്ധതി പൂർത്തിയായത്.

## ഹൽദിയ-വാരണാസി ജലപാതകൾ

### കിഴക്കൻ ഭാരതത്തിലെ ഉൾനാടൻ ജലപാതകളുടെ സമർത്ഥമായ ഉപയോഗം

പണ്ട്കാലത്ത് ഭാരതത്തിലെ നദികൾക്ക് ഒരു വലിയ കപ്പൽ വ്യൂഹത്തെ തന്നെ വഹിക്കാൻ ശേഷിയുണ്ടായിരുന്നവയായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ജല അടിസ്ഥാന സൗകര്യങ്ങൾ അവഗണിക്കപ്പെട്ടു, എന്നാൽ ഇപ്പോൾ അവസ്ഥയ്ക്ക് വലിയ മാറ്റങ്ങളാണ് കേന്ദ്രനടപടികളെത്തുടർന്ന് സംജാതമായിരിക്കുന്നത്.



### ചരക്ക് നീക്കത്തിന്റെ ചിലവ് കുറയുന്നതോടെ സാധനങ്ങളുടെ വിലയും കുറയുന്നു

ഹൽദിയ – വാരണാസി ജലപാത വലിയ മാറ്റത്തിന്റെ തുടക്കമാണ്. ഉൾനാടൻ ജലപാതകൾ കൂടുതൽ സജീവമാകുന്നതോടെ കിഴക്കൻ ഭാരതത്തിന്റെ വികസനത്തിനും യുപി, ബീഹാർ, ഝാർഖണ്ഡ്, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളുടെ വികസനത്തിനും വഴിവെയ്ക്കും.

വാരണാസി – ഹൽദിയ ജലപാത യാഥാർത്ഥ്യമായതോടെ ചരക്കുനീക്കത്തിന്റെ ചിലവ് വലിയ തോതിലാണ് കുറഞ്ഞത്. ഹൽദിയയെ ബഹുരൂപ ടെർമിനലാക്കി മാറ്റും. ബംഗ്ലാദേശുമായി ഭാവിയിൽ ജലപാതകൾ നിലവിൽ വരും.

#### ഹൽദിയ-വാരണാസി ജലപാതകൾ

| ദൈർഘ്യം: | ചിലവ് | |
|---|---|---|
| 1390 കിലോമീറ്റർ | 4200 കോടി രൂപ | പരിശീലനയാത്രയുടെ ഭാഗമായി മാരുതി കാറുകളുടെ ഒരു വലിയ ചരക്ക് നീക്കം വാരണാസിയിൽ നിന്ന് ഹൽദിയയിലേക്ക് 2016 ആഗസ്തിൽ നടന്നു. |

2014ൽ വെറും നാല് ജലപാതകളായിരുന്നു എങ്കിൽ ഇപ്പോഴത് 111 എണ്ണമായി ഉയർന്നു. 24 സംസ്ഥാനങ്ങളിലെ 20,725 കി.മി ദൂരത്തിൽ ജലപാതകൾ വ്യാപിച്ചുകിടക്കുന്നു. ■




# അടൽ ടണൽ:

## തന്ത്രപ്രധാന-സാമ്പത്തിക ശക്തിയുടെ അടയാളം

മണാലി - ലേ ദേശീയപാതയിൽ റോഹ്താങിൽ ഒരു ടണൽ നിർമ്മിക്കുകയെന്നത് 26 വർഷം നീണ്ടുനിന്ന ഒരു സ്വപ്നമായിരുന്നു. എന്നാൽ കഴിഞ്ഞ ആറുവർഷത്തെ കേന്ദ്രസർക്കാരിന്റെ പ്രത്യേക താൽപ്പര്യം അടൽ ടണൽ യാഥാർത്ഥ്യമാകുന്നതിലേക്ക് വഴിവെച്ചു. ഭാരതത്തിന്റെ സ്വയംപര്യാപ്തതയുടെ അടയാളമാണിത്. ഇതേ തുടർന്ന് ഏഷ്യയിലെ ഏറ്റവും നീളമുള്ള ടണൽ റോഡ് സോജിലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രദേശവാസികളുടെ ജീവിതം കൂടുതൽ മികച്ചതാക്കുന്നതിനൊപ്പം പ്രതിരോധ സേനകൾക്ക് ഉൾനാടൻ അതിർത്തി പ്രദേശങ്ങളിലേക്ക് വേഗത്തിൽ എത്തുന്നതിനും ടണൽ സഹായിക്കുന്നു.

- അതിശക്ത ഹിമപാതത്തെ തുടർന്ന് മണാലി -ലേ ദേശീയപാതയിൽ റോഹ്താങ് പാസിൽ അഞ്ച്-ആറു മാസമാണ് ഗതാഗതം പൂർണ്ണമായി സ്തംഭിക്കുന്നത്. രാജ്യത്തിന്റെ മറ്റുഭാഗങ്ങളുമായുള്ള ബന്ധം ഇല്ലാതാവുന്ന അവസ്ഥ. എന്നാൽ അടൽ ടണൽ വന്നതോടെ ഈ റോഡ് വർഷം മുഴുവനും തുറന്നു തന്നെ കിടക്കും.
- ടണൽ നിർമ്മാണം കേന്ദ്രസർക്കാരിന്റെ ഏറ്റവും പ്രധാന മുൻഗണനാവിഷയം തന്നെയായിരുന്നു. കഴിഞ്ഞ വർഷം ഒക്ടോബർ അവസാനം പ്രധാനമന്ത്രി മോദി അടൽ ടണൽ രാഷ്ട്രത്തിന് സമർപ്പിച്ചു.
- 2002 മെയ് 16ന് അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയാണ് ടണലിന്റെ തറക്കല്ലിട്ടത്. എന്നാൽ പിന്നീട് വന്ന സർക്കാരുകൾ ടണലിന് പ്രത്യേക പരിഗണന നൽകിയില്ല. ടണൽ നിർമ്മാണത്തിന്റെ വേഗത വർദ്ധിച്ചത് 2014ൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനെ തുടർന്നാണ്.

### എന്താണ് അടൽ ടണലിന്റെ പ്രധാന്യം



ലഡാക്കിൽ വിന്യസിച്ചിരിക്കുന്ന സൈന്യത്തിന് ഏറെ സഹായകരമാണ് അടൽ ടണൽ. ഇപ്പോൾ ശീതകാലത്ത് പോലും ആയുധങ്ങളും ചരക്കുനീക്കവും ലഡാക്കിലേക്ക് എളുപ്പത്തിൽ എത്തിക്കാനാവും.

- 10,171 അടി ഉയരത്തിലാണ് അടൽ ടണൽ നിർമ്മിച്ചിരിക്കുന്നത്. ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയതും ഉയരം കൂടിയതുമായ ടണലാണിത്.
- 5.525 മീറ്റർ ഉയരമാണ് 9.02 കി.മി നീളമുള്ള ഈ ഇരട്ടവരി ടണലിനുള്ളത്.
- അർദ്ധ തിരശ്ചീനവും തീപിടുത്തം തടയാനുള്ളതും നിരീക്ഷണ സംവിധാനങ്ങളും വിളക്കുകളും അടക്കം ഇലക്ട്രോ മെക്കാനിക്കൽ സംവിധാനങ്ങളോടെയാണ് ടണൽ പ്രവർത്തിക്കുന്നത്.



### സോജില: ഏഷ്യയിലെ നീളം കൂടിയ ടണൽ റോഡ്

- കഴിഞ്ഞ വർഷമാണ് ഏഷ്യയിലെ ഏറ്റവും നീളമുള്ള ടണൽ റോഡിന്റെ പ്രവർത്തനം സോജിലയിൽ ആരംഭിച്ചത്. ഈ ടണൽ യാഥാർത്ഥ്യമാകുന്നതോടെ ശ്രീനഗർ, ദ്രാസ്, കാർഗിൽ, ലേ തുടങ്ങിയ മേഖലകളുമായി എല്ലാ കാലാവസ്ഥയിലും കരമാർഗ്ഗം ബന്ധം നിലനിൽക്കും.
- സോജില പാസിന്റെ 3000 മീറ്റർ അടിയിലാണ് ടണൽ നിർമ്മിക്കുന്നത്. നിലവിൽ മൂന്നു മണിക്കൂർ എടുക്കുന്ന യാത്രാ സമയം ടണൽ വരുന്നതോടെ 15 മിനുറ്റായി കുറയും. 7,000 കോടി ചെലവ് വരുന്ന പദ്ധതി പ്രതിരോധ തന്ത്രങ്ങളെ ശക്തിപ്പെടുത്തും. ■



# ബോഗിബീൽ പാലം

## അസമിന്റെ ഭാവിക്കായി

അസമിലെ ബോഗീബീൽ പാലം യാഥാർത്ഥ്യമായത് ഭാരതത്തിന്റെ സാങ്കേതികവിദ്യയുടെ കരുത്തിലാണ്. അടിസ്ഥാന സൗകര്യ പദ്ധതികളുടെ വികസനം ഭാരതത്തിന്റെ വളർച്ചയെ നയിക്കുന്ന പ്രധാന ഘടകമാണ്. കിഴക്ക്, വടക്കു കിഴക്ക്, തെക്ക് എന്നിവിടങ്ങളിൽ നിന്നെല്ലാം വിജയകഥകളുടെ ബാഹുല്യമാണ് കാണുന്നത്. ബോഗിബീൽ പാലം രാജ്യത്തെ ഏറ്റവും നീളമുള്ള റോഡ്-റെയിൽ പാലമാണ്. രാമേശ്വരത്തെയും മണ്ഡപത്തെയും ബന്ധിപ്പിക്കുന്ന പുതിയ പാമ്പൻ പാലവും ബോഗിബീൽ പാലവും ഭാരതത്തിന്റെ സാങ്കേതികവിദ്യകളുടെ മേന്മയും പരിചയസമ്പത്തും കാണിക്കുന്നവയാണ്.

**4.94**

കിലോമീറ്റർ ദൈർഘ്യമുള്ള പാലം ദിബ്രുഗഡിനെയും ധീമാജിയെയും ബന്ധിപ്പിക്കുന്നു. 500 കി.മി ദൂരം വെറും 100 കി.മി ആയി കുറഞ്ഞിട്ടുണ്ട്. നേരത്തെ 24 മണിക്കൂർ സമയം എടുത്തിരുന്ന റൂട്ടാണിത്.

1965 മുതൽ ഉയർന്നു വന്നിട്ടുള്ള ആവശ്യമാണ് ബോഗിബീൽ പാലം നിർമ്മാണം. പദ്ധതിയുടെ പൂർത്തീകരണത്തിന് 30 ലക്ഷം ചാക്ക് സിമിന്റ് വേണ്ടിവന്നു. 125 മീറ്റർ നീളത്തിൽ 39 ഗിർഡറുകളിലും സ്പാനുകളിലുമാണ് പാലം നിർമ്മിച്ചത്. ഇന്ത്യൻ റെയിൽവേയുടെ സാങ്കേതികത്തികവ് കാണിച്ചുതരുന്ന പദ്ധതി കൂടിയായിരുന്നു ഇത്.

**5,900**

കോടി രൂപ ഈ റോഡ്-റെയിൽ പാലത്തിന്റെ നിർമ്മാണത്തിനായി ചെലവഴിച്ചു. താഴെ ഇരട്ട റെയിൽ പാലവും മുകളിൽ മൂന്നുവരി പാതയുമാണ്. ഭാരമേറിയ സൈനിക ടാങ്കുകൾക്ക് അതിവേഗത്തിൽ പാലത്തിലൂടെ സഞ്ചരിക്കാനാവും.



# പാമ്പൻ കടൽപ്പാലം

## തമിഴ്നാടിന്റെ വികസനത്തിന്റെ പ്രചോദനം

105 വർഷം പഴക്കമുള്ള പഴയ പാമ്പൻ പാലത്തിന് പകരമാണ് പാമ്പൻ കടൽപ്പാലം തമിഴ്നാട്ടിൽ നിർമ്മിക്കുന്നത്. ഈവർഷം ഡിസംബറോടെ നിർമ്മാണം പൂർത്തിയാവുമെന്നാണ് കരുതുന്നത്. സ്പാൻ സാങ്കേതിക വിദ്യ ഉപയോഗിച്ച് മുകളിലേക്ക് ഉയർത്താവുന്ന വെർട്ടിക്കൽ ലിഫ്റ്റ് റെയിൽവേ കടൽപ്പാലമാണ് ഇത്.

ട്രെയിനുകളുടെ വേഗത്തിലുള്ള യാത്രയ്ക്ക് മാത്രമല്ല, ചരക്ക് നീക്കത്തിലും പാമ്പൻ കടൽപ്പാലം ഉപയോഗിക്കാനാവും. രാമേശ്വരത്തും ധനുഷ്കോടിയിലും പ്രതിവർഷം എത്തുന്ന ലക്ഷക്കണക്കിന് തീർത്ഥാടകർക്ക് പാമ്പൻ പാലം കൂടി വരുന്നത് ഏറെ പ്രയോജനകരമായിത്തീരും. ■



# വിമാനയാത്ര സാധാരണക്കാർക്കും പ്രാപ്തമാക്കി

> *ഹവായ് ചപ്പൽ ഇട്ടുകൊണ്ട് ഹവായ് ജഹ(വിമാനം)യിൽ ആളുകൾ യാത്ര ചെയ്യുന്നതാണ് എന്റെ ലക്ഷ്യം.*

- രാജ്യത്തെ സാധാരണക്കാരന് വിമാനയാത്ര പ്രാപ്തമാക്കുകയെന്ന ലക്ഷ്യം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കുകളിൽ വ്യക്തമാണ്. ഇതിനായി വിമാനയാത്രാനിരക്ക് കുറച്ചു. വിമാനയാത്രയുടെ നിരക്കുകൾ 2,500 രൂപയ്ക്ക് താഴേക്ക് വരെ എത്തിക്കാൻ മോദിക്ക് സാധിച്ചു.
- എല്ലാവർക്കും വിമാനയാത്ര സാധ്യമാക്കാൻ ലക്ഷ്യമിട്ടാണ് ഉഡാൻ പദ്ധതി നടപ്പാക്കിയത്. പുതിയ പദ്ധതി നടപ്പായതോടെ ഒരു കി.മി ദൂരത്തിന് ശരാശരി വെറും അഞ്ചു രൂപയിലേക്ക് വിമാന നിരക്ക് കുറഞ്ഞു. രാജ്യത്തെ ടാക്സി നിരക്ക് പോലും കി.മിക്ക് പത്തുരൂപയാണെന്നോർക്കണം.
- ഒരു മണിക്കൂർ ദൈർഘ്യമുള്ള 500 കി.മി വിമാനയാത്രയ്ക്കും അരമണിക്കൂർ ഹെലികോപ്റ്റർ യാത്രയ്ക്കും 2,500 രൂപ എന്ന നിരക്ക് നിശ്ചയിച്ചു.
- 2,500 രൂപ നിരക്കിൽ 53 ലക്ഷം പേരാണ് വിമാനയാത്ര ചെയ്തത്.
- പുതിയ പദ്ധതി അനുസരിച്ച് രാജ്യത്തെ ആയിരം വ്യോമപാതകളിലൂടെ ഒരുകോടി പേർ വിമാനയാത്ര ചെയ്യാൻ ലക്ഷ്യമിടുന്നു.
- അഞ്ച് ഹെലിപോർട്ട്, 53 എയർപോർട്ടുകൾ, രണ്ട് ജല എയറോഡ്രോമുകൾ എന്നിവ 303 റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനായി നിലവിലുണ്ട്.
- ഉഡാൻ പദ്ധതിക്ക് കീഴിൽ ഹെലികോപ്റ്റർ, സീപ്ലെയിൻ സർവ്വീസുകളുമുണ്ട്. ഉഡാൻ പദ്ധതിയിൽ 11 വിമാനകമ്പനികളാണ് സർവ്വീസ് നടത്തുന്നത്.
- ആയിരം പുതിയ റൂട്ടുകളും 100 പുതിയ വിമാനത്താവളങ്ങളും പ്രവർത്തനക്ഷമമാക്കുക എന്നതാണ് ഉഡാൻ പദ്ധതിയുടെ ലക്ഷ്യം.
- 30 പുതിയ ഹെലിപോർട്ടുകളും സീപ്ലെയിനുകൾക്കായി 10 ജല എയറോഡ്രോമുകളും അടക്കമുള്ള വ്യോമയാന അടിസ്ഥാന സൗകര്യ വികസനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.
- ഗുജറാത്തിലെ കെവാഡിയയ്ക്കും അഹമ്മദാബാദിനും ഇടയിലാണ് രാജ്യത്തെ ആദ്യ സീപ്ലെയിൻ സർവ്വീസ് ആരംഭിച്ചത്. കഴിഞ്ഞ വർഷം പ്രധാനമന്ത്രി മോദി പദ്ധതി ഉദ്ഘാടനം ചെയ്തു. ■




# സ്വയംപര്യാപ്ത ഭാരതത്തിന്റെ കണ്ണാടി

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഭാരതം. നമ്മുടെ ജനാധിപത്യത്തിന്റെ ശ്രീകോവിലാണ് പാർലമെന്റ് മന്ദിരം.അവിടെ രാജ്യത്തിന്റെ ഭാവി തീരുമാനിക്കപ്പെടുന്നു.നമ്മുടെ നിലവിലെ പാർലമെന്റ് മന്ദിരത്തിന് 100 വർഷത്തിലധികം പഴക്കമുണ്ട്. ഈ 100 വർഷത്തിനിടെ നിരവധിതവണ കെട്ടിടത്തിൽ അറ്റകുറ്റപ്പണികൾ നടത്തി.ഇത്രയും പഴക്കമുള്ള കെട്ടിടത്തിൽ ഇരിപ്പിട സൗകര്യവും മറ്റു സാങ്കേതിക സൗകര്യങ്ങളും വർദ്ധിപ്പിക്കൽ പ്രായോഗികമായി സാധ്യമായ ഒന്നല്ല .സർക്കാറിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുക എന്നത് വളരെ പ്രധാനമാണ്.ഈ സാഹചര്യത്തിലാണ് സെൻട്രൽ വിസ്ത പദ്ധതി നടപ്പിലാക്കുന്നത്. ഇരുപത്തിഒന്നാം നൂറ്റാണ്ടിലെ പുതിയ ഭാരതത്തിന് സെൻട്രൽ വിസ്ത പദ്ധതി അത്യാവശ്യമാണ്..

- ഏകഭാരതം ശ്രേഷ്ഠ ഭാരതം എന്ന തത്വത്തിൽ അധിഷ്ഠിതമായി 64,500 സ്ക്വയർമീറ്ററിലാണ് പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണം. 4 നിലയുള്ള കെട്ടിടത്തിന്റെ നിർമ്മാണ ചിലവ് 971 കോടിരൂപയാണ്. രാജ്യം 75 ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ പുതിയ പാർലമെന്റ്മന്ദിരം യാഥാർത്ഥ്യമായിരിക്കും. അതായത് 21 മാസത്തിനുള്ളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകും
- നമ്മുടെ സംസ്കാരത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് ത്രികോണാകൃതിയിലുള്ള രൂപകൽപ്പനയാണ് ചെയ്തിരിക്കുന്നത്.പ്രാദേശിക കല,കരകൗശലം,വാസ്തുവിദ്യ എന്നിവയ്ക്കൊപ്പം ഭാരത സംസ്കാരത്തിന്റെയും അദ്വിതീയ ഉദാഹരണമായിരിക്കും അകത്തളങ്ങളുടെ അലങ്കാരങ്ങൾ. ഭൂമികുലുക്കത്തെ പ്രതിരോധിക്കാൻ കഴിയുന്ന സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന കെട്ടിടത്തിൽ ശക്തമായ സുരക്ഷസംവിധാനവും ഉണ്ട്.
- ഓരോ പാർലമെന്റ് അംഗത്തിനും പ്രത്യേകം ഓഫീസ്മുറികൾ ഉണ്ടാവും. ശ്രം ശക്തിഭവന് സമീപത്തായാണ് ഇവ നിർമ്മിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.എല്ലാ ആധുനിക സൗകര്യങ്ങളും സാങ്കേതികവിദ്യയും ഈ ഓഫീസുകളിലുണ്ടാവും.ഭാരതത്തിന്റെ മഹത്തായ പാരമ്പര്യം പ്രതിഫലിപ്പിക്കുന്ന കമ്മറ്റി മുറികൾ, ലൈബ്രറി,കോൺസ്റ്റിറ്റ്യൂഷൻ ഹാൾ,ഭക്ഷണം കഴിക്കാനുള്ള മുറികൾ എന്നിവ ഇതിലുണ്ടാവും.



**150%**

കൂടുതൽ ഇരിപ്പിട സൗകര്യം പുതിയ പാർലമെന്റ് മന്ദിരത്തിലുണ്ടാകും

| | |
|---|---|
| **888**<br>ലോക്സഭ മുറികൾ | **384**<br>രാജ്യസഭ മുറികൾ |

പാർലമെന്റ് സംയുക്ത സമ്മേളനത്തിൽ 1272 എംപി മാർക്കുള്ള ഇരിപ്പിട സൗകര്യം

**2000**

എഞ്ചിനീയർമാർ പ്രത്യക്ഷമായും 9,000 ജോലിക്കാർ പരോക്ഷമായും പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണത്തിൽ ഉൾപ്പെട്ടിരിക്കുന്നു.



അജയ്യമായ സുരക്ഷ ഭൂകമ്പ പ്രതിരോധം



വൈദ്യുതി ഉപയോഗം 30 ശതമാനം കുറയ്ക്കാൻ ലക്ഷ്യമിട്ട് പരിസ്ഥിതി സൗഹൃദവും ഹരിതവുമായ നിർമ്മാണരീതി



അടുത്ത 150 വർഷത്തെ ആവശ്യങ്ങൾ മുന്നിൽകണ്ടാണ് നിർമ്മാണം

ലോക്സഭയിലും രാജ്യസഭയിലും ഉന്നത നിലവാരത്തിലുള്ള ഓഡിയോ വീഡിയോ സൗകര്യങ്ങൾ. എല്ലാ മേശകളിലും ഇലക്ട്രോണിക് ഉപകരണങ്ങളുണ്ടാവും

- പുതിയ പാർലമെന്റ് മന്ദിരത്തിന്റെ നിർമ്മാണത്തിന് ശേഷം പഴയകെട്ടിടം അതേപടി നിലനിർത്തി ഉപയോഗിക്കും. രണ്ട്കെട്ടിടങ്ങളും യഥാക്രമം ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തും.പഴയകെട്ടിടത്തിന്റെ ചരിത്രപരമായ പ്രാധാന്യം പ്രത്യേക ശ്രദ്ധനൽകി സംരക്ഷിക്കും.
- കോളനിവാഴ്ച കാലത്ത് നിർമ്മിക്കപ്പെട്ട രക്തസാക്ഷി സ്മാരകത്തിന് മുന്നിൽ ദേശീയ യുദ്ധസ്മാരകം നിർമ്മിച്ചതിന് സമാനമായാണ് പഴയകെട്ടിടത്തിന് മുന്നിൽ സ്വയംപര്യാപ്ത ഭാരതത്തിന്റെ പുതിയ പാർലമെന്റ് മന്ദിരം ഉയരും
- രാഷ്ട്രപതി ഭവൻ മുതൽ രാജ്പഥിനു ഇരുവശത്തുമുള്ള 3 കിലോമീറ്റർ മേഖലയിൽ ഇരുവശത്തുമായാണ് സെൻട്രൽ വിസ്ത നിർമ്മാണം പുരോഗമിക്കുന്നത്. ഈ കെട്ടിടങ്ങളിൽ ഭൂരിഭാഗവും 1931 നുമുമ്പു പണികഴിപ്പിച്ചവയാണ്
- സർക്കാറിന്റെ പ്രവർത്തനങ്ങൾ മികച്ചതാകണമെങ്കിൽ ഉദ്യോഗസ്ഥർക്കിടയിലുള്ള സഹകരണവും ആശയവിനിമയും നല്ലരീതിയിൽ നടക്കണം. ഇരുപത്തി ഒന്നാം നൂറ്റാണ്ടിന്റെ ആവശ്യങ്ങൾക്കനുസരിച്ചല്ല നിലവിലെ സെൻട്രൽ സെക്രട്ടേറിയറ്റിന്റെ ഘടന. അതുകൊണ്ടു തന്നെ സെൻട്രൽ വിസ്ത അനിവാര്യമായ ഒന്നാണ്
- 4 പ്ലോട്ടുകളിലായി ഇരുവശത്തും 10 ഓഫീസ് കെട്ടിടങ്ങളുണ്ടാകും. ഇതോടെ കേന്ദ്രസർക്കാറിന് കീഴിലുള്ള മുഴുവൻ മന്ത്രാലയങ്ങളും ഓഫീസുകളും ഒരു സ്ഥലത്താവും.ഈ കെട്ടിടങ്ങളിലേക്കുള്ള പ്രവേശനത്തിനായി മെട്രോസ്റ്റേഷനിൽ നിന്നും തുരങ്കമുണ്ടാകും
- പ്രധാനമന്ത്രിയുടെ വസതി, ഓഫീസ് ഉപരാഷ്ട്രപതിയുടെ വസതി, ഓഫീസ് എന്നിവയും പദ്ധതിയുടെ ഭാഗമാണ്. ■

# കുറഞ്ഞ ചിലവിൽ ചൊവ്വ ദൗത്യം

## ഭാരതത്തിന്റെ സാങ്കേതിക മികവിന്റെ മികച്ച ഉദാഹരണം

“ വിവരസാങ്കേതികവിദ്യയുടെ പ്രോൽസാഹനത്തിന് യുവാക്കൾ അപാരമായ സംഭാവനകൾ നൽകിയില്ലായിരുന്നു എങ്കിൽ ഭാരതം ബഹിരാകാശമേഖലയിലേക്ക് കടക്കുമായിരുന്നില്ല. നമ്മുടെ പൂർവ്വികർ പാമ്പുകളുമായിട്ടാവും കളിച്ചിട്ടുണ്ടാവുക, എന്നാൽ ഇപ്പോഴത്തെ തലമുറ കളിക്കുന്നത് 'മൗസ്' കൊണ്ടാണ്. ”

**അമേരിക്കയിലെ മാഡിസൺ സ്ക്വയറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞ ഈ വാക്കുകൾ സൂചിപ്പിക്കുന്നത് സാങ്കേതിക വിദ്യയിൽ ശക്തമായ രാജ്യമായി ഭാരതം മാറിക്കഴിഞ്ഞു എന്നാണ്. ഭാരതം പാമ്പാട്ടികളുടെ നാടാണെന്ന പഴയ പ്രതിഛായയെ ഇതില്ലാതാക്കുന്നു.**

- എത്ര കുറഞ്ഞ ചിലവിലാണ് ഭാരതം ചൊവ്വ ദൗത്യം പൂർത്തിയാക്കിയതെന്നു മനസ്സിലാവണമെങ്കിൽ ഓട്ടോറിക്ഷ യാത്രയുമായി ചൊവ്വ ദൗത്യ ചിലവിനുള്ള താരതമ്യം ശ്രദ്ധിച്ചാൽ മതി.ഓട്ടോറിക്ഷ യാത്രയുടെ കിലോമീറ്റർ നിരക്കിനെക്കാളും കുറഞ്ഞ ചിലവിലാണ് ഭാരതം ചുവന്ന ഗ്രഹത്തെ തൊട്ടത്.ബഹികാര മേഖലയിൽ സുപ്രധാന സാന്നിധ്യമാകാൻ ലക്ഷ്യമിട്ട് സർക്കാരെടുത്ത സാങ്കേതികവിദ്യ സൗഹൃദ നയങ്ങളാണ് ഇത് സാധ്യമാക്കിയത്.
- ബഹിരാകാശത്തുള്ള സാറ്റലൈറ്റുകളെ നശിപ്പിക്കുന്ന ആന്റി സാറ്റലൈറ്റ് വെപ്പൺ (എഎസ്എടി) തദ്ദേശീയമായി വികസിപ്പിച്ച ലോകത്തിലെ നാലാമത്തെ രാജ്യമാണ് ഭാരതം.2019 മാർച്ചിലാണ് പ്രധാനമന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചത്.
- ചന്ദ്രയാൻ 2 ദൗത്യം ഭാഗികമായി വിജയിച്ചതോടെ ചന്ദ്രയാൻ 3 നു സർക്കാർ അനുമതി നൽകി.
- ബഹിരാകാശത്തേക്ക് മനുഷ്യരെ അയക്കുന്നതിനായുള്ള ഗഗൻയാൻ ദൗത്യത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികത്തിൽ ഇതുസംബന്ധിച്ച പ്രഖ്യാപനമുണ്ടാകും.



**34 രാജ്യങ്ങളുടെ 357 വിദേശ ഉപഗ്രഹങ്ങളെ ഭാരതം ബഹിരാകാശ ഭ്രമണപഥത്തിലെത്തിച്ചു.**

- ഉപഗ്രഹ വിക്ഷേപണം ഉൾപ്പെടെയുള്ള ബഹിരാകാശ സേവനങ്ങളിൽ പങ്കാളികളാകാൻ സ്വകാര്യ സ്ഥാപനങ്ങൾക്കും അനുമതി നൽകി.
- പ്രപഞ്ചത്തിൽ ഏറ്റവും ദുരെയുള്ള നക്ഷത്ര ഗാലക്സിയെ കഴിഞ്ഞ വർഷം ഭാരതത്തിലെ ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തി.
- 6 വിക്ഷേപണ വാഹനങ്ങളും 7 ഉപഗ്രഹ ദൗത്യങ്ങളുമടക്കം 13 ബഹിരാകാശ ദൗത്യങ്ങൾ 2019 ൽ പൂർത്തിയായി.
- കടലിൽ നിന്നും രാജ്യത്തെവിടെയും ഫോൺവിളി സാധ്യമാക്കുന്ന സാറ്റലൈറ്റ് ബേസ്ഡ് ഇന്റർനെറ്റ് ഓഫ് തിങ്സ് (ഐഒടി) ഡിവൈസ് സേവനം കഴിഞ്ഞ വർഷം ബിഎസ്എൻഎൽ ആരംഭിച്ചു.



**ഭാരതത്തിന്റെ 42 ാമത് ഉപഗ്രഹമായ സിഎംഎസ്– 01 കഴിഞ്ഞ വർഷം പിഎസ്എൽവി– സി50 ഉപയോഗിച്ച് വിക്ഷേപിച്ചിരുന്നു**



**ഐഎസ്ആർഒ അവരുടെ ആദ്യ വനിത ഹാഫ് ഹുമനോയിഡിനെ കഴിഞ്ഞ വർഷം ജനുവരി 22 നു പുറത്തിറക്കി. വ്യോമമിത്ര എന്നാണ് ഹുമനോയിഡിന്റെ പേര്.**



7 വർഷങ്ങൾ
നവഭാരതം
നിർമ്മിക്കുന്നു

34 വർഷത്തിനു ശേഷം പുതിയ ദേശീയ വിദ്യാഭ്യാസ നയം

# ആഗോളതലത്തിൽ വിജ്ഞാനത്തിന്റെ വൻശക്തിയാകാൻ ഭാരതം



ഭാരതത്തിലെ വിദ്യാഭ്യാസ സംവിധാനം മെച്ചപ്പെടുത്താനുള്ള നിരന്തര പരിശ്രമത്തിലും നിശ്ചയദാർഢ്യത്തിലുമാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി.രണ്ടാംതവണ രാജ്യത്തിന്റെ ഭരണനേതൃത്വം ഏറ്റെടുത്ത ശേഷം അദ്ദേഹം ഭാരതത്തിന്റെ വിദ്യാഭ്യാസ സംവിധാനത്തിൽ സമൂലമായ മാറ്റം വരുത്തുകയും ദേശീയവിദ്യാഭ്യാസ നയം 2020 ന് അംഗീകാരം നൽകുകയും ചെയ്തു.അതേസമയം കൊറോണ വ്യാധിക്കിടയിലും എല്ലാ വിഭാഗങ്ങളിലുള്ളവർക്കും തടസ്സമില്ലാതെ വിദ്യാഭ്യാസമെത്തിച്ചു.രാജ്യത്ത് ആദ്യമായി കടലാസ് രഹിത പരീക്ഷ നടത്തി.നാഷണൽ ടെസ്റ്റിംഗ് ഏജൻസി (എൻടിഎ) ആണ് പരീക്ഷ നടത്തിയത്......

- രാജ്യത്തെ വിദ്യാഭ്യാസ സംവിധാനത്തിൽ പരിവർത്തനം ലക്ഷ്യമിട്ടാണ് കഴിഞ്ഞ വർഷം ജൂലായ് 29 ന് ദേശീയ വിദ്യാഭ്യാസ നയത്തിന് കേന്ദ്രസർക്കാർ അംഗീകാരം നൽകിയത്.പുതിയ നയം സ്കൂൾ വിദ്യാഭ്യാസത്തിലും ഉന്നത വിദ്യാഭ്യാസത്തിലും സമൂലമായ മാറ്റങ്ങൾ കൊണ്ടുവരും.
- 34 വർഷത്തിന് ശേഷമാണ് കേന്ദ്രസർക്കാർ പുതിയ വിദ്യാഭ്യാസ നയം കൊണ്ടുവന്നത്.ഇത് 21 ാം നൂറ്റാണ്ടിലെ ആദ്യ വിദ്യാഭ്യാസ നയവും ഭാരതത്തിന്റെ മൂന്നാമത്തെ വിദ്യാഭ്യാസ നയവുമാണ്.1968 ലും 1986 ലുമാണ് നേരത്തെ വിദ്യാഭ്യാസ നയങ്ങൾ വന്നിട്ടുള്ളത്.
- പുതിയ വിദ്യാഭ്യാസനയം പ്രകാരം കേന്ദ്ര സംസ്ഥാന സഹകരണത്തോടെ ജിഡിപി യുടെ 6 ശതമാനം വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കാനാണ് ലക്ഷ്യം.
- എല്ലാതലത്തിലുമുള്ള വിദ്യാഭ്യാസത്തിന് തുല്യമായ അവസരം ഉറപ്പാക്കുക,ആവശ്യമായ അറിവും നൈപുണ്യവും വിദ്യാർത്ഥികൾക്ക് നൽകുക,സൃഷ്ടിപരമായ ചിന്താഗതിയെ പ്രോൽസാഹിപ്പിക്കുക,ലോജിക്കലായ തീരുമാനങ്ങളും കണ്ടുപിടിത്തങ്ങൾ നടത്താനുള്ള ധാരണയും വിദ്യാർത്ഥികളിലുണ്ടാക്കുക,സാങ്കേതികവിദ്യയുടെ ഉപയോഗം ദിവ്യാംഗക്കർക്കിടയിൽ പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പുതിയ വിദ്യാഭ്യാസ നയത്തിന്റെ ലക്ഷ്യങ്ങൾ.
- എല്ലാവർക്കും വിദ്യാഭ്യാസം നൽകാൻ പ്രതിജ്ഞാബദ്ധരായ സർക്കാർ 3 മുതൽ 18 വയസ്സുവരെയുള്ളവർക്ക് വിദ്യാഭ്യാസം മൗലികവകാശമാക്കി.നേരത്തെ ഇത് 6 മുതൽ 16 വരെ ആയിരുന്നു.അതോടൊപ്പം യുവാക്കൾക്കും പ്രായപൂർത്തി ആയവർക്കും 2030 ഓടെ 100 ശതമാനം സാക്ഷരതയും നയം ലക്ഷ്യമിടുന്നു.
- സ്കൂൾ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തി.10 + 2 എന്ന പാഠ്യപദ്ധതി ഘടനമാറ്റി 5+3+3+4 എന്നാക്കി. ■

**കൊറോണ വ്യാധിക്കിടെ ഓൺലൈൻ പഠനം പ്രോൽസാഹിപ്പിക്കാനായി കേന്ദ്രസർക്കാരെടുത്ത പ്രധാന നടപടികൾ**

**ദിക്ഷ (ഡിഐകെഎസ്എച്ച്എ):** 1 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി സിബിഎസ്ഇ,എൻസിഇആർടി,സംസ്ഥാനങ്ങൾ ചേർന്ന് നിർമ്മിച്ച ആപ്പാണ്.വിവിധ ഭാഷകളിലായി എൺപതിനായിരത്തിലധികം ഇ-പുസ്തകങ്ങൾ ഈ ആപ്പിൽ ലഭ്യമാണ്

**ഇ - പാഠശാല**
1 മുതൽ 12 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി വിവിധ ഭാഷകളിലുള്ള 1886 ഓഡിയോ,2000 വീഡിയോ,696 ഇ - പുസ്തകങ്ങൾ,504 ഫ്ളിപ് പുസ്തകങ്ങൾ എന്നിവ എൻസിഇആർടി ലഭ്യമാക്കിയിരിക്കുന്നു

**സ്വയംപ്രഭ**
ഇന്റർനെറ്റ് സേവനം ലഭ്യമല്ലാത്തവർക്കുള്ള സംവിധാനം.സ്വയംപ്രഭയിൽ 32 ഡി2എച്ച് വിദ്യാഭ്യാസ ചാനലുകളുണ്ട്.24 മണിക്കൂറും പ്രക്ഷേപണമുണ്ട്.

**നാഷണൽ റെപ്പോസിറ്ററി ഓഫ് ഓപ്പൺ എഡ്യുക്കേഷണൽ റിസോഴ്സസ് (എൻആർഒഇആർ):** വിവിധ ഭാഷകളിലായി 401 സമാഹാരങ്ങൾ,2779 രേഖകൾ,1345 ഇന്ററാക്റ്റീവ്,1664 ഓഡിയോ,2586 ചിത്രങ്ങൾ,6153 വീഡിയോകൾ ഉൾപ്പെടെ ഇതിൽ ആകെ 14,527 ഫയലുകളുണ്ട്.



# എല്ലാ മേഖലയിലും ഡിജിറ്റൽ ശാക്തീകരണം

കൊറോണ വ്യാധിക്കിടെ ജനങ്ങൾ ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന ഒരു കാര്യമാണ് ഡിജിറ്റൽ സാങ്കേതികവിദ്യ.ഡിജിറ്റൽ ടെക്നോളജി സംവിധാനം ശക്തിപ്പെടുത്തുന്നതിനായി 2015 മുതൽ കേന്ദ്രസർക്കാർ നിരവധി നടപടികളെടുത്തുവരുന്നു.തൊഴിൽരംഗം,സ്ത്രീകളുടെ ജീവിതം ആയാസരഹിതമാക്കൽ,ഭരണസംവിധാനങ്ങൾക്ക് ഗ്രാമങ്ങളിലും പാവപ്പെട്ടവരിലും എത്താൻ കഴിയുന്നത്,ഉപഭോക്തൃ സംരക്ഷണം അങ്ങനെ സർവ്വമേഖലകളും. രാഷ്ട്രീയത്തിലും ഭരണത്തിലും നയതന്ത്രത്തിലും പ്രധാന അടിത്തറയായി ഡിജിറ്റൽ സാങ്കേതികവിദ്യ മാറിക്കഴിഞ്ഞു.

## തൊഴിൽ പരിഷ്ക്കരണം: എല്ലാ പരിഷ്ക്കരണങ്ങളുടെയും നട്ടെല്ല്

രാജ്യത്തെ 50 കോടി തൊഴിലാളികൾക്ക് അനുഗ്രഹമാകുന്ന 4 ലേബർ കോഡുകൾ,സ്വാതന്ത്ര്യം ലഭിച്ച് 73 വർഷത്തിന് ശേഷമാണ് വരുന്നത്.രാജ്യത്തെ ഏറ്റവും വലിയ പരിഷ്ക്കരണം.ബ്രിട്ടീഷ് ഭരണകാലത്തുണ്ടാക്കിയ തൊഴിൽ നിയമത്തിലുള്ള പല വ്യവസ്ഥകളും കാലഹരണപ്പെട്ടതും തൊഴിലാളികളുടെ താൽപ്പര്യങ്ങൾക്ക് വിരുദ്ധവുമായിരുന്നു. അനാവശ്യ പേപ്പർ ജോലികൾക്ക് വ്യവസ്ഥയുണ്ടായിരുന്ന നിയമം തൊഴിലാളികൾക്ക് വലിയ ബുദ്ധിമുട്ടാണ് നൽകിയിരുന്നത്.ഒരു ജോലിക്കായി തൊഴിലാളികൾക്ക് 4 വ്യത്യസ്ത ഫോമുകൾ പൂരിപ്പിക്കേണ്ടിയിരുന്നു.വകുപ്പുകളുടെ ബാഹുല്യം കാരണം തൊഴിൽദായകരും ബുദ്ധിമുട്ട് നേരിട്ടിരുന്നു.ഇതിനെല്ലാം പരിഹാരമാണ് നവഭാരതത്തിലെ പുതിയ ലേബർ കോഡ്.'ആവശ്യം' അടിസ്ഥാനമായ സമ്പദ്വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകുന്ന കോഡ് വളർച്ചയ്ക്ക് ആക്കം കൂട്ടും.

### ഏറ്റവും സമഗ്രവും ഫലപ്രദവുമായ പരിഷ്ക്കരണം

**29** കോടി തൊഴിലാളി കുടുംബങ്ങൾ | **50** കോടി തൊഴിലാളികൾ

എല്ലാ തൊഴിൽ നിയമങ്ങളും ഇപ്പോൾ 4 കോഡുകളുമായി ബന്ധപ്പെടുത്തിയിരിക്കുന്നു.ഇതാദ്യമായി എല്ലാ തൊഴിലാളികൾക്കും മിനിമം വേതനത്തിനുള്ള അവകാശം ലഭിച്ചു.എല്ലാവരെയും സാമൂഹ്യ സുരക്ഷയ്ക്കു കീഴിൽ കൊണ്ടുവന്നതോടെ അവർക്ക് ഇൻഷൂറൻസും പെൻഷനും ഉറപ്പായി.

**ഇഎസ്ഐ, പെൻഷൻ**
മുഴുവൻ സംവിധാനങ്ങളും ഓൺലൈൻ ആയി.ആർക്ക് എവിടെനിന്നു വേണമെങ്കിലും പരിശോധിക്കാം.

क.रा.बी.नि.
ESIC



**കുടുംബത്തിന്റെ അവബോധം**
ഇതാദ്യമായി സംഘടിത മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്കിടയിലും തൊഴിൽദാതാക്കൾക്കിടയിലും കുടുംബബോധമുണ്ടാക്കാനുള്ള ശ്രമങ്ങൾ നടത്തുന്നു.

Shram Suvidha Portal




**ശ്രം സുവിധ പോർട്ടൽ**
വ്യവസായ സ്ഥാപനങ്ങൾക്ക് എളുപ്പത്തിൽ നികുതി അടയ്ക്കാനായി ശ്രം സുവിധ പോർട്ടൽ

# മിനിമം സർക്കാർ
# മാക്സിമം ഭരണം

ഈ മന്ത്രത്തിന്റെ പ്രധാനഭാഗമാണ് ഡിജിറ്റൽ.സാധാരണക്കാരുടെ ജീവിതം സുഗമമാക്കാനും വ്യവസ്ഥകളുടെ നൂലാമാലകളിൽ നിന്നും അവരെ സ്വതന്ത്രമാക്കാനും



**1842** പുരാതന നിയമങ്ങൾ റദ്ദാക്കി

മന്ത്രാലയങ്ങളും പദ്ധതികളും ഡിപ്പാർട്ടുമെന്റുകളും പുനർരൂപീകരിച്ച് ജോലിയുടെ വേഗത വർദ്ധിപ്പിച്ചു.നിശ്ചിത തസ്തികയ്ക്ക് താഴെയുള്ള തസ്തികകളിൽ നിയമനത്തിനായി അഭിമുഖം ഒഴിവാക്കുകയും സർട്ടിഫിക്കറ്റുകൾ വെരിഫൈ ചെയ്യുന്നതിന് പകരമായി സ്വയം സാക്ഷ്യപ്പെടുത്തൽ നടപ്പിൽവരുത്തുകയും ചെയ്തു.ഡിജിറ്റൽ മാർഗങ്ങളിലൂടെ ജനങ്ങളുമായി നേരിട്ടുള്ള സംവാദം ആരംഭിച്ചു.



ഉമംഗ്,ഡിജി ലോക്കർ തുടങ്ങിയ ആപ്പുകൾ ജനങ്ങൾക്ക് ലളിതവും സുതാര്യവുമായ ഡിജിറ്റൽ സംവിധാനം നൽകി




പണം തിരികെ കിട്ടുന്നത് അല്ലെങ്കിൽ ആദായ നികുതി റിട്ടേണുകളിൽ അപ്പീൽ നൽകുന്നത് അങ്ങനെ എല്ലാം ഇപ്പോൾ ഫേസ്‌ലെസ്സ് ആയി.അഴിമതി ഇല്ലാതാക്കുന്ന ഈ സംവിധാനം നികുതി ദായകർക്ക് ആശ്വാസമായി

**മൈഗ്രന്റ് ലേബർ**
രാജ്യത്തെ കുടിയേറ്റ തൊഴിലാളികളുടെ ഒരു ദേശീയ ഡാറ്റാബേസ് തയ്യാറാക്കി വരുന്നു.ലേബർ കോഡും തയ്യാറായി വരുന്നു

**06**

പ്രധാനമന്ത്രി ഗ്രാമീണ ഡിജിറ്റൽ സാക്ഷരത ക്യാംപയിനിലൂടെ 6 കോടി ജനങ്ങൾക്ക് ഡിജിറ്റൽ സാക്ഷരത

**ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കേഷൻ**
വിരമിച്ച ശേഷം പെൻഷൻ ലഭിക്കാനായി ലൈഫ്സർട്ടിഫിക്കറ്റ് ഡിജിറ്റൽ സർട്ടിഫിക്കേഷനിലൂടെ നൽകിയാൽ മതി.

**കൺസ്യൂമർ റൈറ്റ്സ് ഡിജിറ്റൽ**
ഉപഭോക്താക്കൾക്ക് ഇപ്പോൾ പരാതികൾ എളുപ്പത്തിൽ നൽകാം.കൺസ്യൂമർ കമ്മ്യൂണിറ്റി,ഗാമ പോർട്ടൽ,കോൺഫോനെന്റ് ആപ്പ്. ഈ 3 സംവിധാനങ്ങൾ വഴിയും പരാതി നൽകാം

## എല്ലാ ഗ്രാമങ്ങളിലും ഒപ്റ്റിക്കൽ ഫൈബർ ബന്ധമെത്തുന്നു

നഗരങ്ങളിലേക്കാളും കൂടുതൽ ഇന്റർനെറ്റ് ഉപയോക്താക്കൾ ഉള്ളത് ഗ്രാമങ്ങളിലാണ്.നവഭാരതത്തിൽ ഗ്രാമങ്ങൾക്കുണ്ടായ പുരോഗതി ഇതിൽ നിന്നും മനസ്സിലാക്കാം.വെള്ളത്തിനടിയിലൂടെയുള്ള ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴിയാണ് ആന്തമാൻ നിക്കൊബാർ ദ്വീപുകളിൽ ഇന്റർനെറ്റ് ബന്ധം എത്തിയത്.ഇതിനായി 1224 കോടി രൂപ ചിലവായി.4 ജി മൊബൈൽ സേവനം ലഭ്യമായത് ദ്വീപിലെ വിനോദ സഞ്ചാരമേഖലയ്ക്കും ടെലി എഡ്യുക്കേഷൻ,ടെലി ഹെൽത്ത്,ഇ ഗവേണൻസ് സേവനങ്ങൾക്കും പ്രോൽസാഹനമായി.

രാജ്യത്തെ 6 ലക്ഷം ഗ്രാമങ്ങളിലും ഒപ്റ്റിക്കൽ ഫൈബർ ബന്ധം എത്തിക്കുക എന്നതാണ് ലക്ഷ്യം

**ഒപ്റ്റിക്കൽ ഫൈബർ 1.58 ലക്ഷം ഗ്രാമങ്ങളിൽ എത്തിയിട്ടുണ്ട്**

3.74 ലക്ഷം പൊതു സേവന കേന്ദ്രങ്ങളിൽ വിവിധ സർക്കാർ സേവനങ്ങൾക്കായി ഡിജിറ്റൽ സംവിധാനമുണ്ട് ■






# എല്ലാവർക്കുമൊപ്പം എല്ലാവർക്കും വികസനം

**നഗരങ്ങൾക്ക് സമാനമായി ഗ്രാമങ്ങളിലും വികസനം,പാവപ്പെട്ടവർക്ക് സൗകര്യങ്ങൾ ലഭ്യമാക്കുക,മധ്യവർഗത്തിന്റെ ജീവിതനിലവാരമുയർത്തുക,കർഷകരുടെ വരുമാനം ഇരട്ടിയാക്കാനുള്ള പരിഷ്ക്കരണങ്ങൾ എന്നിവ ഈ സർക്കാറിന്റെ ഹാൾമാർക്ക് നടപടികളാണ്.ഈ നടപടികളെല്ലാം ജനങ്ങളുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരികയും ജീവിതം ആയാസരഹിതമാക്കുകയും ചെയ്തു.**

'എന്നെ അറിയുന്നവർ,എന്നെ മനസ്സിലാക്കുകയും ചെയ്യുന്നു.ഞാൻ എനിക്കുവേണ്ടിയോ എന്റെ അടുപ്പക്കാർക്ക് വേണ്ടിയോ ജീവിച്ചിട്ടില്ല.ദാരിദ്ര്യത്തിലാണ് ഞാൻ ജനിച്ചത്,ദരിദ്രന്റെ ജീവിതമാണ് ഞാൻ ജീവിച്ചത്.പാവപ്പെട്ടവരുടെ വേദന എനിക്ക് മനസ്സിലാവും'. പ്രധാനമന്ത്രിയുടെ വാക്കുകളാണിത്.എല്ലാവർക്കും ഓരോരുത്തർക്കും വികസനമെന്ന സമീപനവും നിശ്ചയദാർഢ്യവും ഈ വാക്കുകളിൽ പ്രതിഫലിക്കുന്നു.സന്തുലിത വികസനമെന്ന ലക്ഷ്യത്തിൽ നിരവധി പദ്ധതികളാണ് ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുള്ളത്.ഗ്രാമങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ,പാവപ്പെട്ടവർക്കായി ഉറപ്പുള്ള വീടുകൾ,ശൗചാലയങ്ങളുടെ നിർമ്മാണം,എല്ലാവർക്കും പാചകവാതക കണക്ഷനുകൾ, ജൻ ധൻ യോജന ബാങ്ക് അക്കൗണ്ടുകൾ,തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായി സാമ്പത്തിക സഹായം,ജീവൻ പരിരക്ഷക്കായി ഇൻഷൂറൻസ് തുടങ്ങിയ നരവധി പദ്ധതികൾ.ഭാരതത്തിലെ 80-85 ശതമാനം ജനങ്ങളും താമസിക്കുന്നത് 6 ലക്ഷം ഗ്രാമങ്ങളിലാണ്. സന്തുലിത വികസനത്തിനായി ഈ ജനസംഖ്യയിലേക്ക് സർക്കാറിന്റെ ശ്രദ്ധ എത്തിയിരിക്കുന്നു.

**പാവപ്പെട്ടവർക്ക് അനുകൂലമായ സർക്കാർ നയങ്ങൾ പാവപ്പെട്ടവരുടെ ക്ഷേമത്തിന് സുപ്രധാന പരിഗണനന:**

കഴിഞ്ഞവർഷം മാർച്ച് 26 നാണ് ലോക്ഡൗൺ പ്രഖ്യാപിച്ചത്. തൊട്ടടുത്ത ദിവസം തന്നെ പാവപ്പെട്ടവർക്കായി 1.75 ലക്ഷം കോടിയുടെ പ്രത്യേക പാക്കേജിന്റെ പ്രഖ്യാപനമുണ്ടായി.5 കിലോ ധാന്യങ്ങളും പയറുവർഗങ്ങളും ഉൾപ്പെടെയുള്ള റേഷൻ വിതരണം, 20 കോടി സ്ത്രീകളുടെ ബാങ്ക് അക്കൗണ്ടുകളിൽ 500 രൂപ നിക്ഷേപിക്കൽ,8 കോടി വീടുകളിൽ സൗജന്യ പാചകവാതക കണക്ഷൻ,3 കോടി മുതിർന്ന പൗരൻമാർക്കും വിധവകൾക്കും,ദിവ്യാംഗർക്കും 1000 രൂപ മാസപെൻഷൻ തുടങ്ങിയവയെല്ലാം ഈ പാക്കേജിൽ ഉൾപ്പെട്ടിരുന്നവയാണ്. കുടിയേറ്റ തൊഴിലാളികളെ സുരക്ഷിതമായി അവരുടെ നാടുകളിലേക്ക് തിരിച്ചയക്കുന്നതും ഈ പാക്കേജിലുണ്ട്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമത്തിനായി 11000 കോടി രൂപ സംസ്ഥാനങ്ങൾക്ക് നൽകി.

**പാവപ്പെട്ടവർക്ക് സൗജന്യ റേഷൻ ഉറപ്പാക്കി:**

മെയ്-ജൂൺ മാസങ്ങളിൽ 80 കോടി ജനങ്ങൾക്കാണ് സൗജന്യ റേഷൻ നൽകിയത്.ഇതിനായി ഇരുപത്തി ആറായിരം കോടി രൂപ ചിലവായി.

**പക്ക വീടുകൾ:** പ്രധാനമന്ത്രി ഗ്രാമീൺ ആവാസ് യോജന പ്രകാരം വീടുകൾക്ക് അർഹരായ 2.14 കോടി കുടുംബങ്ങളിൽ, 1.93 കോടി വീടുകൾക്ക് അനുമതി നൽകി കഴിഞ്ഞു.1.36 കോടി വീടുകളുടെ നിർമ്മാണം പൂർത്തിയായി.എല്ലാവർക്കും വീടെന്ന സർക്കാറിന്റെ അഭിലാഷം അമൃത് മഹോത്സവം അവസാനിക്കുന്നതിനു മുമ്പ് യാഥാർത്ഥ്യമാകും.

**ഉജ്വല യോജന:** 8 കോടി പാവപ്പെട്ടവർക്ക് എൽപിജി കണക്ഷൻ നൽകി.

എല്ലാ വീടുകളും ശൗചാലയം നിർമ്മിക്കുന്നു: സ്വച്ഛ് ഭാരത് അഭിയാന് കീഴിൽ 11 കോടി ശൗചാലയങ്ങൾ നിർമ്മിച്ചു.

**ഗരീബ് കല്യാൺ റോസ്ഗാർ അഭിയാൻ**:കുടിയേറ്റ തൊഴിലാളികൾക്ക് അവരുടെ ഗ്രാമങ്ങളിൽ തന്നെ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നു.

**ലൈഫ് ഇൻഷൂറൻസ്:** 2 പ്രധാന ഇൻഷൂറൻസ് പദ്ധതികൾ കേന്ദ്രസർക്കാർ ആരംഭിച്ചിട്ടുണ്ട്. പ്രധാനമന്ത്രി സുരക്ഷ ഭീമ യോജന,പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന.യഥാക്രമം 12 രൂപയും 330 രൂപയുമാണ് വാർഷിക പ്രീമിയം.33 കോടിയോളം ജനങ്ങൾക്ക് പദ്ധതികളുടെ ഗുണഫലം ലഭിച്ചു.

**ഗ്രാമങ്ങളിൽ ഇന്റർനെറ്റ് കണക്ഷൻ:**ഇതാദ്യമായി നഗരങ്ങളിലേക്കാൾ ഗ്രാമങ്ങളിൽ ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ചിരിക്കുന്നു.മുഴുവൻ പഞ്ചായത്തുകളെയും ഒപ്റ്റിക്കൽ ഫൈബറുമായി ബന്ധിപ്പിക്കാനുള്ള പ്രവൃത്തികൾ വേഗത്തിൽ പുരോഗമിക്കുന്നു.

**സ്വമിത്വ പദ്ധതി: എന്റെ വസ്തു-എന്റെ അവകാശം**

- ഈ പദ്ധതിക്ക് കീഴിൽ, വസ്തുവിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്ന രേഖകൾ ഗുണഭോക്താക്കൾക്ക് നൽകുന്നു.മുഴുവൻ ഗ്രാമങ്ങളിലെയും ഭുമി രേഖകളുടെ ഡിജിറ്റൈസേഷൻ പദ്ധതി ലക്ഷ്യമിടുന്നു
- വാസയോഗ്യമായ ഭൂമിയുടെ ഡിജിറ്റൽ മാപ്പ് ചെയ്യാനായുള്ള നടപടികൾ പുരോഗമിക്കുന്നു.ഇക്കാര്യത്തിൽ വേണ്ട ശ്രദ്ധ ബ്രിട്ടീഷ് ഭരണകാലം മുതലേ ഉണ്ടായിട്ടില്ല.
- 2024 ഏപ്രിലോടെ 6.62 ലക്ഷം ഗ്രാമങ്ങളെയും സ്വമിത്വ പദ്ധതിക്ക് കീഴിൽ കൊണ്ടുവരാൻ പദ്ധതി വിഭാവനം ചെയ്യുന്നു.

**പിഎം സ്വനിധി പദ്ധതി:** തെരുവ് കച്ചവടക്കാർക്ക് സ്വയംതൊഴിൽ അവസരങ്ങളും അതുവഴി അന്തസ്സോടെ ജീവിക്കാനുള്ള മാർഗവും ഒരുക്കി നൽകുന്ന പദ്ധതി.പദ്ധതിക്ക് കീഴിൽ 50 ലക്ഷം തെരുവ് കച്ചവടക്കാർക്ക് പതിനായിരം രൂപ വായ്പ്പ ലഭിക്കും. വായ്പ്പക്കായി ലഭിച്ച് 41 ലക്ഷം അപേക്ഷകളിൽ 24 ലക്ഷത്തിന് വായ്പ്പ അനുവദിച്ചു.

**ഇടനിലക്കാരിൽ നിന്നും മുക്തി:** ഇടനിലക്കാരുടെ ശക്തമായ ശൃംഖലയെ ഇല്ലാതാക്കിയതോടെ കർഷകർക്ക് ഉൽപ്പന്നങ്ങൾ അവരുടെ ഇഷ്ട പ്രകാരം വിൽക്കാൻ സാധിക്കുന്നു.

“

**'കർഷകരുടെ ക്ഷേമം ഉറപ്പാക്കുന്നത് സംബന്ധിച്ച് നിരവധി വാഗ്ദാനങ്ങൾ നേരത്തെ ഉണ്ടായിട്ടുണ്ട്. എന്നാൽ കർഷകരുടെ ക്ഷേമത്തിനായി വളരെയധികം നടപടികളുണ്ടായിട്ടുള്ളത് ഈ ഭരണകാലത്താണ്. ഇത് അസാധാരണമാണ്.'**

**– പ്രധാനമന്ത്രി നരേന്ദ്ര മോദി**

## അന്നദാതാക്കൾക്ക്(കർഷകർ) സൗകര്യങ്ങളും അന്തസ്സും ഉറപ്പാക്കുന്നു

**പിഎം കിസാൻ സമ്മാൻ നിധി:** പദ്ധതിക്ക് കീഴിൽ ഫെബ്രുവരി വരെ ഒരു ലക്ഷത്തി പതിമൂന്നായിരം കോടി രൂപ കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചു

**കിസാൻ റെയിൽ** : കാർഷിക മേഖലയിൽ വരുമാനം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് കൊറോണ കാലത്ത് ആരംഭിച്ചതാണ് കിസാൻ റെയിൽ

**സ്വന്തം കാർഷിക ഉൽപ്പന്നങ്ങളുടെ ഉടമസ്ഥാവകാശം കർഷകർക്ക്** : പാർലമെന്റ് പാസ്സാക്കിയ പുതിയ കാർഷിക നിയമ പ്രകാരം കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ അവർക്കിഷ്ടമുള്ള സ്ഥലങ്ങളിൽ വിൽപ്പന നടത്താം.



**കാർഷിക ഉൽപ്പന്നങ്ങൾക്ക് ഓൺലൈൻ വ്യാപാര ഇടമൊരുക്കി ഇ-നാം:**
ഇ-നാം വഴി വിവിധ സംസ്ഥാനങ്ങളിലായി 1.13 ലക്ഷം കോടി ഇടപാടുകളാണ് കർഷകരും വാങ്ങുന്നവരും തമ്മിൽ നടന്നത്. ഒരുകോടി 70 ലക്ഷം കർഷകരാണ് ഇ-നാമിൽ ഇതുവരെ രജിസ്റ്റർ ചെയ്തത്.

ഒരു രാഷ്ട്രം ഒരു എംഎസ്പി(കുറഞ്ഞ താങ്ങുവില) ഒരു ഡിബിറ്റി(ആനുകൂല്യം നേരിട്ട് കൈമാറൽ): ഉൽപ്പാദന ചിലവിന്റെ ഒന്നര ഇരട്ടി കുറഞ്ഞ താങ്ങുവില നിശ്ചയിച്ച ആദ്യ സർക്കാരാണിത്.

**കാർഷികോൽപ്പാദന സംഘടനകൾ(എഫ്പിഒഎസ്):** രാജ്യത്തെ 86 ശതമാനത്തോളം വരുന്ന ചെറുകിട കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നതിനായി പതിനായിരത്തോളം കാർഷികോൽപ്പാദന സംഘടനകൾ രൂപീകരിക്കുന്നു. കാർഷിക സൗഹൃദ നടപടികളിലൂടെ രാജ്യത്തെ കർഷകരെ കടവിമുക്തമാക്കാനും 2020ഓടെ അവരുടെ വരുമാനം ഇരട്ടിയാക്കാനും കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നു. ■



7 വർഷങ്ങൾ നവഭാരതം നിർമ്മിക്കുന്നു

## വളരുന്ന സമ്പദ്‌രംഗം

# സമ്പദ്‌വ്യവസ്ഥ സ്വയംപര്യാപ്തതയുടെ പാതയിലേക്ക്

**പ്രാദേശികവും ദേശീയവും ആഗോളതലത്തിലുമുള്ള നയങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ സമ്പദ്‌വ്യവസ്ഥയ്ക്കും സമൂഹത്തിനും വേണ്ടിയുള്ള തന്ത്രങ്ങൾ രൂപീകരിക്കാനാവൂ. ഭാരതത്തിന്റെ കൂട്ടായ വികസനത്തിനും സമൃദ്ധിക്കും വലിയൊരു കാരണം എന്നത് രാജ്യത്തെ ജനസംഖ്യയുടെ പകുതി പേർ തൊഴിലാളി സമൂഹമാണ് എന്നതാണ്. കൊവിഡ് പോലുള്ള മഹാവ്യാധി രാജ്യത്ത് ആഞ്ഞടിച്ചപ്പോൾ രാജ്യത്തിന്റെ ഭരണാധികാരികൾ മുന്നോട്ട് വെച്ച നിലപാട് ആദ്യം ജീവൻ രക്ഷിക്കുക, അതിന് ശേഷം 'ജീവനും ജീവിതവും ഉണ്ട്' എന്ന വാക്കുകൾ പൗരന്മാർക്ക് മന്ത്രമായി മാറി. ആത്മനിർഭരത അല്ലെങ്കിൽ സ്വയംപര്യാപ്തത എന്ന വാക്കുകൾ മുന്നോട്ട് പോകാനുള്ള ആവേശമായി രാജ്യം ഏറ്റെടുത്തു....**

മഹാവ്യാധിക്കാലത്ത് മറ്റു ലോകരാജ്യങ്ങൾ നേരിട്ടതു പോലെ തന്നെ ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥയും വളരെ പ്രതിസന്ധികൾ നേരിട്ടു. കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ 23.9 ശതമാനമാണ് നമ്മുടെ സമ്പദ്‌വ്യവസ്ഥ പിന്നോട്ട് പോയത്. എല്ലാ അന്താരാഷ്ട്ര ഏജൻസികളും ഭാരതത്തിന്റെ സാമ്പത്തികവ്യവസ്ഥ പിന്നോട്ട് പോകുമെന്ന പ്രവചിക്കുകയും ചെയ്തു. എന്നാൽ ഈ ദുർഘട പരിതസ്ഥിതിയിലും കേന്ദ്രസർക്കാരിന്റെ നയങ്ങളുടെ ഫലമായി മൂന്നാം പാദം മുതൽ സാമ്പത്തികവളർച്ച മുന്നോട്ട് കുതിച്ചു തുടങ്ങി. ലോകത്ത് ജിഡിപി ഉയർന്ന രണ്ടാമത്തെ രാജ്യം ഭാരതമാണ്. വലിയ സാമ്പത്തിക ആഘാതം ഭാരതത്തിന് ഉണ്ടാവുമെന്ന് പ്രവചിച്ച അന്താരാഷ്ട്ര സാമ്പത്തിക ഏജൻസികളെല്ലാം പുതിയ സാമ്പത്തിക വർഷത്തിൽ നമ്മുടെ ജിഡിപി രണ്ടുപോയിന്റ് ഉയരുമെന്ന് പ്രവചിച്ചിട്ടുണ്ട്.

### വഴികാട്ടിയത് ആത്മനിർഭര ഭാരതം പ്രഖ്യാപനം



സമ്പദ് വ്യവസ്ഥയെ താങ്ങിനിർത്തുന്നതിനായാണ് കേന്ദ്രസർക്കാർ ലോക്ഡൗൺ കാലത്ത് ആത്മനിർഭര ഭാരതം പദ്ധതി പ്രഖ്യാപിച്ചത്.

**29.87**

**ലക്ഷം കോടി രൂപ മൂന്നുഘട്ടങ്ങളായി പ്രഖ്യാപിച്ചു**

സാധാരണക്കാരുടേയും പാവപ്പെട്ടവരുടേയും കുടിയേറ്റ തൊഴിലാളികളുടേയും എംഎസ്എംഇകളുടേയും വ്യവസായങ്ങളുടേയും താൽപര്യങ്ങൾ സംരക്ഷിച്ചുകൊണ്ടാണ് സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചത്.

**15%**

രാജ്യത്തിന്റെ ജിഡിപിയുടെ വരുന്ന പാക്കേജ്. സമ്പദ് വ്യവസ്ഥയെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതായിരുന്നു പാക്കേജ്.

# നാലാം വ്യാവസായിക വിപ്ലവത്തിന് തയ്യാറെടുത്ത് ഭാരതം

ആർജ്ജിത ബുദ്ധി, യന്ത്രങ്ങളുടെ പഠനം, ഇന്റർനെറ്റ്, ബ്ലോക്ക് ചെയിനും ബിഗ് ഡേറ്റയും എന്നിവ രാജ്യത്തെ പുതിയ ഉയരങ്ങളിലേക്ക് എത്തിക്കാൻ പ്രാപ്തമായവയാണ്. പുതിയകാലത്തിന്റെ സാങ്കേതികവിദ്യകൾ പരിപൂർണ്ണമായ പുരോഗതിക്ക് സുപ്രധാനമാണ്. സ്വയംപര്യാപ്തതയിലേക്കുള്ള ഭാരതത്തിന്റെ പ്രയാണത്തിനും ഇതു സഹായകരമായി മാറും. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കുകൾ പ്രകാരം, 'ലോകം ഒന്നും രണ്ടും വ്യാവസായിക വിപ്ലവത്തിലേക്ക് നടന്ന കാലത്ത് ഭാരതം അടിമത്വത്തിലായിരുന്നു. മൂന്നാം വ്യാവസായിക വിപ്ലവത്തിന്റെ കാലത്ത് ഭാരതം സ്വാതന്ത്ര്യലബ്ധിക്ക് ശേഷം വന്ന വെല്ലുവിളികളെ നേരിടുന്ന പ്രയാസത്തിലുമായിരുന്നു. എന്നാൽ 130 കോടി ജനങ്ങളുള്ള ഭാരതത്തിലെ 50 ശതമാനവും 27 വയസ്സിൽ താഴെയുള്ള ഈ കാലത്ത് നാലാം വ്യാവസായിക വിപ്ലവത്തിൽ വലിയ പങ്ക് വഹിക്കാനൊരുങ്ങി നിൽക്കുകയാണ് ഭാരതം'.




**93%**

വർദ്ധനവാണ് ടെലികമ്യൂണിക്കേഷൻ രംഗത്ത് ഉണ്ടായത്. 50 കോടിയിലധികം ജനങ്ങൾ ഭാരതത്തിൽ മൊബൈൽ ഫോണുകൾ ഉപയോഗിക്കുന്നു. .

ലോകത്തിലെ ഏറ്റവുമധികം മൊബൈൽ ഇന്റർനെറ്റ് ഉപയോഗിക്കുന്നവരുടെ രാജ്യമാണ് ഭാരതം. ഏറ്റവും കുറഞ്ഞ ഇന്റർനെറ്റ് നിരക്കും ഇവിടെയാണ്. മൊബൈൽ ഡേറ്റ ഉപയോഗം 30 മടങ്ങാണ് കഴിഞ്ഞ നാലുവർഷം കൊണ്ട് വർദ്ധിച്ചത്..

**120** കോടി ഭാരതീയർക്ക് ആധാർ കാർഡുണ്ട്.

ഈ സാഹചര്യങ്ങളെല്ലാം നാലാം വ്യാവസായിക വിപ്ലവത്തിൽ നേതൃത്വം വഹിക്കാനുള്ള ഭാരതത്തിന്റെ തയ്യാറെടുപ്പിനെയാണ് കാണിക്കുന്നത്.

**1.58 ലക്ഷം**



ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ ഒപ്റ്റിക്കൽ ഫൈബർ ബന്ധമുണ്ട്.2014 ൽ ഇത് 59 ഗ്രാമപഞ്ചായത്തുകളിൽ മാത്രമായിരുന്നു

നവീകരണത്തിന്റെ പാതയിൽ രാജ്യം മുന്നോട്ട് കുതിക്കുകയാണ്.ആഗോള നവീകരണ സൂചികയിൽ ഭാരതത്തിനുള്ള 52 ാം സ്ഥാനം ഇതു വ്യക്തമാക്കുന്നു.കഴിഞ്ഞ 7 വർഷമായി അത് നിരന്തരമായി മെച്ചപ്പെട്ടുകൊണ്ടിരിക്കുന്നു.

## ജിഎസ്ടി

ഒരു രാഷ്ട്രം ഒരു നികുതി എന്ന സങ്കൽപ്പവുമായി നികുതി സമ്പ്രദായത്തിൽ കൊണ്ടുവന്ന വിപ്ലവകരമായ മാറ്റമായിരുന്നു ചരക്ക് സേവന നികുതി അഥവാ ജിഎസ്ടി. നമ്മുടെ സമ്പദ്‌വ്യവസ്ഥയെ പുതിയ ഉയരങ്ങളിലേക്ക് നയിക്കാൻ ജിഎസ്ടിക്ക് സാധിക്കും. വ്യവസായികളും വ്യാപാരികളും പലതരത്തിലുള്ള നികുതി വലകളിൽ നിന്ന് രക്ഷപ്പെടുമ്പോൾ ഏകീകരിച്ച നികുതി സമ്പ്രദായം വരുമാന നഷ്ടവും നികത്തുന്നു.

2021 മാർച്ചിൽ 1.23 ലക്ഷം കോടി രൂപയാണ് ജിഎസ്ടി വരുമാനമായി ലഭിച്ചത്. ജിഎസ്ടി വരുമാനം തുടർച്ചയായ ആറുമാസങ്ങളിൽ ഒരു ലക്ഷം കോടി രൂപയ്ക്ക് മുകളിലാണ്.

ആത്മാർത്ഥതയുള്ള നികുതി ദായകരെ അംഗീകരിച്ചുകൊണ്ട് ഫേസ്‌ലെസ് അസസ്മെന്റ് നടപ്പാക്കി. വിവാദ് സെ വിശ്വാസ് പദ്ധതി പ്രകാരം പഴയ നികുതി കേസുകൾ കുറയ്ക്കാനുള്ള സംവിധാനവും ഒരുക്കി.

**നിർവചനം പുതുക്കി എംഎസ്എംഇകൾ.....**

ലോകം മുഴുവനും സാമ്പത്തിക പ്രതിസന്ധി ഉണ്ടാവുമ്പോഴും ഭാരതം അതിനെയെല്ലാം അതിജീവിച്ചത് കാർഷിക രംഗവും ചെറുകിട, ഇടത്തരം വ്യവസായങ്ങളുമാണ് ഭാരതത്തിന്റെ സമ്പദ് വ്യവസ്ഥയുടെ നട്ടെല്ല് എന്നതു കൊണ്ടാണ്. രാജ്യത്തെ സമ്പദ് വ്യവസ്ഥയുടെ 29 ശതമാനം കൈകാര്യം ചെയ്യുന്ന എംഎസ്എംഇ മേഖലയിൽ സമൂലമായ മാറ്റമാണ് കേന്ദ്രസർക്കാർ കൊണ്ടുവന്നിരിക്കുന്നത്. ജിഡിപിയിൽ എംഎസ്എംഇ വിഹിതം അമ്പതു ശതമാനമാക്കി വർദ്ധിപ്പിക്കുകയെന്നതാണ് കേന്ദ്രസർക്കാരിന്റെ ലക്ഷ്യം.

**പൊതുമേഖലാ ബാങ്കുകളുടെ ലയനം**

മോശം സാമ്പത്തികാവസ്ഥയിലുള്ളതും കിട്ടാക്കടം വർദ്ധിച്ചതുമായ പൊതുമേഖലാ ബാങ്കുകളെ രക്ഷിക്കുന്നതിനായാണ് 27 ബാങ്കുകളെ 12 എണ്ണമായി കുറയ്ക്കാനുള്ള തീരുമാനം. ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി 2018 മാർച്ചിൽ 11.5 ശതമാനമായിരുന്നു എങ്കിൽ 2019 മാർച്ചിൽ അത് 9.3 ശതമാനവും 2020 മാർച്ചിൽ 8.5 ശതമാനവുമായി കുറഞ്ഞു.

**വ്യവസായങ്ങൾക്ക് ഇതാദ്യമായി പിഎൽഐ**

ഇതുവരെ സർക്കാർ മാത്രമായിരുന്നു കുറഞ്ഞനിരക്കിൽ വായ്പ, വൈദ്യുതി, ജലം എന്നിവ വ്യവസായങ്ങൾക്ക് നൽകിയിരുന്നത്. എന്നാൽ ഇതാദ്യമായി കേന്ദ്രസർക്കാർ ഒരു ഇൻസെന്റീവ് ബന്ധിത പാക്കേജ് നിർമ്മാണ രംഗത്തെ 13 മേഖലകളിലെ വ്യവസായങ്ങൾക്കായി പ്രഖ്യാപിച്ചു. 1.97 ലക്ഷം കോടി രൂപയുടെ പിഎൽഐ വഴി നിർമ്മാണ മേഖലയിൽ 500 ബില്യൺ ഡോളറിന്റെ ഉൽപ്പന്നങ്ങളും അഞ്ചുവർഷം കൊണ്ട് ഒരു കോടി പുതിയ തൊഴിലും സാധ്യമാകും.

# ഡിബിറ്റിയും ഡിജിറ്റൽ സമ്പദ് വ്യവസ്ഥയും പുതിയ ദിശ കാണിക്കാൻ.....



**54** പദ്ധതികൾ. വിവിധ മന്ത്രാലയങ്ങളുടെ കീഴിലുള്ള 318 പദ്ധതികളിൽ 54 എണ്ണവും ബാങ്ക് അക്കൗണ്ടുകൾ വഴി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ ചെയ്യുന്നു.

**Rs. 15.16**

ലക്ഷം കോടി രൂപയാണ് ഇതുവരെ ഡിബിറ്റി വഴി നൽകിയത്. ഡിബിറ്റി നടപ്പാക്കിയത് വഴി ലാഭിക്കാൻ സാധിച്ചത് 1.78 ലക്ഷം കോടി രൂപയാണ്.




**ഇൻകംടാക്സ് റിട്ടേൺ ഫയൽ ചെയ്തവരുടെ എണ്ണം 2.5 കോടി**

നിലവിൽ രാജ്യത്തെ 120തിലേറെ പേർക്ക് ആധാർ കാർഡുണ്ട്. ആധാർ അധിഷ്ഠിതമായി ഡയറക്ട് ബെനിഫിറ്റ് സ്കീം നടപ്പാക്കുകയെന്നത് എല്ലാ സർക്കാർ പദ്ധതികളുടേയും അടിസ്ഥാനമായി മാറി.



വിദേശനിക്ഷേപത്തിനുള്ള ചട്ടങ്ങൾ സർക്കാർ ലഘൂകരിച്ചിട്ടുണ്ട്.പ്രതിരോധം,ഇൻഷൂറൻസ്,റെയിൽവെ മേഖലകളിൽ വിദേശനിക്ഷേപത്തിന് അനുമതിയുണ്ട്.ഇത് രാജ്യത്ത് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നിർമ്മാണ മേഖലയിലെ വളർച്ചയ്ക്ക് കാരണമാവുകയും ചെയ്തു.

ഗുണഭോക്താക്കൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിൽ പദ്ധതികളുടെ തുക ലഭിക്കുന്നു. അഴിമതിക്കെതിരായ കേന്ദ്രസർക്കാരിന്റെ ഏറ്റവും മികച്ച നടപടിയാണിത്. ഇന്ന് നൂറു പൈസയിൽ നൂറു പൈസയും ഗുണഭോക്താവിന് തന്നെ ലഭിക്കുന്നു.

**ജൻധൻ**

**42**

കോടി ബാങ്ക് അക്കൗണ്ടുകൾ ആറുവർഷം കൊണ്ട് തുറന്നു.

**64%**

അക്കൗണ്ടുകളും ഗ്രാമീണ ഭാരതത്തിലാണ് ആരംഭിച്ചത്. 55 % അക്കൗണ്ട് ഉടമകളും വനിതകളാണ്.

**1, 45,000**

കോടി രൂപ നിലവിൽ നിക്ഷേപമുണ്ട്.



**25,000**

**കോടി രൂപയിലധികം രൂപ സ്റ്റാന്റപ്പ് ഇന്ത്യ പദ്ധതി പ്രകാരം ലഭിച്ചു.**

**28**

**കോടിയിലധികം ലോണുകൾ മുദ്ര യോജന പ്രകാരം അനുവദിച്ചു.**

**ജൻധൻ യോജന പ്രകാരം രാജ്യത്തെ ഓരോ വീട്ടിലെയും എല്ലാ അംഗങ്ങൾക്കും സ്വന്തം ബാങ്ക് അക്കൗണ്ടുകൾ ലഭിച്ചു.**

- 2020 ഏപ്രിൽ മുൽ 2021 ജനുവരി വരെ രാജ്യത്തേക്ക് ഒഴുകിയത് 71.12 ബില്യൺ ഡോളറിന്റെ വിദേശ നിക്ഷേപമാണ്. ചരിത്രത്തിലെ ഏറ്റവും വലിയ തുകയാണിത്.
- പണരഹിത സമ്പദ്‌വ്യവസ്ഥ പുതിയ കാലത്തിന്റെ ആവശ്യമാണ്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥ ഡിജിറ്റലാക്കാനായി കേന്ദ്രസർക്കാർ നിരവധി പ്രത്യേക നടപടികൾ സ്വീരിച്ചു.
- 179 ബാങ്കുകൾ വഴിയുള്ള ഡിജിറ്റൽ പണമിടപാടുകൾക്ക് ഭീം ആപ്പ് ലഭ്യമാക്കി.
- രാജ്യത്തെ ഡിജിറ്റൽ പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തവണത്തെ ബജറ്റിലും 1,500 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. ഡിജിറ്റൽ ഇടപാടുകളുടെ ബാഹുല്യത്തിൽ 2020ൽ ഭാരതം അമേരിക്കയെയും ചൈനയേയും മറികടന്നു.
- 2016 ആഗസ്ത് മുതൽ 2021 മാർച്ച് വരെ 4 ട്രില്യൺ ഇടപാടുകളാണ് ഭീം ആപ്പ് വഴി നടന്നത്.

**വിവിധ മേഖലകളിലെ പ്രമുഖരുമായി ബജറ്റിന് ശേഷം ചർച്ച**

പൊതുബജറ്റ് എല്ലാവർഷവും അവതരിപ്പിക്കുന്നുണ്ടെങ്കിലും ഇതാദ്യമായി ബജറ്റുമായി ബന്ധപ്പെട്ട് വിവിധ മേഖലകളിലെ പ്രമുഖരുമായി ബജറ്റ് നടപ്പാക്കൽ സംബന്ധിച്ച ചർച്ച ഇതാദ്യമായി നടന്നു. 9 മേഖലകളിലെ വിദഗ്ധരുമായി പ്രധാനമന്ത്രി മോദി തന്നെ നേരിട്ട് ചർച്ച നടത്തിയത് പുതിയ തുടക്കമായി. പൗരന്മാരും സ്വകാര്യ മേഖലയും തമ്മിലുള്ള പാലമായി ഈ പുതിയ സംരംഭം മാറി. അഞ്ചു ട്രില്യൺ ഡോളറിന്റെ സമ്പദ് വ്യവസ്ഥയായി മാറാനുള്ള ലക്ഷ്യവുമായി സ്വയംപര്യാപ്ത ഭാരതം പദ്ധതിയുമായി മുന്നോട്ട് പോകുന്ന കേന്ദ്രസർക്കാരിന് താഴേത്തട്ടിൽ വരെ കാര്യക്ഷമമായി ബജറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കുന്ന വിധം തിരിച്ചറിയാൻ ഈ സംഭാഷണങ്ങൾ വഴി സാധിച്ചു. ■

കേന്ദ്രമന്ത്രിസഭാ തീരുമാനം

# പുതിയ സാങ്കേതിക വിദ്യയുടെ സഹായത്തോടെ രാജ്യത്താദ്യമായി യൂറിയ ഉൽപ്പാദനം

നവീനമായ മാർഗ്ഗത്തിലൂടെ യൂറിയ ഉൽപ്പാദനത്തിന് കേന്ദ്രമന്ത്രിസഭാ സമിതി അനുമതി നൽകിയത് രാജ്യത്തെ സാങ്കേതികവിദ്യകളുടെ സമർത്ഥമായ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. കൽക്കരി വാതകരൂപമാക്കൽ പ്രക്രിയയിലൂടെ യൂറിയ ഉൽപ്പാദനം ആത്മനിർഭര ഭാരതത്തിലേക്കുള്ള ചുവട്ടുപടിയായിമാറി. ഊർജ്ജ സുരക്ഷയിലും യൂറിയ സ്വയംപര്യാപ്തതയിലും പുതിയ ചരിത്രം രാജ്യം സൃഷ്ടിച്ചു. ബംഗളൂരു മെട്രോ റെയിൽ പദ്ധതിയുടെ അനുമതിക്കും ധനബില്ലിലെ ഭേദഗതികൾക്കും കേന്ദ്രമന്ത്രിസഭായോഗം തീരുമനിച്ചു........



- **തീരുമാനങ്ങൾ:** താൽച്ചർ ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് നടപ്പാക്കുന്ന കൽക്കരി വാതകമാക്കൽ മാർഗ്ഗത്തിലൂടെയുള്ള യൂറിയ ഉൽപ്പാദനത്തിന് സബ്സിഡി നൽകാൻ അനുമതി.
- **പ്രയോജനങ്ങൾ:** താൽച്ചർ ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് നടപ്പാകുന്ന യൂറിയ ഉൽപ്പാദനത്തിന്റെ ചിലവ് 13,277.21 കോടി രൂപയാണ്.
- മേയ്ക്ക് ഇൻ ഇന്ത്യ പദ്ധതിക്കും ആത്മനിർഭര ഭാരതം ക്യാമ്പയിനും വലിയ ഊർജ്ജം നൽകുന്നതാണ് പദ്ധതി.
- കർഷകർക്ക് വളലഭ്യത ഉയർത്തുന്ന പദ്ധതി, കിഴക്കൻ മേഖലയുടെ വികസനത്തിന് സഹായിക്കും. രാജ്യത്തിന്റെ കിഴക്കൻ മേഖലയിൽ യൂറിയ എത്തിക്കുന്നതിനായി ഗതാഗതമേഖലയ്ക്ക് നൽകുന്ന സബ്സിഡി തുക കുറയ്ക്കാനും പദ്ധതി സഹായിക്കും.
- പ്രതിവർഷം 12.7 ലക്ഷം മെട്രിക് ടൺ യൂറിയ ഇറക്കുമതി ഇല്ലാതാക്കാൻ പദ്ധതി സഹായിക്കും.
- **തീരുമാനങ്ങൾ:** ബംഗളൂരു മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അനുമതി നൽകിയത് ബംഗളൂരുവിലെ നഗര ഗതാഗതത്തിന് സഹായകരമായി മാറും. അതിവേഗ വികസനവും സ്വകാര്യ വാഹനങ്ങളുടെ ബാഹുല്യവും മൂലം വിഷമിക്കുന്ന നഗരത്തിന് പദ്ധതി ആശ്വാസമാകും.
- **പ്രയോജനങ്ങൾ:** രണ്ടാംഘട്ടം 2എ, സെൻട്രൽ സിൽക്ക് ബോർഡ് ജംഗ്ഷൻ മുതൽ കെ. ആർ പുരം വരെയും രണ്ടാംഘട്ടം 2ബി ,കെ.ആർ പുരം മുതൽ ഹെബ്ബൽ ജംഗ്ഷൻ വഴി എയർപോർട്ട് വഴിയുമാണ്.
- പദ്ധതിയുടെ ആകെ ദൂരം 58.19 കി.മി ആണ്. ആകെ പദ്ധതിച്ചിലവ് 14,788 കോടി രൂപയാണ്.
- രണ്ടാംഘട്ട മെട്രോ വികസനം നടപ്പാക്കുന്നതു വഴി ബംഗളൂരുവിലെ ഗതാഗത അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമായിമാറും.
- **തീരുമാനങ്ങൾ:** 2021ലെ ധനബില്ലിന്മേലുള്ള ഭേദഗതിക്ക് കേന്ദ്രമന്ത്രിസഭായോഗം അനുമതി നൽകി.
- **പ്രയോജനങ്ങൾ:** 2021ലെ ധനബില്ലിലെ നികുതി വ്യവസ്ഥകൾ വരുമാന വർദ്ധനവിനും മറ്റും സർക്കാരിന് സഹായകരമാകും.
- ധനബില്ലുമായി ബന്ധപ്പെട്ട് വിവിധ വിഭാഗങ്ങൾ ഉയർത്തിയ ആശങ്കകൾ പരിഹരിക്കുന്നതാണ് ഭേദഗതികൾ.
- സമത്വവും ഉൾക്കൊള്ളിക്കലും എല്ലാ നികുതി ദായകർക്കും നൽകുന്നതാണ് 2021ലെ ധനബിൽ ഭേദഗതികൾ. ●

# പ്രതിരോധ മേഖലയുടെ സമ്പൂർണ്ണ അഴിച്ചുപണി

## ॥ मरमानम मांड वडिच्चेलव् तेट्रम येना नान्गो येमम पडईक्कु ॥

**ശൗര്യം, യശസ്സ്, അന്തസ്സുറ്റ പെരുമാറ്റത്തിന്റെ പാരമ്പര്യം, വിശ്വാസ്യത എന്നീ നാല് ഗുണങ്ങളുടെ അളവുകോലാണ് ഒരു രാഷ്ട്രത്തിന്റെ സൈന്യത്തിനാവശ്യം.**

തിരുവള്ളുവർ നൂറ്റാണ്ടുകൾക്ക് മുമ്പെഴുതിയ പ്രശസ്തമായ ഈ വരികളാണ് ഇന്ത്യൻ സൈന്യം പിന്തുടരുന്നത്. ഇന്ത്യൻ സൈന്യത്തിന്റെ ശേഷിക്കനുസരിച്ചുള്ള ശാക്തീകരണത്തിനും ആധുനികവൽക്കരണത്തിനും വേണ്ട പരിശ്രമങ്ങൾ പ്രതിരോധ മേഖലയിൽ മുൻകാലങ്ങളിൽ കാര്യമായി നടന്നിരുന്നില്ല. എന്നാൽ മോദി സർക്കാർ പ്രതിരോധ മേഖലയെ പ്രോത്സാഹിപ്പിക്കാൻ ആവശ്യമായ നടപടികൾ വേഗത്തിൽ നിർവഹിക്കുകയാണ്.




ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ലഘു യുദ്ധ വിമാനമായ തേജ് **48,000കോടി രൂപ** മുടക്കി വാങ്ങാൻ കേന്ദ്രസർക്കാർ അനുമതി.

സുപ്രധാന **25** ആയുധങ്ങൾ കൈവശമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മുൻപന്തിയിലേക്ക്

പ്രതിരോധ പദ്ധതികൾക്ക് അംഗീകാരം നൽകാനും നടപ്പാക്കാനും വൈകിച്ചു കൊണ്ടിരുന്ന പ്രതിരോധ മന്ത്രാലയത്തെ ഉടച്ചുവാർത്തത് മോദി സർക്കാരാണ്. രാജ്യത്തിന്റെ പ്രതിരോധ ആവശ്യങ്ങൾ മാത്രമല്ല, പതിനഞ്ചു ലക്ഷത്തോളം വരുന്ന കര-നാവിക-വ്യോമ-തീരസംരക്ഷണ സേനാംഗങ്ങളുടെ ക്ഷേമ പ്രവർത്തനങ്ങളും പ്രതിരോധ മന്ത്രാലയം നടപ്പാക്കുന്നു. ഏറ്റവുമധികം ബജറ്റ് വിഹിതം ലഭിച്ചിരുന്ന മന്ത്രാലയമായിരുന്നിട്ടും അതു മുൻകാലങ്ങളിൽ നീതിപൂർവ്വം ചെലവഴിച്ചിരുന്നില്ല. 2014ൽ രാജ്യത്ത് അധികാരമേറ്റ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഏറ്റവും മുൻഗണന പ്രതിരോധ മന്ത്രാലയത്തിന്റെ പരിഷ്ക്കരണം ആയിരുന്നു. മേയ്ക്ക് ഇൻ ഇന്ത്യ പോലുള്ള പദ്ധതികളിലൂടെ പ്രതിരോധ മേഖലയുടെ അതിവേഗ വികസനത്തിനും സൈനിക അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനും മോദി സർക്കാർ മുൻഗണന നൽകിയതോടെ ഭാരതത്തോടുള്ള സമീപനം ശത്രു രാജ്യങ്ങൾ പുനപരിശോധിച്ചു തുടങ്ങി.

### സ്വദേശിയെ പ്രോത്സാഹിപ്പിച്ചുകൊണ്ടുള്ള പ്രതിരോധ വാങ്ങൽ നയം

2016ലെ പ്രതിരോധ വാങ്ങൽ നയം വലിയ കു

### പ്രതിരോധ മേഖലയെ സ്വയംപര്യാപ്തമാക്കാൻ നടപടികൾ





- സ്റ്റാർട്ടപ്പുകളെ ചെറുകിട വ്യവസായങ്ങളുമായി ബന്ധിപ്പിച്ച് പുതിയ തുടക്കം
- മേയ്ക്ക് ഇൻ ഇന്ത്യയ്ക്ക് കീഴിൽ ആയുധ സാമഗ്രികളുടെ നിർമ്മാണത്തിന് തുടക്കം
- 52,000 കോടി രൂപയുടെ പ്രത്യേക ബജറ്റ്
- തമിഴ്നാട്ടിലും ഉത്തർപ്രദേശിലുമായി രണ്ട് പ്രതിരോധ ഇടനാഴികൾ.





സൈന്യത്തിന്റെ ആധുനികവൽക്കരണത്തിനായി 18.75 ശതമാനം മൂലധന ചിലവ് ഉയർത്തിയ ബജറ്റാണ് 2021–22ൽ പ്രഖ്യാപിച്ചത്. 500 കോടി രൂപ വരെയുള്ള ആയുധങ്ങളോ പ്രതിരോധ സാമഗ്രികളോ വാങ്ങുന്നതിന് മൂന്നു സൈനിക വിഭാഗങ്ങൾക്കും അധികാരവും നൽകിയിട്ടുണ്ട്.

### അതിർത്തിയിലെ അടിസ്ഥാന സൗകര്യങ്ങൾ ശക്തമാക്കി

2008 മുതൽ2014 വരെ

| 3600 | 7270 |
|---|---|
| കി.മി റോഡ് | പാലങ്ങൾ |

2014-2020

| 4700 | 14953 |
|---|---|
| കി.മി റോഡ് | പാലങ്ങൾ |

**മാരകായുധങ്ങളുടെ പ്രതിരോധ കരാർ:** റഷ്യയിൽ നിന്ന് ഭാരതം എസ്- 400 വ്യോമ പ്രതിരോധ സംവിധാനം ഈവർഷം വാങ്ങും. കലാഷ്നിക്കോവ് എകെ–203 റൈഫിളുകൾ ഭാരതം തദ്ദേശിയമായി നിർമ്മിക്കും. ലഘു ഹൊവിറ്റ്സർ ടാങ്കുകളും സ്കോർപ്പിയൻ അന്തർവാഹിനികളും രാജ്യത്ത് നിർമ്മിക്കും.



### സംയുക്ത സൈനിക മേധാവി നിയമനം



രണ്ടു ദശാബ്ദത്തിലേറെക്കാലമായുള്ള ആവശ്യമായിരുന്നു ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ്(സംയുക്ത സൈനിക മേധാവി) പദവി രൂപീകരിക്കുക എന്നത്. കരസേനാ മേധാവിയായിരുന്ന ജനറൽ ബിപിൻ റാവത്ത് ആദ്യ സിഡിഎസ് ആയി ചുമതലയേറ്റു.

### ഭീകരവാദത്തെ നേരിടൽ

ജമ്മുകശ്മീരിൽ ആർട്ടിക്കിൾ 370 റദ്ദാക്കിയതോടെ ഭീകരവാദ പ്രവർത്തനങ്ങളിലും വലിയ ഇടിവുണ്ടായി.






**യുഎപിഎ കൂടുതൽ ശക്തമാക്കി:** ഭീകരവാദത്തെ ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ ദേശീയ അന്വേഷണ ഏജൻസിക്ക് കൂടുതൽ അധികാരം നൽകുന്ന ബിൽ പാർലമെന്റ് പാസാക്കി. ഭേദഗതിയിലൂടെയാണ് യുഎപിഎ വകുപ്പുകൾ കൂടുതൽ ശക്തമാക്കിയത്.

**ഡിആർഡിഒ ബജറ്റ് ഉയർത്തി:** നടപ്പു സാമ്പത്തിക വർഷത്തെ ഡിആർഡിഒ ബജറ്റിൽ 8 ശതമാനത്തിന്റെ വർദ്ധനവ് നടപ്പാക്കി. ഇതുവഴി പ്രതിരോധ മേഖലയിലെ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കും.

തിച്ചു ചാട്ടമായിരുന്നു. ഭാരതത്തിലെ പ്രതിരോധ നിർമ്മാണങ്ങളുടെ പ്രോത്സാഹനമായിരുന്നു നയം ലക്ഷ്യമിട്ടത്. പ്രതിരോധ ഉപകരണങ്ങളുടെ മാതൃക, വികസനം, ഉൽപ്പാദനം എന്നിവ തദ്ദേശീയമായി നിർവഹിക്കുന്ന ഭാരതത്തിലെ കമ്പനികൾക്ക് പ്രത്യേക പരിഗണന നൽകുന്ന നയത്തിൽ പ്രതിരോധ സാമഗ്രികൾ വാങ്ങുമ്പോൾ ഈ കമ്പനികൾക്ക് മുൻഗണന നൽകുന്നു.

ഫണ്ട് അനുവദിക്കപ്പെട്ട വിവിധ പദ്ധതികൾ തിരിച്ചറിയുകയും അതിന്മേൽ നയപരമായ തീരുമാനങ്ങൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യുകയെന്നതായിരുന്നു അടുത്ത പ്രധാന വെല്ലുവിളി. വലിയ ദൗർലഭ്യം നേരിട്ട അവസ്ഥയിൽ നിന്ന് സൈനികർക്കായി 50,000 ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ വാങ്ങാനുള്ള തീരുമാനം ഉണ്ടായി. ഭീകരവിരുദ്ധ ഓപ്പറേഷനുകൾ നടത്തുന്നതിന് മതിയായ ബുള്ളറ്റ് പ്രൂഫ് ജാക്കറ്റുകൾ ഇല്ലാതിരുന്ന അവസ്ഥ നേരത്തെ ഉണ്ടായിരുന്നു.

രണ്ടു ദശാബ്ദത്തെ കാത്തിരിപ്പിന് ശേഷം ആർമി ജവാന്മാർക്ക് ഗുണമേന്മയുള്ള ഹെൽമറ്റ് വാങ്ങുന്നതിനുള്ള പ്രക്രിയയ്ക്കും തുടക്കമിട്ടു. മുൻകാലങ്ങളിൽ ഇതുവലിയ പ്രതിസന്ധിയാണ് സൈനികരിൽ സൃഷ്ടിച്ചത്. 180 കോടി രൂപ മുടക്കി 1.58 ലക്ഷം ഹെൽമറ്റുകൾ നിർമ്മിക്കാനുള്ള കരാർ ലഭിച്ചത് കാൺപൂർ ആസ്ഥാനമായ എംകെയു ഇൻഡസ്ട്രീസിനാണ്.

2016 സൈന്യത്തിന് ഏറെ സംഭവബഹുലമായ വർഷമായിരുന്നു. പാക്കിസ്ഥാനുമായുള്ള സംഘർഷങ്ങളും സർജിക്കൽ സ്ട്രൈക്കും ഒക്കെ സംഭവിച്ചതോടെ സുരക്ഷാ കാര്യങ്ങൾക്കുള്ള കേന്ദ്ര മന്ത്രിസഭായോഗം ഫാസ്റ്റ് ട്രാക്കിലൂടെ 20,000 കോടി രൂപയുടെ പ്രതിരോധ ഇടപാടുകൾക്കാണ് അനുമതി നൽകിയത്.

മതിയായ ആയുധശേഷി നമ്മുടെ കൈവശമില്ലെന്ന് പാർലമെന്റിന് മുന്നിൽ വെച്ച സിഎജി റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു. 2013 മാർച്ചിൽ ഈ അവസ്ഥ അതിന്റെ ഏറ്റവും അപകടകരമായ നിലയിലെത്തിയിരുന്നു. സൈന്യത്തെ ശക്തമാക്കാൻ വേണ്ട നടപടികൾ അതിന് ശേഷം വന്ന സർക്കാർ നടപ്പാക്കിത്തുടങ്ങി 43 വർഷത്തെ കാത്തിരിപ്പിന് ശേഷം ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതിയും പ്രതിരോധ മേഖലയിൽ നടപ്പാക്കി. ■




# ലോകവേദിയിൽ തിളങ്ങുന്ന ഭാരതം

2014ലെ പൊതു തെരഞ്ഞെടുപ്പിൽ വലിയ വിജയം നേടിയാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്തിന്റെ ചെങ്കോൽ ഏന്തിയത്. ഭാരതത്തിന്റെ പഴയ സുഹൃത്തുക്കളുമായുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനൊപ്പം പുതിയ സുഹൃത്തുക്കളെ ഉണ്ടാക്കിയെടുക്കുന്നതിനും അനുയോജ്യമായ നവീകരിച്ച വിദേശ നയം അദ്ദേഹം നടപ്പാക്കി. ഇന്ത്യ ഫസ്റ്റ് എന്ന നയം നടപ്പാക്കുകവഴി ഇരുപത്തൊന്നാം നൂറ്റാണ്ടിലെ രാജ്യത്തിന്റെ താൽപ്പര്യങ്ങൾക്കനുസൃതമായ സമീപനം സ്വീകരിക്കാനായി. ആക്ടിംഗ് ഈസ്റ്റ്, ലുക്കിംഗ് വെസ്റ്റ് എന്നിവയിലൂന്നിയുള്ള വിദേശനയം മോദി സർക്കാർ നടപ്പാക്കി. ഇതുവഴി ഭാരതത്തിന്റെ ആഗോള താൽപ്പര്യങ്ങൾക്ക് പുതുജീവൻ ലഭിച്ചു.

2014 മുതൽ നടപ്പാക്കിയ ആദ്യം അയൽക്കാർ എന്ന വിദേശനയമാണ് മോദി സർക്കാരിന്റെ അടിസ്ഥാന വിദേശനയം. കടലിനപ്പുറമുള്ള അയൽക്കാരെക്കൂടി ഈ നയത്തിലേക്ക് കൊണ്ടുവന്നതോടെ രാജ്യത്തിന്റെ വിദേശനയത്തെ ശക്തിപ്പെടുത്താനായി. മോദിഭരണകാലത്തെ വിവേകപൂർണ്ണമായ നടപടികൾ ഉഭയകക്ഷി ബന്ധത്തെ മെച്ചപ്പെടുത്തി. ലോകത്തെ മുഴുവനും ഒരു കുടുംബമായി കാണുന്ന 'वसुधैव कुटुंबकम' എന്ന സങ്കൽപ്പത്തിൽ അടിസ്ഥാനമാക്കിയുള്ള ഭാരതത്തിന്റെ പ്രവർത്തനങ്ങൾ കൊവിഡ് വ്യാപന കാലത്ത് ലോകരാജ്യങ്ങൾക്ക് സഹായമേകി. ഭാരതത്തിന് ലോകരാജ്യങ്ങൾക്കിടയിൽ നേതൃപദവി സമ്മാനിച്ച നയമായിരുന്നു അത്.

**ഉഭയകക്ഷി ബന്ധങ്ങളിൽ നവജീവൻ പകർന്നു**

മഹാവ്യാധിക്കാലത്ത് എല്ലാം നിശ്ചലമായ സമയത്താണ് പ്രധാനമന്ത്രി നരേന്ദ്രമോദി ആഗോള വിഷയങ്ങൾ സംബന്ധിച്ച് വിർചൽ യോഗങ്ങളിൽ ലോകനേതാക്കൾക്ക് മുന്നിൽ ആശങ്കകൾ വെച്ചത്. യുഎസ്എ, യു.കെ, ഫ്രാൻസ്, ജർമ്മനി, ഗൾഫ്, പശ്ചിമേഷ്യൻ രാജ്യങ്ങൾ എന്നിവയെല്ലാമായി മോദി ബന്ധം ശക്തിപ്പെടുത്തി. ജി-20, നാം ഉച്ചകോടിയിലും മോദി പങ്കെടുത്തു.

- കൊവിഡ് മഹാവ്യാധിക്കിടെ പ്രധാനമന്ത്രി മോദി ബംഗ്ലാദേശ് സന്ദർശിച്ച് സൗഹൃദം ശക്തിപ്പെടുത്തുകയും അവരുടെ ദേശീയ ദിനത്തിൽ ആ രാജ്യത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു.
- ബംഗ്ലാദേശും നേപ്പാളുമായുള്ള അതിർത്തി കടന്നുള്ള ഭാരതത്തിന്റെ സഹകരണം കൂടുതൽ ശക്തിപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു.
- പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മാലിദ്വീപ് സന്ദർശനവേളയിൽ അവരുടെ ഏറ്റവും ഉയർന്ന സിവിലിയൻ ബഹുമതിയായ റൂൾ ഓഫ് നിഷാൽ ഇസുദ്ദീൻ പുരസ്ക്കാരവും യുഎഇ സന്ദർശന വേളയിൽ ഓർഡർ ഓഫ് സയെദ് പുരസ്ക്കാരവും അദ്ദേഹത്തിന് ലഭിച്ചു.



## പാക്കിസ്ഥാനെ ഒറ്റപ്പെടുത്തി ഭീകരവാദത്തെ നേരിട്ടു

- ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ്(എഫ്എടിഎഫ്) പാക്കിസ്ഥാനെ കരിമ്പട്ടികയിൽ പെടുത്തുന്നതിൽ ഭാരതം നിർണ്ണായക പങ്കുവഹിച്ചു. ഏഷ്യാ-പസഫിക് സബ് ഗ്രൂപ്പിലും പാക്കിസ്ഥാനെ കരിമ്പട്ടികയിൽ പെടുത്തി.
- കുൽഭൂഷൺ യാദവിന് നിയമസഹായം ലഭിക്കുന്നതിൽ അന്താരാഷ്ട്ര കോടതിയിൽ ഭാരതത്തിന് വിജയം നേടാനായി.

### സഹായഹസ്തം നീട്ടി ഭാരതം



2015ൽ നേപ്പാളിലെ ഭൂമികുലുക്കത്തിൽ ദുരിതാശ്വാസ സാമഗ്രികളും രക്ഷാ സംവിധാനങ്ങളും പ്രത്യേക വിമാനങ്ങളിൽ ഭാരതം എത്തിച്ചു. നേപ്പാളിന് സാമ്പത്തിക സഹായവും നൽകി.



ഇന്തോനേഷ്യയിലെ സുനാമി ദുരന്തത്തിൽ പെട്ടവരെ സഹായിക്കുന്നതിനായി ഓപ്പറേഷൻ സമുദ്ര മൈത്രിയുമായി ഭാരതം



ഇഡയ് ചുഴലിക്കാറ്റിൽ ദുരന്തമനുഭവിച്ച മൊസാംബിക്കിന് പിന്തുണയുമായി ഭാരതം സഹായങ്ങളെത്തിച്ചു.

### വാക്സിൻ മൈത്രി

കൊവിഡ് വാക്സിനുകൾ ഭാരതം തദ്ദേശീയമായി വികസിപ്പിച്ചതിന് ശേഷം മറ്റു രാജ്യങ്ങൾക്കും സഹായം നൽകാൻ ആരംഭിച്ചു. മരുന്നുകളും മറ്റു സഹായങ്ങളും വിവിധ ലോക രാജ്യങ്ങൾക്ക് ഭാരതം നൽകി. 95 ലോക രാജ്യങ്ങൾക്കായി ആറു കോടി ഡോസ് വാക്സിനുകളാണ് വാക്സിൻ മൈത്രിയുടെ ഭാഗമായി ഭാരതം നൽകിയത്.

### അന്താരാഷ്ട്ര സോളാർ സഖ്യം

ഫ്രാൻസുമായി സഹകരിച്ചാണ് ഭാരതം സോളാർ സഖ്യം രൂപീകരിച്ചത്. സൗരോർജ്ജവുമായി ബന്ധപ്പെട്ട ആദ്യ ആന്താരാഷ്ട്ര സംഘടനയാണ് ഇന്റർനാഷണൽ സോളാർ അലയൻസ്.

### അന്താരാഷ്ട്ര യോഗാ ദിനം

ലോകം മുഴുവൻ അംഗീകരിച്ചതാണ് ഭാരതത്തിന്റെ യോഗയിലുള്ള പാരമ്പര്യം. ജൂൺ 21നെ അന്താരാഷ്ട്ര യോഗാ ദിനമായി ലോകം മുഴുവനും അംഗീകരിച്ചു.

### ക്വാഡ്

യുഎസ്എ, ജപ്പാൻ, ആസ്ത്രേലിയ എന്നീ രാജ്യങ്ങൾ അടങ്ങുന്ന തന്ത്രപ്രധാന സഖ്യമായ ക്വാഡിലെ പ്രധാന അംഗരാജ്യമാണ് ഭാരതം. ഏഷ്യ പസഫിക് മേഖലയിലെ തന്ത്രപ്രധാന കേന്ദ്രമായി ക്വാഡ് മാറി.

### 2+2 സംഭാഷണം

ഭാരതവും യുഎസ്എയും 2+2 സംഭാഷണത്തിന് 2018ൽ തുടക്കമിട്ടു. 2020 ഒക്ടോബറിൽ 2+2 മൂന്നാം വട്ട സംഭാഷണത്തിന് ന്യൂഡൽഹി വേദിയായി. മന്ത്രിതല ഉച്ചകോടിയിൽ ഭാരതം നിരവധി കരാറുകൾ യുഎസ്എയുമായി ഒപ്പുവെച്ചു.

- തുടർച്ചയായ എട്ടാം തവണയും യു എൻ സുരക്ഷാ കൗൺസിലിലെ സ്ഥിരമല്ലാത്ത അംഗമെന്ന പദവി ഭാരതത്തിന് ലഭിച്ചു.
- 2019 ഏപ്രിൽ 19ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഭീകരാക്രമണമുണ്ടായ ശ്രീലങ്കയിലെ സെന്റ് ആന്റണീസ് ചർച്ച് സന്ദർശിക്കുകയും ശ്രീലങ്കയിലെ ജനങ്ങൾക്കൊപ്പം നിൽക്കുകയും ചെയ്തു.
- ചൈനയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി വുഹാൻ സ്പിരിറ്റ്, ചെന്നൈ കണക്ട് സംരംഭങ്ങൾ സംഘടിപ്പിച്ചു.
- ലോക ഉച്ചകോടികളായ എസ് സി ഒ ഉച്ചകോടി, ജപ്പാനിൽ നടന്ന ജി 20 ഉച്ചകോടി, ബ്രസീലിൽ നടന്ന ബ്രിക്സ് ഉച്ചകോടി, റഷ്യയിലെ സാമ്പത്തിക ഫോറം യോഗം എന്നിവിടങ്ങളിലെല്ലാം മോദി ശാശ്വത സ്ഥാനം കരസ്ഥമാക്കി.
- പ്രധാനമന്ത്രി പദത്തിലെത്തിയതിന് ശേഷം മോദി ഇസ്രയേൽ, ഫ്രാൻസ്, തെക്കൻ കൊറിയ, യു.കെ, ജപ്പാൻ, യുഎസ്എ എന്നീ രാജ്യങ്ങളുമായുള്ള ഉഭയകക്ഷി ബന്ധം ശക്തമാക്കി. പശ്ചിമേഷ്യൻ രാജ്യങ്ങളായ ഇറാൻ, സൗദി, ഇസ്രയേൽ എന്നിവയുമായും പ്രധാനമന്ത്രി ബന്ധങ്ങൾ സജീവമാക്കി. ന്യൂസിലാന്റ്, ആസ്ത്രേലിയ എന്നീ രാജ്യങ്ങളുമായുള്ള ബന്ധവും ഭാരതം ശക്തമാക്കി.
- നിരവധി പരിശ്രമങ്ങളിലൂടെ ഇറാനുമായുള്ള ബന്ധം കഴിഞ്ഞ കുറച്ചുവർഷങ്ങളായി പുതിയ രൂപത്തിലേക്ക് മെച്ചപ്പെട്ടിട്ടുണ്ട്. ബന്ധം ശക്തമാക്കുന്നതിന്റെ ഭാഗമായി ചബഹാർ തുറമുഖ നിർമ്മാണ കരാർ ഇരുരാജ്യങ്ങളും ഒപ്പുവെച്ചു.
- പാലസ്തീനുമായുള്ള ബന്ധങ്ങളും കൂടുതൽ ഉയരത്തിലേക്ക് പോയി. 2018ൽ മോദിയുടെ പാലസ്തീൻ സന്ദർശനവേളയിൽ ഗ്രാന്റ് കോളർ ഓഫ് ദ സ്റ്റേറ്റ് ഓഫ് പാലസ്തീൻ അവാർഡും അദ്ദേഹത്തിന് ലഭിച്ചു.
- അന്താരാഷ്ട്ര സമ്മർദ്ദങ്ങൾക്ക് വഴങ്ങി ആർസിഇപിയിൽ പ്രവേശിക്കാതെ ശക്തമായ നിലപാട് ഭാരതം സ്വീകരിച്ചു. ■




# അന്ത്യം കുറിച്ച് നൂറ്റാണ്ടുകളുടെ കാത്തിരിപ്പ്

അയോധ്യയിൽ രാമക്ഷേത്ര നിർമ്മാണത്തിന് അനുമതി നൽകിക്കൊണ്ട് 2019 നവംബർ 9 നു സുപ്രീംകോടതി ഉത്തരവു വന്നു.ഏറെ നാളുകളായി കാത്തിരുന്ന വിധിയെ സന്തോഷത്തോടെ രാജ്യം സ്വാഗതം ചെയ്തു. ഭാരതത്തിനു പുതിയ പ്രഭാതമെന്നായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണം.പുതിയ ഭാരതം നിർമ്മിക്കുമെന്ന് പ്രതിജ്ഞയെടുക്കാൻ യുവാക്കളെ പ്രധാനമന്ത്രി ആഹ്വാനം ചെയ്തു. രാമക്ഷേത്രം,കർത്താർപൂർ ഇടനാഴി സംബന്ധിച്ച നിർണ്ണായക തീരുമാനം,കാശി വിശ്വനാഥ ഇടനാഴി,ഭരണഘടന അനുഛേദം 370 ന്റെ റദ്ദാക്കൽ,മുത്തലാഖ് നിരോധനം,പൗരത്വ ഭേദഗതി നിയമം തുടങ്ങിയ സർക്കാർ നടപടികളെല്ലാം വേഗത്തിലുള്ള വികസനത്തിന്റെ പാതയിലേക്കാണ് രാജ്യത്തെ നയിക്കുന്നത്.

കഴിഞ്ഞവർഷം ഓഗസ്റ്റ് 5 നുഅയോദ്ധ്യയിൽ രാമക്ഷേത്രത്തിനു തറക്കല്ലിടൽ കർമ്മം നിർവഹിച്ച ശേഷം പ്രധാനമന്ത്രി നരേന്ദ്രമോദി ഇപ്രകാരം പറഞ്ഞു.' ദളിതർ, പിന്നാക്ക സമുദായക്കാർ തുടങ്ങി രാജ്യത്തെ മുഴുവൻ ജനങ്ങളും സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജിയോട് എങ്ങിനെയാണോ സഹകരിച്ചത്,സമാനമായി ജനങ്ങളുടെ പൂർണ്ണ പിന്തുണയോടെ രാമക്ഷേത്രനിർമ്മാണം ആരംഭിച്ചിരിക്കുന്നു.ഭഗവാൻ ശ്രീരാമൻ സർവ്വവ്യാപിയാണെന്ന കാര്യമാണ് ഈ വാക്കുകളിലൂടെ പ്രധാനമന്ത്രി പറഞ്ഞുവയ്ക്കുന്നത്.ഭാരതത്തിന്റെ വിശ്വാസത്തിലും,ആശയങ്ങളിലും,ഈശ്വരാംശത്തിലും,തത്വചിന്തയിലുമെല്ലാം രാമനുണ്ട്. മനുഷ്യത്വം രാമനെ അംഗീകരിച്ചപ്പോൾ വികസനംവന്നു, ഈ കാര്യം നാം മനസ്സിൽവയ്ക്കേണ്ടതുണ്ട്. എല്ലാവരുടെയും വികാരങ്ങളെ നാം ബഹുമാനിക്കണം.രാമരാജ്യമെന്ന സങ്കൽപ്പം രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ മാറ്റിമറിച്ചു.കഴിഞ്ഞ കുറച്ചു വർഷങ്ങളായി സർക്കാരെടുത്ത നിർണ്ണായക തീരുമാനങ്ങൾ സർക്കാരിന്റെ പ്രതിബദ്ധതയെ കാണിക്കുന്നു.



# അയോധ്യ വിധി

ചരിത്രപരമായ വിധി സൗമനസ്യത്തിന്റെയും സാമൂഹിക ഐക്യത്തിന്റെയും സന്ദേശം രാജ്യത്തിനു നൽകി.



**492**

**വർഷങ്ങളായി രാമക്ഷേത്രത്തിനുള്ള കാത്തിരിപ്പിനു 2019 നവംബർ 9 ലെ സുപ്രീംകോടതി വിധിയോടെ വിരാമമായി**

- കഴിഞ്ഞവർഷം ഓഗസ്റ്റ് 5 നാണ് അയോധ്യയിൽ രാമക്ഷേത്രത്തിനു പ്രധാനമന്ത്രി തറക്കല്ലിട്ടത്. ക്ഷേത്രം അയോധ്യയുടെ പെരുമ വർദ്ധിപ്പിക്കുക മാത്രമല്ല മേഖലയുടെ സമ്പദ്‌വ്യവസ്ഥയെ തന്നെ മാറ്റിമറിയ്ക്കുമെന്നു പ്രധാനമന്ത്രി പറഞ്ഞു.
- എല്ലാമേഖലകളിലും അവസരങ്ങൾ തുറന്നുവരും.ശ്രീരാമ ദേവന്റെയും ജാനകീമാതാവിന്റെയും അനുഗ്രഹം തേടി ലോകത്താകമാനമുള്ള ജനങ്ങൾ അയോധ്യയിലേക്കെത്തുന്നതു സങ്കൽപ്പിച്ചു നോക്കൂ.

# 1 രാജ്യം നിയമം പ്രതീകം

ഒരു രാജ്യത്തിനു രണ്ട് ഭരണഘടന,രണ്ട് പ്രധാനമന്ത്രിമാർ,രണ്ട് പതാകകൾ എന്നിവ പാടില്ലെന്ന ഡോക്ടർ ശ്യാമപ്രസാദ് മുഖർജിയുടെ സങ്കൽപ്പം 72 വർഷത്തെ കാത്തിരിപ്പിനു ശേഷം യാഥാർത്ഥ്യമായി. ഭരണഘടനയുടെ 370,35എ അനുച്ഛേദങ്ങൾ റദ്ദാക്കിയതോടെ ജമ്മുകശ്മീരും ലഡാക്കും രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെപ്പോലെ വേഗത്തിലുള്ള വികസനത്തിന്റെ പാതയിലേക്കുവന്നു.60 വർഷത്തിലധികമായി പിന്തുടർന്നു വന്ന പക്ഷപാതസമീപനത്തിന് ഇതോടെ അവസാനമായി.

**യാഥാർത്ഥ്യമാകുന്നു**



- യഥാർത്ഥ അർത്ഥത്തിൽ ഭാരതവുമായുള്ള ജമ്മുകശ്മീരിന്റെ സംയോജനം ഇതുറപ്പാക്കി.
- മേഖലയെ രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളാക്കി തിരിച്ചു.ജമ്മുകശ്മീരും ലഡാക്കും. ജമ്മുകശ്മീർ നിയമസഭയോടു കൂടിയ കേന്ദ്രഭരണപ്രദേശമാണ്.
- പ്രത്യേക മേഖലയാക്കണമെന്ന ലഡാക്കിന്റെ 70 വർഷമായുള്ള ആവശ്യം ഇതോടെ അംഗീകരിക്കപ്പെട്ടു.
- ഇപ്പോൾ ജമ്മുകശ്മീരും ലഡാക്കും സാമ്പത്തികവും സാമൂഹികവുമായ വലിയ മാറ്റങ്ങളിലേക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്.പുതിയ വാസസ്ഥല നിയമം നിലവിൽ വരികയും ജനങ്ങൾക്ക് ജനാധിപത്യ അവകാശങ്ങൾ നൽകുകയും ചെയ്തു.

# മുത്തലാഖ് എന്ന വിവേചനം അവസാനിപ്പിച്ചു.



- ഭാരതത്തിന്റെ പാർലമെന്റ് ചരിത്രത്തിൽ 2019 ജൂലായ് 30 എന്ന ദിവസം സുപ്രധാനമാണ്. അന്നാണ് മുത്തലാഖ് പാർലമെന്റ് നിരോധിച്ചത്.ഏകപക്ഷീയ വിവാഹമോചന രീതിയായ മുത്തലാഖ് നിരോധനം സർക്കാരിന്റെ സുപ്രധാന നയങ്ങളിലൊന്നാണ്.മുസ്‌ളിം സ്ത്രീകളുടെ അവകാശ സംരക്ഷണമാണ് സർക്കാർ ഇതുവഴി ലക്ഷ്യമിട്ടത്.
- ആഭ്യന്തരമന്ത്രി അമിത് ഷാ യുടെ വാക്കുകൾ 'മുത്തലാഖ് നിരോധന നിയമം പാസ്സാക്കിയ പ്രധാനമന്ത്രി നരേന്ദ്രമോദി രാജാ റാം മോഹൻ റോയി, ഈശ്വർ ചന്ദ്ര വിദ്യാസാഗർ തുടങ്ങിയ സാമൂഹിക പരിഷ്കർത്താക്കൾക്കൊപ്പം ചരിത്രത്തിൽ ഓർമ്മിക്കപ്പെടും'. ■

# കർത്താർപൂർ ഇടനാഴി

- പാക്കിസ്ഥാനിലെ ഗുരുദ്വാര കർത്താർപൂർ സാഹിബിനെയും പഞ്ചാബിലെ ഗുരുദാസ്പൂരിലുള്ള ദേരാ ബാബാ സാഹിബിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന കർത്താർപൂർ ഇടനാഴി കഴിഞ്ഞവർഷമാണ് ഉൽഘാടനം ചെയ്യപ്പെട്ടത്.
- സിഖ് മത സ്ഥാപകനായ ഗുരുനാനാക്ക് ദേവ് ജി അദ്ദേഹത്തിന്റെ അവസാന നാളുകൾ ചെലവിട്ടത് കർത്താർപൂറിലായിരുന്നു.ഭാരതത്തിലെ വിശ്വാസികൾക്ക് ബൈനോക്കുലർ വഴി മാത്രമായിരുന്നു ഈ പുണ്യസ്ഥലം കാണാൻ കഴിഞ്ഞിരുന്നത്.
- 120 കോടിരൂപ ചിലവിൽ നിർമ്മിച്ച കർത്താർപൂർ ഇടനാഴി 2019 നവംബർ 9 നു പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തിനു സമർപ്പിച്ചു.
- കർത്താർപൂർ സന്ദർശിക്കാനായി വിസ ആവശ്യമില്ല.മതഭേദമില്ലാതെ ഭാരതത്തിലെ എല്ലാ തീർത്ഥാടകർക്കും ഗുരുദ്വാരാ ദർശനത്തിനായി ഇടനാഴി ഉപയോഗിക്കാം.



## പാക്കിസ്ഥാൻ, അഫ്ഗാനിസ്ഥാൻ,ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ പീഡനത്തിനിരയായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നു സിഎഎ



- പാക്കിസ്ഥാനിലും അഫ്ഗാനിസ്ഥാനിലും ബംഗ്ലാദേശിലും പീഡനത്തിനിരയായ ന്യൂപക്ഷ മതവിഭാഗങ്ങൾക്ക് ഭാരത പൗരത്വം നൽകുന്നതിനുള്ള തടസ്സങ്ങൾ പൗരത്വ ഭേദഗതി നിയമമെന്ന സിഎഎ വന്നതോടെ ഇല്ലാതായി.ഇതിനുപുറമെ ഭരണഘടനയെ എതിർക്കാത്ത അഭയാർത്ഥികൾക്കും യുക്തമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ പൗരത്വം നൽകാൻ നിയമം വ്യവസ്ഥ ചെയ്യുന്നു.ബംഗ്ലാദേശ് എഴുത്തുകാരി തസ്ലീമ നസ്രീനു രാജ്യം അഭയം നൽകിയിട്ടുള്ളതാണ്.
- അയൽ രാജ്യങ്ങളായ പാക്കിസ്ഥാൻ,അഫ്ഗാനിസ്ഥാൻ,ബംഗ്ലാദശ് എന്നിവിടങ്ങളിൽ വേട്ടയാടപ്പെട്ട മതന്യൂനപക്ഷങ്ങളുടെ അവകാശവും അന്തസ്സും സംരക്ഷിക്കുക എന്നതു ദശാബ്ദങ്ങളായി നിലനിന്നുവന്ന പ്രശ്നമായിരുന്നു.സിഎഎ യിലൂടെ ഈ പ്രശ്നത്തിനു സർക്കാർ പരിഹാരമുണ്ടാക്കി.
- 2019 ഡിസംബർ 9 നു ലോക്സഭയും 11 നു രാജ്യസഭയും ചരിത്രപരമായ ബിൽ പാസ്സാക്കി.12 നു രാഷ്ട്രപതി രാംനാഥ് കോവിന്ദ് ബില്ലിന് അംഗീകാരം നൽകി.പാക്കിസ്ഥാൻ,ബംഗ്ലാദേശ്,അഫ്ഗാനിസ്ഥാൻ എന്നീ അയൽരാജ്യങ്ങളിൽ വേട്ടയാടപ്പെട്ട മതന്യൂനപക്ഷങ്ങളായ ഹിന്ദു,സിഖ്,ബുദ്ധ,ജൈന,സ്വരാഷ്ട്രിയ,ക്രിസ്ത്യൻ വിശ്വാസികൾക്ക് പൗരത്വം നൽകാനാണ് ബില്ലിൽ വ്യവസ്ഥയുള്ളത്.




- ഏഴ് വർഷം മുമ്പ് പ്രകൃതി ദുരന്തത്തിൽ തകർന്നുപോയ കേദാർനാഥ് നഗരം പുതുക്കി പണിയാനുള്ള പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ സ്വപ്ന പദ്ധതി വേഗത്തിൽ പുരോഗമിക്കുന്നു.
- 2013 ജൂൺ 16 നും 17 നും ഉണ്ടായ മേഘവിസ്ഫോടനം വലിയ പ്രളയത്തിനും മണ്ണിടിച്ചിലിനും കാരണമായി.ആയിരക്കണക്കിന് മനുഷ്യരും വീടുകളും കെട്ടിടങ്ങളും റോഡുകളുമെല്ലാം ഒലിച്ചുപോയി. കനത്തനാശം രക്ഷാപ്രവർത്തനങ്ങളെയും ബാധിച്ചു.

## കാശി വിശ്വനാഥ ഇടനാഴി

**കാശിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്ന സ്ഥലം.**



- ആദി ശങ്കരാചാര്യർ സ്ഥാപിച്ച കാശി വിശ്വനാഥ ക്ഷേത്രം ഹിന്ദുക്കളുടെ പ്രധാന തീർത്ഥാടനകേന്ദ്രങ്ങളിലൊന്നാണ്.ഗംഗാ മാതാവിനെയും കാശി വിശ്വനാഥനെയും തമ്മിൽ ബന്ധിപ്പിക്കാനുള്ള ശ്രമങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയാണ്.
- ഈ പദ്ധതി വാരാണസിയെ മുഴുവനായും മാറ്റിമറിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെതാണ് ഈ പദ്ധതിക്കു പിന്നിലെ തലച്ചോർ.
- കാശിവിശ്വനാഥ തീർത്ഥാടന പദ്ധതിക്ക് 2019 മാർച്ച് 8 നു പ്രധാനമന്ത്രി തറക്കല്ലിട്ടു. 50,261 സ്ക്വയർ മീറ്ററിൽ 24 ഭവനുകളുടെ നിർമ്മാണമാണ് പുരോഗമിക്കുന്നത്.

## 5 ദശാബ്ദങ്ങൾ നീണ്ട കാത്തിരിപ്പിനു ശേഷം ബോഡോ അക്കോഡിലൂടെ സമാധാനം തിരിച്ചുവന്നു.

- എല്ലാവർക്കുമൊപ്പം എല്ലാവർക്കും വികസനമെന്ന നയത്തിലൂന്നിയാണ് പ്രവർത്തനങ്ങൾ.ബോഡോ അക്കോഡിലൂടെ 50 വർഷത്തിലധികം നീണ്ട അസ്ഥിരതയ്ക്കു പരിഹാരമായി
- അക്കോഡിൽ അസമിന്റെ പ്രദേശ സമഗ്രതയ്ക്കു പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്.ബോഡോ മേഖലയുടെ വികസനത്തിനായി 1500 കോടിയുടെ പ്രത്യേക പാക്കേജും പ്രഖ്യാപിച്ചു.
- പ്രധാനമന്ത്രിയുടെ ആഹ്വാനം അനുസരിച്ചു 1615 ലധികം ബോഡോ തീവ്രവാദികൾ കീഴടങ്ങുകയും സാധാരണ ജീവിതത്തിലേക്ക് മടങ്ങുകയും ചെയ്തിട്ടുണ്ട്..

## രണ്ട് ദശാബ്ദത്തോളമായി നിലനിന്ന ബ്രു-റീങ് അഭയാർത്ഥി പ്രശ്നം പരിഹരിച്ചു.

- കേന്ദ്രസർക്കാർ മിസോറാമും ത്രിപുരയുമായി ഒപ്പുവച്ച ത്രികക്ഷികരാറിലൂടെയാണ് ബ്രു-റീങ് അഭയാർത്ഥി പ്രശ്നം പരിഹരിക്കപ്പെട്ടത്.
- ആഭ്യന്തരമായി സ്ഥാനമാറ്റം ചെയ്യപ്പെട്ട മുപ്പത്തിനാലായിരത്തോളം ആളുകൾക്ക് ത്രിപുരയിൽ സ്ഥിരതാമസത്തിനുള്ള ക്രമീകരണമുണ്ടാക്കി.ഇവരുടെ പുനരധിവാസത്തിനും വികസനത്തിനുമായി 600 കോടി രൂപ ത്രിപുരയ്ക്ക് അനുവദിച്ചു.

ഐക്യബോധത്തോടെ എല്ലാവരും മുന്നോട്ടു നീങ്ങിയാൽ രാജ്യം പുരോഗമിക്കുമെന്ന കാര്യത്തിൽ സംശയമില്ല.വരാനിരിക്കുന്ന തലമുറകൾക്ക് ഈ മുന്നേറ്റം വലിയ പ്രചോദനമാകും.■



ഏഴു വർഷങ്ങൾ നവഭാരതം നിർമ്മിക്കുന്നു

**ഒരു രാഷ്ട്രം, ഒരേ സേവനം**

# സംവിധാനങ്ങൾ പ്രാപ്യമാക്കി സേവനങ്ങളുടെ ഏകീകരണം

രാജ്യത്തെ യുവജനങ്ങൾ മികച്ച നഗരങ്ങൾ മാത്രമല്ല ആഗ്രഹിക്കുന്നത്, മികച്ച ഗ്രാമങ്ങളും ടൗണുകളും അവർക്കാവശ്യമുണ്ട്. വിവിധ സേവനങ്ങളെ ഒരു രാഷ്ട്രം ഒരേ സേവനം പദ്ധതിയുടെ കീഴിലാക്കിയിട്ടുണ്ട്. ലോകോത്തര സൗകര്യങ്ങളുള്ള നഗരകേന്ദ്രങ്ങളുടെ നിർമ്മാണത്തിനൊപ്പം തന്നെ കേന്ദ്രസർക്കാർ ഈ സൗകര്യങ്ങളെല്ലാം ഗ്രാമങ്ങളിലും ഉറപ്പുവരുത്താൻ ശ്രമിക്കുന്നു. ജനജീവിതം നഗര-ഗ്രാമ വത്യാസമില്ലാതെ അനായാസകരമാക്കാൻ ലക്ഷ്യമിട്ട് രാജ്യത്തിന്റെയാകെ പരിവർത്തനമാണ് ഇവിടെ സാധ്യമാകുന്നത്........




### ഒരു രാഷ്ട്രം ഒരു മൊബിലിറ്റി കാർഡ്

ദി നാഷണൽ കോമൺ മൊബിലിറ്റി കാർഡ്(എൻസിഎംസി)വഴി മെട്രോ, ടാക്സി, ബസ്, ട്രയിൻ എന്നിവയിലെല്ലാം രാജ്യത്തെവിടെയും യാത്ര സാധ്യമാക്കുന്നു.



### ഒരു രാഷ്ട്രം ഒരു വിപണി

പുതിയ കാർഷിക പരിഷ്ക്കരണങ്ങളുടെ ഭാഗമായിവന്ന ഇ-നാം വഴി രാജ്യത്തെ മുഴുവനും തന്നെ ഒരു കാർഷിക വിപണിയാക്കി മാറ്റുന്നു.




### ഒരു രാഷ്ട്രം ഒരു റേഷൻ കാർഡ്

ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് മാറി താമസിച്ചുകൊണ്ടിരിക്കുന്ന ആളുകൾ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധിക്ക് പരിഹാരമായി. ഉപഭോക്താക്കളുടെ കൈവശമുള്ള റേഷൻ കാർഡ് ഉപയോഗിച്ച് ഇനി മുതൽ രാജ്യത്ത് എവിടെ നിന്നും റേഷൻ ഭക്ഷ്യധാന്യങ്ങൾ വാങ്ങാനാവും. ന്യായവില ശാലകളിൽ നിന്ന് ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) സംവിധാനം വഴി ഉപഭോക്താക്കളെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തിയാണ് അവർക്കുള്ള ഭക്ഷ്യ വിഹിതം നൽകുന്നത്.



### ഒരു രാഷ്ട്രം ഒരു പവർ ഗ്രിഡ്

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ആവശ്യമായ വൈദ്യുതി വിതരണം സാധ്യമാക്കുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് ഒരു രാഷ്ട്രം ഒരു പവർ ഗ്രിഡ്. ഇതുവഴി എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രവൈദ്യുത വിഹിതം കൃത്യമായി ലഭിക്കുകയും വൈദ്യുതി മുടക്കം ഇല്ലാതാക്കുകയും ചെയ്യുന്നു.

### ഒരു രാഷ്ട്രം ഒരു ഗ്യാസ് ഗ്രിഡ്

പാചകവാതകത്തെ അടിസ്ഥാനമാക്കിയുള്ള ഭക്ഷണ പാചക സംവിധാനങ്ങൾ അപ്രാപ്യമായിരുന്ന പ്രദേശങ്ങളിൽ പോലും ആവശ്യത്തിലധികം എൽപിജി കണക്ഷനുകൾ ലഭ്യമാക്കി. വീടുകളിലേക്ക് എൽപിജിയും വാഹനങ്ങൾക്ക് സിഎൻജിയും ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു പദ്ധതി. പദ്ധതി നടപ്പാക്കിയതു വഴി വളം നിർമ്മാണത്തിന്റെ ചെലവ് ചുരുങ്ങി. വൈദ്യുതി, കെമിക്കൽസ് തുടങ്ങിയ വ്യവസായങ്ങൾക്ക് പ്രയോജനകരമായ പദ്ധതി തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിച്ചു. വിദേശ വിനിമയ ചിലവിൽ വലിയ കുറവുണ്ടായി.




### ഒരു രാഷ്ട്രം ഒരു ഫാസ്ടാഗ്

രാജ്യമെങ്ങുമുള്ള ദേശീയപാതകളിലെ ടോൾ ബൂത്തുകളിലൂടെയുള്ള യാത്ര സുഗമമാക്കാൻ ഫാസ്ടാഗ് സംവിധാനം വഴി സാധിച്ചു.




### ഒരു രാഷ്ട്രം ഒരു നികുതി

ഒരു രാഷ്ട്രം ഒരു നികുതി അഥവാ ജിഎസ്ടി(ചരക്ക് സേവന നികുതി) നടപ്പാക്കിയതോടെ നികുതി സംവിധാനത്തിലെ സങ്കീർണ്ണതകൾ അവസാനിച്ചു. പരോക്ഷ നികുതി സംവിധാനത്തിന് ഐക്യരൂപം കൊണ്ടുവരാനും ജിഎസ്ടി വഴി സാധ്യമായി.



### ഒരു രാഷ്ട്രം ഒരു ആരോഗ്യ ഇൻഷുറൻസ്

അഞ്ചുലക്ഷം രൂപ വരെയുള്ള ഇൻഷുറൻസ് പരിരക്ഷ രാജ്യത്ത് എവിടെയുമുള്ള പൗരന്മാർക്ക് ലഭ്യമാക്കുന്ന പദ്ധതി കേന്ദ്രസർക്കാർ നടപ്പാക്കി.



### ഒരു രാഷ്ട്രം ഒരു പരീക്ഷ

കേന്ദ്രസർക്കാർ സർവ്വീസിലേക്കുള്ള ജോലിക്കായി നടത്തുന്ന പരീക്ഷകളെല്ലാം ദേശീയ റിക്രൂട്ട്മെന്റ് ഏജൻസി(എൻആർഎ) വഴിയാക്കി ഏകീകരിച്ചു. വലിയ മാറ്റം കൊണ്ടുവന്ന പരിഷ്ക്കരണമായിരുന്നു അത്.



**“ ഒരു രാഷ്ട്രം ഒരു ഭരണഘടന എന്ന വാക്കുകൾ എല്ലാ ഭാരതീയരും ഇപ്പോൾ സസാരിക്കുന്നുണ്ട്. ഏകഭാരതം ശ്രേഷ്ഠ ഭാരതം എന്ന സർദ്ദാർ വല്ലഭായ് പട്ടേലിന്റെ സ്വപ്ന സാക്ഷാത്ക്കാരത്തിനാണ് നമ്മുടെ ശ്രമം. രാജ്യത്തിന്റെ ഏകതയും സേവനങ്ങളും ഊട്ടിയുറപ്പിക്കുന്ന സംവിധാനങ്ങൾ നമുക്കാവശ്യമാണ്. ഈ പ്രക്രിയ തുടരുക തന്നെ ചെയ്യും.**

**– പ്രധാനമന്ത്രി നരേന്ദ്രമോദി**




# ഭാരതത്തിന്റെ മഹത്തായ നേതാക്കളുടെ പൈതൃകത്തെ ആദരിക്കുന്നു.

രാജ്യത്തെ വാഴ്ത്തപ്പെടാത്ത നായകരെയും പ്രചോദനം നൽകിയ മറ്റു നിരവധി നേതാക്കളെയും കുറിച്ചു ജനങ്ങളെ ബോധവൽക്കരിക്കാനായി നിരവധി നടപടികൾ സർക്കാരെടുത്തുവരുന്നു.സമൂഹത്തിനുവേണ്ടി നിസ്വാർത്ഥരായി പ്രവർത്തിച്ച ഈ രാജ്യസ്നേഹികളുടെ നേട്ടങ്ങളും ത്യാഗങ്ങളും പൊതുസമൂഹത്തിനുമുമ്പിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുക എന്നതാണ് സർക്കാറിന്റെ ലക്ഷ്യം.

2015 ൽ ബ്രിട്ടൺ സന്ദർശനത്തിനിടെ ഭഗവാൻ ബസവേശ്വരന്റെ പ്രതിമ പ്രധാനമന്ത്രി അവിടെ അനാഛാദനം ചെയ്യുകയുണ്ടായി.അതൊരു ചരിത്രമുഹൂർത്തമായിരുന്നു.പന്ത്രണ്ടാം നൂറ്റാണ്ടിൽ കർണ്ണാടകയിൽ ജീവിച്ചിരുന്ന സാമൂഹിക പരിഷ്കർത്താവായ ഭഗവാൻ ബസവേശ്വറിനെ പ്രധാനമന്ത്രി സ്തുതിച്ചു. ഭാരതത്തിന്റെ സമ്പന്നമായ സാംസ്കാരിക പാരമ്പര്യത്തെയും മൂല്യങ്ങളെയും വ്യക്തികളെ ചേർത്തു സുപ്രധാനമാക്കി അവതരിപ്പിക്കാനുള്ള സർക്കാർ ശ്രമങ്ങളുടെ ഒരു ഉദാഹരണമാണ് ബ്രിട്ടണിലെ ബസവേശ്വര പ്രതിമ അനാഛാദനം.യഥാർത്ഥ ജീവിതത്തിലെ നായകർക്കു ചരിത്രത്തിൽ അർഹമായ സ്ഥാനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ വേഗത്തിൽ നടന്നുവരുന്നു. 'ഭാരതം ആദ്യം' എന്ന തത്വമാണ് നമ്മെ നയിക്കുന്നത്. മറ്റെല്ലാ വ്യത്യാസങ്ങളെയും മാറ്റിനിർത്താൻ മാത്രം ശക്തമാണ് ഈ തത്വം.

**ഡോക്ടർ ബി ആർ അംബേദ്കറുടെ പ്രത്യയശാസ്ത്രങ്ങൾ നടപ്പിൽ വരുത്താനുള്ള പരിശ്രമങ്ങൾ**

### പ്രധാനമന്ത്രിമാർക്കായുള്ള അത്യാധുനിക മ്യൂസിയത്തിനു 226 കോടി രൂപ

രാജ്യത്തിന്റെ നയങ്ങൾ തീരുമാനിക്കുകയും ജനങ്ങൾക്കായി വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കുകയും ചെയ്യുന്നതിൽ പാർലമെന്ററി ജനാധിപത്യത്തിൽ പ്രധാനമന്ത്രിമാർക്കു വലിയ പങ്കാണുള്ളത്. നമ്മുടെ രാജ്യത്തെ പ്രധാനമന്ത്രിമാരുടെ ജീവിതരേഖ വ്യക്തമാക്കുന്ന മ്യൂസിയത്തിനു 226 കോടിരൂപയാണ് സർക്കാർ നീക്കിവച്ചിരിക്കുന്നത്.അത്യാധുനിക സാങ്കേതികവിദ്യയിൽ നിർമ്മിക്കുന്ന മ്യൂസിയം ഓരോ പ്രധാനമന്ത്രിമാരും രാഷ്ട്രനിർമ്മാണത്തിൽ വഹിച്ച പങ്ക് വരച്ചുകാട്ടും.

നമ്മുടെ ഭരണഘടന യുടെ പ്രധാന ശിൽപ്പികളിലൊരാളാണ് ഡോക്ടർ ബി ആർ അംബേദ്കർ.രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും തുല്യത ഉറപ്പാക്കാനായി വലിയ പരിശ്രമങ്ങളാണ് അദ്ദേഹം നടത്തിയത്. അദ്ദേഹത്തിന്റെ പരിശ്രമങ്ങളെ ആദരിക്കുകയാണ് മോദി സർക്കാർ.

# അറിയപ്പെടാത്ത നായകരെ'പദ്മ' പുരസ്കാരത്തിലൂടെ ആദരിച്ച് നവഭാരതം.




വിപ്ലവകരമായ മാറ്റങ്ങളാണ് മോദി സർക്കാർ രാജ്യത്തു കൊണ്ടുവന്നതു.രാജ്യത്തെ വിഐപി സംസ്കാരം അവസാനിപ്പിച്ചതും സുപ്രധാന ബഹുമതികളായ പദ്മ പുരസ്കരാങ്ങൾ സാധാരണക്കാരിലേക്കെത്തിച്ചതും മോദി സർക്കാറാണ്.പുരസ്കരാത്തിനായുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കുക വഴി ലോബീയിംഗ് സംസ്കാരം അവസാനിപ്പിക്കുകയും പകരം കഴിവുകൾ കണ്ടെത്തി ആദരിക്കുകയും ചെയ്യുന്നു.മഹത്തായകാര്യങ്ങൾ ചെയ്യുമ്പോഴും എവിടെയും ആരാലും അറിയപ്പെടാതെ പോകുന്നവരുണ്ട്. ജീവിതത്തിലെ യഥാർത്ഥ നായകർ.അറിയപ്പെടാതെപോകുന്ന വാഴ്ത്തപ്പെടാതെ പോകുന്ന ആ മനുഷ്യരിലേക്ക് പദ്മ പുരസ്കാരങ്ങളുടെ രൂപത്തിൽ അംഗീകാരമെത്തിക്കുകയാണ് സർക്കാർ.അസമിൽ നിന്നുള്ള ബിരുബല രാഭ,തമിഴ്നാട് സ്വദേശികളായ ഡോ.ടി.വീരരാഘവനും പപ്പാമ്മാളും,പശ്ചിമബംഗാളിൽ നിന്നുള്ള നാരായൺ ദേബ്നാഥ്,ലഡാക്ക് സ്വദേശി സുൾട്രിം ചോഞ്ചോർ തുടങ്ങിയവർ മഹത്തായ സേവനങ്ങൾക്കു ആദരിക്കപ്പെട്ട സാധാരണക്കാരാണ്.

അംബേദ്കറുമായി ബന്ധപ്പെട്ട 5 സ്ഥലങ്ങളെ 'പഞ്ചതീർഥമെന്ന' പേര് നൽകി വികസനപ്രവർത്തനങ്ങൾ നടത്തുകയാണ് സർക്കാർ.അംബേദ്കറോടുള്ള ആദര സൂചകമായി നവംബർ 26 ഭരണഘടനാദിനമായി ആചരിക്കാൻ 2015ൽ സർക്കാർ തീരുമാനിച്ചിരുന്നു.

**നേതാജി സുഭാഷ്ചന്ദ്ര ബോസിന്റെ മഹത്തായ പാരമ്പര്യത്തിന്റെ പുനരുജ്ജീവനം**

'നിങ്ങളെനിക്കു രക്തം തരൂ ഞാൻ നിങ്ങൾക്കു സ്വാതന്ത്ര്യം തരാം' എന്ന് നേതാജിയുടെ പ്രശസ്തമായ മുദ്രാവാക്യം ഇന്നും രാജ്യത്തിനു പ്രചോദനം നൽകുന്നു.2018ൽ നേതാജിയുടെ ആസാദ് ഹിന്ദ് സർക്കാറിന്റെ 75 ാമത് വാർഷികം ആഘോഷിച്ചത് പ്രധാനമന്ത്രി ചെങ്കോട്ടയിൽ ദേശീയപതാക ഉയർത്തിക്കൊണ്ടാണ്.രാജ്യമെമ്പാടും അഭിമാനകരമായ നിമിഷമായിരുന്നു അത്.വർഷങ്ങൾക്കു ശേഷം രാജ്യം കണ്ട ഏറ്റവും മികച്ച നേതാവിന്റെ പാരമ്പര്യം അംഗീകരിക്കപെട്ട ദിവസം.ആസാദ് ഹിന്ദ് ഫൗജിലെ(ഇന്ത്യൻ നാഷണൽ ആർമി) 4 അംഗങ്ങൾ 2019 ലെ റിപ്പബ്ലിക്ക്ദിന പരേഡിൽ പങ്കെടുത്തിരുന്നു.നേതാജിയുമായി ബന്ധപ്പെട്ട ഫയലുകൾ പരസ്യപ്പെടുത്താനും സർക്കാർ തീരുമാനമെടുത്തു. രഹസ്യരേഖയായി സൂക്ഷിച്ചിരിക്കുന്ന ഫയലുകൾ പരസ്യപ്പെടുത്തണമെന്നതു വർഷങ്ങളായുള്ള അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ആവശ്യമായിരുന്നു.2014ൽ ജപ്പാൻ സന്ദർശനത്തിനിടെ നേതാജിയുടെ വിശ്വസ്തനായിരുന്ന സൈച്ചിറോ മിസൂമിയെ പ്രധാനമന്ത്രി സന്ദർശിച്ചിരുന്നു.

**സർദാർ പട്ടേൽ:രാജ്യത്തെ ഏകീകരിച്ച രാഷ്ട്രതന്ത്രജ്ഞൻ**

രാജ്യം സ്നേഹത്തോടെ ഉരുക്കുമനുഷ്യനെന്നു വിളിച്ച സർദാർ വല്ലഭായി പട്ടേലിന്റെ ആദര സൂചകമായി ഗുജറാത്തിലെ കെവാഡിയയിൽ സ്ഥാപിച്ച അദ്ദേഹത്തിന്റെ പടുകൂറ്റൻ ഏകതാപ്രതിമ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് രാജ്യത്തിനു സമർപ്പിച്ചത്.നരേന്ദ്ര മോദി ഗുജറാത്ത് മുഖ്യമന്ത്രി ആയിരിക്കെ 2013 ലാണ് ഏകതാപ്രതിമയുടെ തറക്കല്ലിട്ടത്.സ്വതന്ത്ര



ഭാരതത്തിന്റെ ആദ്യ ആഭ്യന്തരമന്ത്രി ആയിരുന്ന സർദാർ പട്ടേൽ രാഷ്ട്രനിർമ്മിതിക്കായി നൽകിയ സംഭാവനകൾക്കു അർഹിക്കുന്ന അംഗീകാരം ഒരിക്കലും നൽകിയിരുന്നില്ല.പക്ഷേ ഇപ്പോൾ സർദാർ പട്ടേലിന്റെ മഹത്തായ സംഭാവനകളെ ആദരിക്കുകയും ഓർമ്മപ്പെടുത്തുകയും ചെയ്യാനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതു.

സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലെ സുപ്രധാന പോരാളിയായ വീർസവർക്കറിനും അംഗീകാരവും ആദരവും നൽകുന്നതിനുള്ള മുഴുവൻ പരിശ്രമങ്ങളും സർക്കാർ നടത്തി.മുമ്പു ഭരിച്ചവർ ഭ്രഷ്ട് കൽപ്പിച്ചു പുറത്തുനിർത്തിയ വീർസവർക്കറിന്റെ മഹത്തായ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിക്കുകയാണ് മോദി സർക്കാർ.യൗവ്വന കാലത്തു ആൻഡമാൻ നിക്കോബാർ ദ്വീപിലെ സെല്ലുലാർ തടവറയിൽ ഏകാന്ത തടവിലായിരുന്നു വീർസവർക്കർ.

സമാനമായി നമ്മുടെ രാജ്യത്തെ അസാധാരണ വ്യക്തിത്വങ്ങളായ ഛത്രപതി ശിവാജി മഹാരാജ്,ബിർസ മുണ്ട,ദീനബന്ധു സർ ഛോട്ടു റാം തുടങ്ങിവരുടെ മഹത്തായ പാരമ്പര്യത്തെ പുനർനിർമ്മിക്കാനുള്ള കഠിന പരിശ്രമത്തിലാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി. ■



# ഭാരതത്തിന്റെ വിപ്ലവകരമായ മുന്നേറ്റങ്ങളുടെ മുന്നണിപ്പോരാളികൾ



നമുക്ക് പ്രചോദനവും ഊർജ്ജവും നൽകുന്ന നിരവധി സംഭവങ്ങളുണ്ട് ഭാരതത്തിന്റെ സ്വാതന്ത്ര്യസമര ചരിത്രത്തിൽ.അത്തരത്തിലുള്ള സുപ്രധാന സംഭവങ്ങളിലേക്കു വെളിച്ചംവീശുകയാണ് അമൃത് മഹോത്സവം.അതോടൊപ്പം ഭാരതത്തിന്റെ സാംസ്കാരിക നാനാത്വവും അർപ്പണബോധവും സംസ്കാര സമ്പന്നതയും പ്രാമുഖ്യം നൽകി അവതരിപ്പിക്കുന്നു.

ഭഗവാൻ കൃഷ്ണൻ ഭഗവത്ഗീതയിൽ പറഞ്ഞിട്ടുണ്ട് “समदुःखसुखम्, धीरम्, सः, अमृतत्वाय, कल्पते". അർത്ഥം- സുഖത്തിലും ദുഖത്തിലും ഒരേപോലെ നിൽക്കുന്നവരാണ് മുക്തിക്കും അമരത്വത്തിനും അർഹർ. പ്രചോദനവും സന്ദേശവും നൽകി നമ്മെ മുന്നോട്ടു നയിക്കുന്ന നിരവധി യുദ്ധങ്ങളും സംഭവവികാസങ്ങളും നമ്മുടെ സ്വാതന്ത്ര്യസമര ചരിത്രത്തിലുണ്ട്. 1857 ലെ സ്വാതന്ത്ര്യസമരം,വിദേശത്തു നിന്നുള്ള മഹാത്മാഗാന്ധിയുടെ തിരിച്ചു വരവ്,സത്യാഗ്രഹത്തിന്റെ ശക്തി,ലോകമാന്യ തിലകന്റെ പൂർണ്ണ സ്വരാജ് പ്രഖ്യാപനം,നേതാജി സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ആസാദ് ഹിന്ദ് ഫൗജ് സേനാംഗങ്ങൾ ഡൽഹിയിലേക്കു നടത്തിയ മാർച്ച്, ഇപ്പോഴും ഭാരതം ആവേശത്തോടെ ഓർക്കുന്ന സുഭാഷ് ചന്ദ്രബോസിന്റെ പ്രശസ്തമായ ‘ദില്ലി ചലോ’ മുദ്രാവാക്യം.

“അടിമത്തമനുഭവിച്ച കാലവും,ദശലക്ഷക്കണക്കിനു ജനങ്ങൾ സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ പുലരിയ്ക്കായി നൂറ്റാണ്ടുകൾ കാത്തിരുന്നതും ഓർക്കുമ്പോഴാണ് എത്രത്തോളം ചരിത്രപരവും മഹത്വമുള്ളതുമാണ് സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികമെന്നു മനസ്സിലാവുക.ഭാരതത്തിന്റെ അനശ്വരമായ പാരമ്പര്യവും,സ്വാതന്ത്ര്യസമര കഥകളും,സ്വതന്ത്ര ഭാരതത്തിന്റെ അഭിമാനകരമായ പുരോഗതിയും ഈ ഉത്സവത്തിന്റെ ഭാഗമാണ് ”.

പ്രധാനമന്ത്രി നരേന്ദ്ര മോദി



## ശ്യാംജി കൃഷ്ണ വർമ്മ
### അവസാനശ്വാസം വരെ പോരാടിയ വിപ്ലവകാരി

1857 ഒക്ടോബർ 4ന് ഗുജറാത്തിലെ കച്ചിലെ മാണ്ഡ്വി നഗരത്തിലാണ് ശ്യാംജി കൃഷ്ണ വർമ്മയുടെ ജനനം. 1857ലെ ഒന്നാം സ്വാതന്ത്ര്യസമരത്തിന്റെ വീരകഥകൾ കേട്ടുവളർന്ന ബാല്യം. തന്റെ ഇരുപതാം വയസ്സിൽ വിപ്ലവപ്രവർത്തനങ്ങൾ ശ്യാംജി ആരംഭിച്ചു. ഉപരിപഠനത്തിനായി ഓക്സ്ഫോർഡ് സർവ്വകലാശാലയിലേക്ക് പോയ ശ്യാംജി നിരവധി വേർതിരിവുകൾ അവിടെ നേരിട്ടു. ഇതിൽ കോപാകുലനായ ശ്യാംജി ലണ്ടനിൽ ഒരു വീട് വാങ്ങി ഭാരതീയ വിദ്യാർത്ഥികൾക്ക് ബോർഡിംഗ് സംവിധാനമൊരുക്കി. ഇന്ത്യാ ഹൗസ് എന്നായിരുന്നു അതിന്റെ പേര്. ഇംഗ്ലണ്ടിലെ വിപ്ലവ പ്രവർത്തനങ്ങളുടെ കേന്ദ്രമായി ഇന്ത്യാ ഹൗസ് പിൽക്കാലത്ത് മാറി. ഗാന്ധി, ലെനിൻ, ലാലാ ലജ്പത് റായി, ഗോപാല കൃഷ്ണ ഗോഖലെ, സവർക്കർ, മദൻ ലാൽ ദിംഗ്ര എന്നിവരെല്ലാം ഇന്ത്യാ ഹൗസ് സന്ദർശിച്ചിട്ടുണ്ട്. ലോകമാന്യ തിലക്, ദയാനന്ദ സരസ്വതി എന്നിവരാൽ ആഴത്തിൽ സ്വാധീനിക്കപ്പെട്ടിരുന്നു ശ്യാംജി കൃഷ്ണ വർമ്മ. ഭാരതത്തിന്റെ സ്വാതന്ത്ര്യ പോരാട്ടത്തിനായി സ്വന്തം ജീവിതം ഉഴിഞ്ഞുവെച്ച ശ്യാംജി, മറ്റു നിരവധി പേർക്ക് പ്രേരണാസ്രോതസ്സുമായി മാറി. ശ്യാംജിയിൽ നിന്ന് പ്രേരണ ഉൾക്കൊണ്ടുകൊണ്ടാണ് സവർക്കർ വിപ്ലവകാരിയായി മാറിയതെന്നാണ് വിശ്വസിക്കപ്പെടുന്നത്. മദൻ ലാൽ ദിംഗ്ര ശ്യാംജിയുടെ വിദ്യാർത്ഥിയായിരുന്നു. സ്വാതന്ത്ര്യ സമര പോരാട്ടത്തിന്റെ ഭാഗമായ ഭാരതത്തിലും വിദേശങ്ങളിലുമുള്ള നിരവധി പേർക്ക് ശ്യാംജി കൃഷ്ണ വർമ്മ പ്രേരണ നൽകി. തന്റെ അവസാന ശ്വാസം വരെ ബ്രിട്ടീഷുകാരുടെ മൂക്കിന് താഴെ ജീവിച്ചുകൊണ്ടു തന്നെ അവരെ നേരിട്ട ഭാരതത്തിന്റെ വീര പുത്രനാണ് ശ്യാംജി. 1930 മാർച്ച് 31ന് ജനീവയിൽ വെച്ച് അദ്ദേഹം അന്തരിച്ചു.



## റാണി ഗൈഡിൻലിയു-
### ബ്രിട്ടീഷുകാരെ ബുദ്ധിമുട്ടിച്ച 'മലനിരകളുടെ മകൾ'

ഹേരക പ്രക്ഷോഭത്തിന്റെ ഭാഗമായി തന്റെ പതിമൂന്നാം വയസ്സിലാണ് റാണി ഗൈഡിൻലിയു സ്വാതന്ത്ര്യസമര പോരാട്ടത്തിന്റെ ഭാഗമായി മാറുന്നത്. മണിപ്പൂരിലും സമീപത്തെ നാഗാ സ്വാധീന മേഖലകളിലും കേന്ദ്രീകരിച്ച് തുടങ്ങിയ സാമൂഹ്യ-മത പ്രക്ഷോഭമായ ഹേരക പിന്നീട് രാഷ്ട്രീയ രൂപത്തിലേക്ക് മാറുകയായിരുന്നു. 1931ൽ ഗൈഡിൻലിയു പ്രക്ഷോഭത്തിന്റെ കേന്ദ്രസ്ഥാനം ഏറ്റെടുക്കുകയും ബ്രിട്ടീഷുകാർക്കെതിരെ പോരാടാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു. ഹേരക പ്രക്ഷോഭത്തെ ഭാരതത്തിന്റെ സ്വാതന്ത്ര്യ സമര പ്രക്ഷോഭത്തിന്റെ ഭാഗമാക്കി മാറ്റിയ അവർ മഹാത്മാഗാന്ധിയുടെ സന്ദേശങ്ങളും മറ്റും വടക്കു കിഴക്കൻ പ്രദേശങ്ങളിലെ ജനങ്ങളിലേക്കെത്തിക്കുകയും ചെയ്തു. നിരവധി ഗ്രാമങ്ങൾക്ക് തീയിട്ടുകൊണ്ടായിരുന്നു ബ്രിട്ടീഷുകാർ പ്രക്ഷോഭത്തെ തകർക്കാൻ ശ്രമിച്ചത്. എന്നാൽ വിപ്ലവകാരികളുടെ വീര്യത്തെ തകർക്കാൻ അതിനായില്ല. ബ്രിട്ടീഷുകാരെ നേരിടുന്നതിനായി നാലായിരത്തോളം വരുന്ന അവരുടെ അനുയായികൾക്ക് സുരക്ഷിതരായി കഴിയുന്നതിനായി വലിയ കോട്ടയും ഗൈഡിൻലിയു പണിയാൻ തീരുമാനിച്ചു. കോട്ടയുടെ നിർമ്മാണം നടക്കുന്നതിനിടെ 1932 ഏപ്രിൽ 17ന് ബ്രിട്ടീഷുകാർ ഗ്രാമത്തിന് നേർക്ക് അപ്രതീക്ഷിത ആക്രമണം അഴിച്ചുവിട്ടു. ഗൈഡിൻലിയുവിനെ അറസ്റ്റ് ചെയ്ത് വിചാരണയ്ക്ക് വിധേയമാക്കി ജീവപര്യന്തം തടവിന് ബ്രിട്ടീഷുകാർ ശിക്ഷിക്കുകയും ചെയ്തു. ഗൈഡിൻലിയുവിന്റെ മോചനം സംബന്ധിച്ച് ബ്രിട്ടീഷ് പൊതുസഭയിൽ വരെ ചർച്ചകൾ നടന്നിരുന്നു. എന്നാൽ 14 വർഷങ്ങൾക്ക് ശേഷം 1947ൽ ഭാരതം സ്വതന്ത്രയായപ്പോൾ മാത്രമാണ് ഗൈഡിൻലിയുവിന് തടവിൽ നിന്ന് മോചനം ലഭിച്ചത്. ■

# ഭാരതത്തിന്റെ ധീരപുത്രൻ: വീർ സവർക്കർ



**ഭാരതത്തിന്റെ ചരിത്രത്തോട് ചേർത്ത് വെച്ച് വായിക്കുന്ന പേരാണ് വിനായക ദാമോദർ സവർക്കർ. 1857 വിപ്ലവമെന്ന് വിശേഷിപ്പിച്ചിരുന്ന 1857ലെ പോരാട്ടത്തെ ഒന്നാം സ്വാതന്ത്ര്യ സമരമെന്ന് വിശേഷിപ്പിച്ച ഏകാംഗ സൈന്യമായിരുന്നു സവർക്കർ. മുൻ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി സവർക്കറെ വിശേഷിപ്പിച്ചിരുന്നത് ഇപ്രകാരമായിരുന്നു. 'ഞാനൊരു പുൽക്കൊടിയെങ്കിൽ സവർക്കർ മഹാമേരുവായിരുന്നു. ഞാനൊരു വെള്ളത്തുള്ളിയെങ്കിൽ അദ്ദേഹം ഇന്ത്യൻ മഹാസമുദ്രത്തിന് തുല്യമായിരുന്നു'.**

ബ്രിട്ടീഷുകാരുടെ ഭരണം ഇല്ലാതാക്കാൻ വേണ്ടി പ്രവർത്തിക്കുക മാത്രമല്ല, മികച്ച ആശയങ്ങളിലൂടെയും വലിയ പരിശ്രമങ്ങളിലൂടെയും ജനങ്ങൾക്ക് ഊർജ്ജവും വീര്യവും പകർന്ന് പോരാട്ടത്തിന് ഇറക്കുകയും ചെയ്ത സ്വാതന്ത്ര്യസമര പോരാളികളുടെ പട്ടികയിലെ പ്രധാനിയാണ് വീർ സവർക്കർ. 1883 മെയ് 28ന് മഹാരാഷ്ട്രയിലെ നാസിക്കിന് സമീപമുള്ള ബാഗുർ ഗ്രാമത്തിൽ ദാമോദർ പന്ത് സവർക്കറിന്റെയും രാധാഭായിയുടേയും മകനായാണ് വീർ സവർക്കറുടെ ജനനം. പൂനയിലെ പ്രശസ്തമായ ഫെർഗൂസൺ കോളേജിൽ നിന്ന് അദ്ദേഹം വിദ്യാഭ്യാസം പൂർത്തിയാക്കി. വിദ്യാഭ്യാസം നേടുക എന്നതു മാത്രമായിരുന്നില്ല സവർക്കറുടെ ശ്രദ്ധ. ഭാരതത്തെ സ്വതന്ത്രമാക്കുന്നതിനായി ജ്വലിക്കുന്ന ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നു. ഈ ലക്ഷ്യത്തോടെ 1904ൽ അഭിനവ് ഭാരത് എന്ന സംഘടനയ്ക്ക് സവർക്കർ തുടക്കം കുറിച്ചു. ബംഗാൾ വിഭജനത്തിൽ പ്രതിഷേധിച്ച് സ്വദേശി പ്രക്ഷോഭം ശക്തമാക്കുന്നതിന്റെ ഭാഗമായി വിദേശവസ്തുക്കൾ കത്തിച്ചാണ് 1905ൽ പൂനയിൽ സവർക്കർ പ്രതിഷേധിച്ചത്. സ്കോളർഷിപ്പോടെ നിയമപഠനത്തിനായി സവർക്കർ ലണ്ടനിലേക്ക് തിരിച്ചു. ലണ്ടൻ വാസക്കാലത്ത് ഭാരതത്തിന്റെ സ്വാതന്ത്ര്യം ലക്ഷ്യമിട്ട് ഫ്രീ ഇന്ത്യ സൊസൈറ്റി അദ്ദേഹം രൂപീകരിച്ച് സ്വതന്ത്ര്യ സമര പ്രക്ഷോഭത്തിന്റെ ഭാഗമായി സജീവമായി തുടർന്നു. ഡോ. ശ്യാമപ്രസാദ് മുഖർജിയുടെ നേതൃത്വത്തിൽ ലണ്ടനിലെ ഇന്ത്യ ഹൗസ് കേന്ദ്രീകരിച്ച് സ്വാതന്ത്ര്യ പ്രക്ഷോഭം ശക്തമാക്കിയ കാലമായിരുന്നു അത്. ഇന്ത്യാ ഹൗസിൽ താമസിച്ചുകൊണ്ട് സവർക്കർ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് പോരാട്ട വീര്യം പകരുകയും സ്വാതന്ത്ര്യ സമര പോരാട്ടത്തിലേക്ക് അവരെ നയിക്കുകയും ചെയ്തു.

1908ൽ നിരവധി ഗവേഷണങ്ങളും പഠനങ്ങളും നടത്തിയ ശേഷം സവർക്കർ രചിച്ച ഭാരതത്തിന്റെ സ്വാതന്ത്ര്യപോരാട്ടങ്ങളുടെ ചരിത്രം എന്ന പുസ്തകത്തിലാണ് 1857ലെ വിപ്ലവത്തെ ഭാരതത്തിന്റെ ആദ്യ സ്വാതന്ത്ര്യ സമരമായി വിശേഷിപ്പിച്ചത്. എന്നാൽ ജനങ്ങളിലേക്ക് ഈ പുസ്തകം എത്തുന്നതിന് മുമ്പ് തന്നെ ബ്രിട്ടീഷുകാർ പുസ്തകം നിരോധിച്ചു. 1910ൽ സവർക്കറുടെ വിശ്വസ്ത സുഹൃത്ത് മദൻലാൽ ദിംഗ്ര ഒരു ഇംഗ്ലീഷ് ഓഫീസറെ കൊലപ്പെടുത്തിയതിനെ തുടർന്ന് പിടിയിലാവുകയും തൂക്കിക്കൊല്ലാൻ വിധിക്കപ്പെടുകയും ചെയ്തു. ഈ അനീതിക്കെതിരെ സവർക്കർ പരസ്യമായ പ്രതിഷേധത്തിനിറങ്ങി. ലണ്ടനിൽ സവർക്കർക്ക് പ്രശസ്തി വർദ്ധിക്കുന്നതും അദ്ദേഹത്തിന് അനുയായികൾ കൂടുന്നതും അപകടമാണെന്ന് തിരിച്ചറിഞ്ഞ ബ്രിട്ടൺ അദ്ദേഹത്തെ ഭാരതത്തിലേക്ക് മടക്കിയയച്ചു. എന്നാൽ ഭാരതത്തിലേക്കുള്ള യാത്രയ്ക്കിടെ കപ്പലിൽ നിന്നു കടലിൽ ചാടി രക്ഷപ്പെട്ട സവർക്കർ ഫ്രാൻസിലെത്തി രക്ഷപ്പെട്ടെങ്കിലും പിന്നീട് അറസ്റ്റിലായി.

ജീവപര്യന്തം ശിക്ഷ ലഭിച്ച സവർക്കർ ആൻഡമാനിലെ കാലാപാനി ജയിലിൽ അടയ്ക്കപ്പെട്ടു. 1911ൽ മറ്റൊരു കേസിൽ അദ്ദേഹത്തെ രണ്ടാമത്തെ ജീവപര്യന്തത്തിനും ശിക്ഷിച്ചു. പത്തുവർഷത്തെ കാലാപാനിയിലെ ശിക്ഷയ്ക്ക് ശേഷം 1921ൽ സവർക്കർ ജയിൽ മോചിതനായെങ്കിലും അദ്ദേഹത്തെ പൂനെയിലെ ജയിലിലേക്ക് മാറ്റി മൂന്നുവർഷം അവിടെയും തടവിലാക്കി. 'ഹിന്ദുത്വ: ആരാണ് ഹിന്ദു?' എന്ന പുസ്തകം അദ്ദേഹം ജയിലിൽ വെച്ചാണ് രചിച്ചത്. 1937ൽ സവർക്കർ രാജ്യത്തെ ഹിന്ദുത്വ മുഖമായി മാറി. തികഞ്ഞ ദേശീയവാദിയായ അദ്ദേഹം ഹിന്ദുമഹാസഭയുടെ അധ്യക്ഷനുമായി.

സവർക്കറെപ്പറ്റി പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാക്കുകൾ ഇപ്രകാരമായിരുന്നു, 'അദ്ദേഹത്തിന്റെ ധൈര്യം നാമെന്നും അനുസ്മരിക്കും. സ്വാതന്ത്ര്യസമര പോരാട്ടത്തിലേക്ക് യുവാക്കളെ ഇറക്കുന്നതിൽ അദ്ദേഹത്തിന്റെ കഴിവ് വലുതായിരുന്നു. സാമൂഹ്യ പരിഷ്ക്കരണങ്ങൾക്ക് വേണ്ടി സവർക്കർ പ്രവർത്തിച്ചു'. 1965ൽ പനിയെ തുടർന്ന് അദ്ദേഹം ഗുരുതരമായ രോഗാവസ്ഥയിലെത്തി. 1966 ഫെബ്രുവരി 1ന് മരണം വരെ അദ്ദേഹം ഉപവാസം ആരംഭിച്ചു. 1966 ഫെബ്രുവരി 26ന് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.■

RNI No. :
DELMAL/2020/78826
May: 16-31, 2021

# ന്യൂ ഇന്ത്യ സമാചാർ

ദ്വൈവാരിക

RNI Registered No. DELMAL/2020/78826, Delhi Postal License No DL (S)-1/3549/2020-22, WPP NO U (S)-97/2020-22, posting at BPC, Meghdoot Bhawan, New Delhi-110001 On 13-17 advance Fortnightly, (Publishing Date May 5, 2021, Pages-56)

## ബുദ്ധ പൂർണ്ണിമ- മെയ് 26, 2021



"

**सुप्प बुद्धं पबुज्झन्ति,**
**सदा गोतम सावका।**

രാപകലില്ലാതെ ജനസേവനത്തിൽ വ്യാപൃതരാവുന്നവരാണ് യഥാർത്ഥ ബൗദ്ധ അനുയായികൾ. ഈ വികാരം നമ്മുടെ ജീവിതത്തെ പ്രകാശഭരിതമാക്കുകയും മുന്നോട്ട് നയിക്കുകയും ചെയ്യുന്നു.

"

**ജീവിത പ്രതിസന്ധികളെ ഇല്ലാതാക്കുന്നതിനുള്ള ആശയങ്ങൾ ഭാരതത്തിന്റെ നാഗരികതയുടെയും സംസ്ക്കാരത്തിന്റെയും ഭാഗമായിരുന്നു. ഭഗവാൻ ബുദ്ധൻ ഭാരതത്തിന്റെ ഈ സാംസ്ക്കാരിക സവിശേഷിതയെ ഉയർത്തി. ഭഗവാൻ ബുദ്ധന്റെ ജീവിതശേഷവും അദ്ദേഹം നിരവധി ജീവിതങ്ങളെ പ്രകാശഭരിതമാക്കി. ഒരു വിഷയത്തിലോ ഒരു സാഹചര്യത്തിലോ കേന്ദ്രീകരിച്ചായിരുന്നില്ല അദ്ദേഹത്തിന്റെ സന്ദേശങ്ങൾ. സിദ്ധാർത്ഥന്റെ ജനനത്തിന് മുമ്പും ശേഷവും, സിദ്ധാർത്ഥൻ ഗൗതമനായ ശേഷവും, നൂറ്റാണ്ടുകളായി നിരവധി സാഹചര്യങ്ങളിലൂടെ കാലഘട്ടം നമ്മെ കൊണ്ടു പോകുന്നു.**

**– പ്രധാനമന്ത്രി നരേന്ദ്രമോദി**

**Editor:**
**Jaideep Bhatnagar**,
Principal Director General,
PIB, New Delhi

**Published & Printed by: Satyendra Prakash**, Principal Director General, BOC on behalf of Bureau of Outreach and Communication

**Published from Bureau of Outreach and Communication, 2nd Floor, Soochna Bhawan, New Delhi -110003**

**Printed at** Infinity Advertising services Pvt.Ltd. FBD-One Corporate Park, 10th floor, New Delhi-Faridabad border, NH-1,Faridabad-121003

Malayalam Issue 22